بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാള്യം 5

ലക്കം 37

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 സെപ്റ്റംബർ 10/ഹി.ശം. 1399 തബൂക് 10/1442 മുഹർറം 21

## അല്ലാഹുവിന്റെ വചനം

وَالَّذِیۡنَ اٰمَنُوۡا وَعَمِلُوا الصّٰلِحٰتِ سَنُدۡخِلُہُمۡ جَنّٰتٍ تَجۡرِیۡ مِنۡ تَحۡتِہَا الۡاَنۡہٰرُ خٰلِدِیۡنَ فِیۡہَاۤ اَبَدًا (النساء:58)

'വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവർ തീർച്ചയായും നാം അവരെ താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്. അവർ അതിൽ ശാശ്വതമായി വസിക്കുന്നവരായിരിക്കും.' (4:58)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)തിരുമേനിയുടെ സാരോപദേശം

☼ ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: (ഈ ഇമാം)നിങ്ങൾക്ക് നമസ്കരിപ്പിക്കുന്നു. നേരാം വണ്ണം നമസ്കരിപ്പിച്ചാൽ നിങ്ങൾക്കും അവർക്കും നേട്ടം ലഭിക്കും. തെറ്റായ രൂപത്തിലാണ് അവർ നമസ്കരിപ്പിച്ചതെങ്കിൽ നിങ്ങൾക്കു നേട്ടമുണ്ടാകും. അവർ ചെയ്ത തെറ്റിന്റെ ദോഷഫലം അവരെ ബാധിക്കും.(സ്വഹീഹ് ബുഖാരി, വാള്വം 2, കിതാബുൽ അദാൻ, ഹദീഥ് 692)

☼ ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ) നിവേദനം. മുആദ് ബിൻ ജബൽ(റ), നബി(സ)തിരുമേനിയുടെ കൂടെ നമസ്കരിച്ച് മടങ്ങിപ്പോയ ശേഷം തന്റെ ജനതയ്ക്ക് ഇമാമ് നിന്നു കൊടുക്കാറുണ്ടായിരുന്നു. (സ്വഹീഹ് ബുഖാരി, വാള്വം 2, കിതാബുൽ അദാൻ, ഹദീഥ് 698)

☼ അബൂഹുറയ്റ നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: നിങ്ങളിൽ വല്ലവനും ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കുകയാണെങ്കിൽ അവൻ ലഘൂകരിക്കണം; നിശ്ചയം നിങ്ങളിൽ ദുർബലരും രോഗികളും വൃദ്ധന്മാരും ഉണ്ടായിരിക്കും. നിങ്ങളിലാരെങ്കിലും ഒറ്റയ്ക്കു നമസ്കരിക്കുകയാണെങ്കിൽ അവൻ ഉദ്ദേശിക്കുന്നത്ര ദീർഘിപ്പിക്കട്ടെ.(സ്വഹീഹ് ബുഖാരി, വാള്വം 2, കിതാബുൽ അദാൻ, ഹദീഥ് 701)

### ഈ ലക്കത്തിൽ

ഖുത്വ്ബ ജുമുഅ 2020 ജൂലായ് 31 (സമ്പൂർണ തർജമ)

ഖുത്വ്ബ ജുമുഅ 2020 ആഗസ്റ്റ് 7 (സമ്പൂർണ തർജമ)

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

**നിങ്ങൾ എന്നെ അനുധാവനം ചെയ്യുന്നതായാൽ, ഉള്ളിലെ ബിംബങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന നിങ്ങളുടെ നെഞ്ചകത്തെ സംശുദ്ധരാക്കാൻ യോഗ്യരായിത്തീരുന്നതാണ്. മനുഷ്യന്റെ നെഞ്ചകം പ്രകാശങ്ങളുടെ പതനസ്ഥലമാണ്. അക്കാരണത്താൽ അത് ബയ്ത്തുല്ലാഹ് എന്ന് പറയപ്പെടുന്നു. അതിലുള്ള ബിംബം ഉടച്ചുകളയുക എന്നതാണ് വലിയ ജോലി .**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ചുരുക്കത്തിൽ ഈ കഅ്ബ മന്ദിരത്തെ (അതായത് നെഞ്ചകത്തെ) ബിംബങ്ങളിൽനിന്ന് ശുദ്ധീകരിക്കുന്നതിനുവേണ്ടി ഒരു പോരാട്ടത്തിന്റെ(ജിഹാദിന്റെ) ആവശ്യമുണ്ട്. നിങ്ങൾ ഇതനുസരിച്ച് പ്രവർത്തിക്കുകയും ഈ ബിംബങ്ങളെ തകർത്തിടുകയുമാണെങ്കിൽ ആ ജിഹാദിന്റെ വഴി ഞാൻ നിങ്ങളോട് പറയുകയും നിങ്ങൾക്ക് ഉറപ്പുതരികയും ചെയ്യുന്നു. ഇതു ഞാൻ സ്വയം മെനഞ്ഞെടുത്തല്ല. പ്രത്യുത ഞാൻ ആ വഴി പറയുന്നതിന് അല്ലാഹു എന്നെ നിയോഗിച്ചതാണ്. ആ വഴി എന്താണ്? എന്നെ അനുധാവനം ചെയ്യുക. എന്റെ പിന്നാലെ നടക്കുക. ഈ ശബ്ദം പുതിയ ശബ്ദമൊന്നുമല്ല. മക്കയെ ബിംബങ്ങളിൽനിന്ന് സംശുദ്ധമാക്കുന്നതിന് നബി(സ)തിരുമേനിയും പറഞ്ഞു, ഖുൽ ഇൻ കുൻതും തുഹിബ്ബൂനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുല്ലാഹ് (3:32) അതുപോലെ നിങ്ങൾ എന്നെ അനുധാവനം ചെയ്യുന്നതായാൽ, ഉള്ളിലെ ബിംബങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്ന നിങ്ങളുടെ നെഞ്ചകത്തെ സംശുദ്ധരാക്കാൻ യോഗ്യരായിത്തീരുന്നതാണ്. മനഃസംസ്കരണത്തിന് സന്യാസങ്ങളുടെ ആവശ്യമില്ല. നബി(സ) തിരുമേനിയുടെ സ്വഹാബത്ത് സന്യസിച്ചിരുന്നില്ല. അർറാജപവും നഫീജപവും ഇഥ്ബാത്ത് ജപവുമൊന്നും ചെയ്തതുമില്ല. പ്രത്യുത അവരുടെ കൈയിൽ മറ്റൊരു വസ്തുവാണുണ്ടായിരുന്നത്; അവർ നബി(സ)തിരുമേനിയുടെ അനുസരണത്തിൽ ലയിച്ചിരുന്നു. നബി(സ)തിരുമേനിയിലുണ്ടായിരുന്ന പ്രകാശം, ആ അനുസരണത്തിന്റെ തോട്ടിലൂടെ ഒഴുകി സ്വഹാബത്തിന്റെ ഖൽബിൽ വീഴുമായിരുന്നു. അത് അല്ലാഹുവിന് പുറമെയുള്ള എല്ലാ വിചാരങ്ങളേയും ധൂളീകരിച്ചുകൊണ്ടുപോയിരുന്നു. അന്ധകാരത്തിനു പകരം ആ നെഞ്ചകങ്ങളിൽ പ്രകാശം നിറഞ്ഞുകൊണ്ടിരുന്നു. ഇക്കാലത്തും, നല്ലവണ്ണം ഓർത്തുകൊള്ളുക അതേ അവസ്ഥയാണ്. അല്ലാഹുവിന്റെ തോട്ടിലൂടെ ഒഴുകിവരുന്ന ആ പ്രകാശം നിങ്ങളുടെ ഖൽബിൽ വീഴാത്തിടത്തോളം മനഃശുദ്ധീകരണം നടക്കുകയില്ല. മനുഷ്യന്റെ നെഞ്ചകം പ്രകാശങ്ങളുടെ പതനസ്ഥലമാണ്. അക്കാരണത്താൽ അത് ബയ്ത്തുല്ലാഹ് എന്ന് പറയപ്പെടുന്നു. വലിയ ജോലി ഇതാണ്, അതിലുള്ള ബിംബം ഉടച്ചുകളയുക; അല്ലാഹു മാത്രം അവശേഷിക്കുക. ഹദീഥിൽ വന്നിരിക്കുന്നു നബി(സ)തിരുമേനി പറഞ്ഞു. **അല്ലാഹു അല്ലാഹു ഫീ അസ്ഹാബീ.** എന്റെ സ്വഹാബത്തിന്റെ മനസ്സുകളിൽ അല്ലാഹു മാത്രമാണ്. മനസ്സിൽ അല്ലാഹു ഉണ്ടാകുക എന്നതിന്റെ അർഥം മനുഷ്യൻ അദ്വൈതവാദമനുസരിച്ച് പണിയെടുക്കുക എന്നതല്ല; എല്ലാ നായ്ക്കളേയും കഴുതകളേയും ദൈവമാക്കിയിരിക്കുക എന്നതുമല്ല. അങ്ങനെയല്ലേയല്ല. അതുകൊണ്ടുള്ള യഥാർഥ ഉദ്ദേശ്യം മനുഷ്യൻ ചെയ്യുന്ന ജോലികളുണ്ടല്ലോ അതിന്റെ യഥാർഥ ലക്ഷ്യം അല്ലാഹുവിന്റെതന്നെ തൃപ്തിയായിരിക്കണം; മറ്റൊന്നുമാകരുത്. അല്ലാഹുവിന്റെ കൃപാവരം ഉണ്ടാകാത്തിടത്തോളം ഈ പദവി കരസ്ഥമാകുകയില്ല. (മൽഫൂദാത്ത്, വാള്വം 1, പേജ് 173. ഖാദിയാൻ 2018)

★★★★

## ഏതെങ്കിലും ഹിന്ദുവോ സിക്കോ ക്രിസ്ത്യാനിയോ മുസ്‌ലിമീങ്ങളുടെ മസ്ജിദിൽ തന്റേതായ നിലയിൽ ദൈവാരാധന നടത്താനാഗ്രഹിച്ചാൽ ഒരു മുസ്‌ലിമിനും അതിനെ തടയാൻ അവകാശമില്ല.

**വമൻ അള്ലമ മിമ്മൻ മ്മനഅ മസാജിദല്ലാഹി അൻയ്യുദ്കറ ഫീഹസ്മുഹു** എന്ന ആയത്തിന്റെ നഫ്സീറിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു. അല്ലാഹു പറയുന്നു, മസ്ജിദുകളിൽ അല്ലാഹുവിന്റെ നാമം ഉച്ചരിക്കാൻ വിടാത്തവനും അവനെ ആരാധിക്കുന്നതിൽനിന്ന് ജനങ്ങളെ തടയുന്നവനും ഇപ്രകാരം അവയെ ജനശൂന്യമാക്കാൻ ശ്രമിക്കുന്നവനുമെല്ലാം അക്രമിയാണ്. ഇസ്‌ലാം സമർപ്പിച്ചിരിക്കുന്ന ഈ അധ്യാപനം എത്രമാത്രം ഉന്നതമാണ്. ഇത് മുമ്പിൽ വെക്കുക. ലോകത്തിലെ ഒരു മതത്തിനും ഇതിനു മുമ്പിൽ നിൽക്കാൻ സാധിക്കുകയില്ല. മുസ്‌ലിമീങ്ങളുടെ കർമം നോക്കണ്ട, പ്രത്യുത അതിന്റെ കല്പനയും അധ്യാപനവും നോക്കുക. അല്ലാഹു പറയുന്നു, ദൈവസ്മരണയിൽനിന്ന് ആരെയെങ്കിലും തടയാൻ ആർക്കും അവകാശമില്ല. ആരെങ്കിലും മസ്ജിദിൽപോയി ദൈവസ്മരണ ചെയ്യാൻ ആഗ്രഹിക്കുകയോ തന്റേതായ നിലയിൽ അല്ലാഹുവിനെ ആരാധിക്കാനാഗ്രഹിക്കുകയോ ചെയ്താൽ അതിൽനിന്ന് അയാളെ തടയുക ഒട്ടും അനുവദനീയമല്ല. ഏതെങ്കിലും ഹിന്ദുവോ സിക്കോ ക്രിസ്ത്യാനിയോ വരികയും മുസ്‌ലിമീങ്ങളുടെ മസ്ജിദിൽ തന്റേതായ നിലയിൽ ആരാധന നടത്താൻ ആഗ്രഹിക്കുകയും ചെയ്താൽ ഒരു മുസ്‌ലിമിനും അത് തടയാൻ അവകാശമില്ല. തങ്ങളുടെ ആരാധനയിൽപെട്ട ചെണ്ട കൊട്ടണമെന്നും തുള്ളണമെന്നും ആരെങ്കിലും പറഞ്ഞാൽ അത് മസ്ജിദിനു പുറത്ത് ചെയ്തുകൊള്ളാൻ നാം പറയും. ദൈവസ്മരണയുടെ ഭാഗം മസ്ജിദിൽ വന്നുചെയ്യുക....... ഈ കർമമനുസരിച്ച് പ്രവർത്തിച്ച ഏറ്റവും ആദ്യത്തെ മനുഷ്യൻ നമ്മുടെ നബി(സ)തിരുമേനിയാണ്. അദ്ദേഹം നജ്റാനിൽ നിന്നുവന്ന ക്രിസ്ത്യാനികൾക്കു തന്റെ മസ്ജിദിൽ ആരാധന നടത്താൻ അനുവാദം നല്കി. സാദുൽമുആദിൽ എഴുതിയിരിക്കുന്നു.

**ലമ്മാ ഖദിമ വഫ്ദു നജ്റാന അലാ റസൂലില്ലാഹി സ്വല്ലല്ലാഹു അലയ്ഹി വസല്ലമ ദഖലൂ അലയ്ഹി മസ്ജിദഹൂ ബഅ്ദൽ അസ്വ്രി ഫഹാനത്ത് സ്വലാത്തുഹും ഫഖാലൂ അയുസ്വല്ലൂന ഫീ മസ്ജിദിഹീ ഫഅറാദന്നാസു മൻഅഹും ഫഖാല റസൂലുല്ലാഹി സ്വല്ലല്ലാഹു അലയ്ഹി വസല്ലമ ദഊഹും ഫസ്തഖ്ബലുൽമശ്രിഖ ഫസ്വല്ലൂ സ്വലവാത്തിഹും** (സാദുൽമആദ്, വാള്വം 2, പേജ് 35)

അതായത് നബി(സ)തിരുമേനിയുടെ അടു

(ശേഷം പേജ് 11ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

‘ഈ പ്രസ്ഥാനം രൂപീകരിച്ചതിന്റെ യഥാർഥ ലക്ഷ്യം, ജനങ്ങൾ ഭൗതികതയുടെ മാലിന്യത്തിൽ നിന്ന് പുറത്തുവരികയും യഥാർഥ പരിശുദ്ധി ആർജിക്കുകയും മലക്കുകൾക്ക് സമാനമായ ജീവിതം നയിക്കുന്നവരാകുകയും ചെയ്യുക എന്നതു മാത്രമാകുന്നു.’

നബി(സ)തിരുമേനിയുടെ മരണത്തിൽ ലോകത്തുണ്ടായ ആദ്യത്തെ ഇജ്മാഅ്(അഭിപ്രായഐക്യം) ആയിരുന്നു ഇത്. ഇതിൽ ഹദ്റത്ത് മസീഹിന്റെ വഫാത്തിനെ പറ്റിയും പൂർണമായ നിലയിൽ തീരുമാനമായികഴിഞ്ഞിരുന്നു.

‘എന്റെ ആഗമനത്തിന് രണ്ട് ലക്ഷ്യങ്ങളുണ്ട്. മുസ്ലിമീങ്ങളെ സംബന്ധിച്ചിടത്തോളം, അവർ യഥാർഥ ഈശ്വരഭക്തിയിലും പരിശുദ്ധിയിലും നിലനിൽക്കണമെന്നതാണ്. മുസ്ലിം എന്ന അർഥത്തിൽ അല്ലാഹു ഇച്ഛിക്കുന്നവിധം സത്യസന്ധനായ മുസ്ലിമാകുക. രണ്ടാമത്തേത് ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം കുരിശിനെ ഉടയ്ക്കുക. അവരുടെ വ്യാജനിർമിത ദൈവം അപ്രത്യക്ഷമാകണം.’

അഹ്മദി ഖാത്തമുന്നബിയ്യീൻ എന്ന സ്ഥാനത്തിന്റെ ഗ്രാഹ്യം ഏറ്റവുമധികം ഉൾക്കൊള്ളുന്നവരാണെന്ന് ബുദ്ധിശൂന്യരായ ഇവർക്ക് അറിയുകയില്ല. ഈ ഗ്രാഹ്യം നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നൽകിയതാണ്.

ഞാൻ സത്യമായും പറയുന്നു, അല്ലാഹുവിനെ ആണയിട്ടുകൊണ്ട് പറയുന്നു, ഞാനും എന്റെ ജമാഅത്തും മുസ്ലിമീങ്ങളാകുന്നു. ഒരു സത്യസന്ധനായ മുസ്ലിം വിശ്വസിക്കേണ്ടതുപോലെ നബി (സ)തിരുമേനിയിലും വിശുദ്ധ ഖുർആനിലും വിശ്വസിക്കുന്നു. ഇസ്ലാമിൽനിന്ന് കടുകളവെങ്കിലും പുറത്ത് ചുവടു വെക്കുന്നത് നാശഹേതുവാണെന്ന് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു. ഒരു മനുഷ്യന് എത്രത്തോളം കൃപാവരങ്ങളും അനുഗ്രഹങ്ങളും കരസ്ഥമാക്കുവാൻ കഴിയുമോ, എത്രത്തോളം ദൈവസാമീപ്യം കരസ്ഥമാക്കാൻ കഴിയുമോ അത് നബി(സ)ത്രിമേനിയെ സത്യസന്ധമായി അനുസരിക്കുകയും പരിപൂർണമായി സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ കരസ്ഥമാകുകയുള്ളൂ എന്നതാണ് എന്റെ മതം. ഇല്ലെങ്കിൽ കരസ്ഥമാകുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാരോപദേശങ്ങളുടെ വെളിച്ചത്തിൽ അവിടത്തെ നിയോഗോദ്ദേശ്യങ്ങളുടെ വിവരണം.

**ഖുത്ബ ജുമുഅ 2020 ജൂലായ് 31/1399 വഫാ 31**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُولُهٗ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ -
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ - اِهْدِنَا الصِّرَاطَ الْمُسْتَقِيمَ -
صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ -

ഇന്ന് രാവിലെ നമ്മൾ പെരുന്നാൾ നമസ്കരിച്ചു. ഇന്ന് ജുമുആയുമാണ്. പെരുന്നാളും ജുമുആയും ഒരുമിച്ചു വരുമ്പോൾ നബി(സ) തിരുമേനി നിർദേശിച്ചത്, ജുമുആക്ക് പകരം ജനങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ ളുഹ്ർ നമസ്കരിച്ചുകൊള്ളട്ടെ എന്നാണ്. അതിന് അനുവാദമുണ്ട്. എന്നാൽ, അതിനോടൊപ്പം മറ്റൊരു സന്ദർഭത്തിൽ നബി(സ)തിരുമേനി ജുമുആയും നമസ്കരിക്കുകയുണ്ടായി.(സുനൻ ഇബ്നുമാജ, കിതാബ് ഇഖാമത്തിസ്സ്വലാത്ത് ഹദീഥ് 1310, 1311, 1312)

ആയതിനാൽ ഞാൻ അമീർ സാഹിബിനോട് ഇതിന്റെ വെളിച്ചത്തിൽ, ളുഹ്ർ നമസ്കരിക്കാൻ ആഗ്രഹിക്കുന്നവർ തീർച്ചയായും ളുഹ്ർ ജമാഅത്തായി നമസ്കരിക്കട്ടെ, ജുമുഅ നമസ്കരിക്കണ്ട എന്നാണ് പറഞ്ഞത്. മാത്രമല്ല ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ മസ്ജിദിൽ കൂടുതൽ ആളുകൾക്ക് ഒത്തുചേരാൻ കഴിയുകയുമില്ല. വീടുകളിലാണ് നമസ്കരിക്കുന്നത്. വീടുകളിൽ ഒഴിഞ്ഞിരിക്കുകയാണെങ്കിൽ നേരത്തെ ചെയ്തിരുന്നതുപോലെ നമസ്കരിക്കാവുന്നതാണ്. തിരക്കുകൾ ഉള്ളവരാണെങ്കിൽ അവർക്ക് ളുഹ്ർ നമസ്കരിക്കാവുന്നതാണ്. എന്നാൽ, ഞാൻ നബി(സ)തിരുമേനിയുടെ കർമങ്ങളെ പിന്തുടർന്നു ഇന്ന് ജുമുആയും നമസ്കരിക്കുകയാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലത്ത് ഇതേപോലെ ഒരിക്കൽ വലിയ പെരുന്നാളും ജുമുആയും ഒരുമിച്ചുവന്നിരുന്നു. അപ്പോൾ പല ആളുകളും തങ്ങളുടെ തെളിവുകൾ സമർപിക്കാൻ തുടങ്ങി; ളുഹ്റാണ് നമസ്കരിക്കേണ്ടത്. ജുമുഅ നമസ്കരിക്കേണ്ടതില്ല എന്നൊക്കെ. അദ്ദേഹം അതിന് പ്രതികരണമായി വളരെ നല്ല മറുപടിയാണ് നൽകിയത്. അതായത് ളുഹ്ർ നമസ്കാരത്തിന് കൂടുതൽ ശക്തമായി വാദിച്ചവരോട് പറഞ്ഞു, ‘നമ്മുടെ റബ്ബ് എത്രമാത്രം ഔദാര്യവാനാണ്. അവൻ നമുക്ക് രണ്ട് പെരുന്നാളുകൾ ഒരുമിച്ചു നൽകിയിരിക്കുകയാണ്. ആർക്കെങ്കിലും നെയ് പുരട്ടിയ ഈ രണ്ട് ചപ്പാത്തി കിട്ടിയാൽ, രണ്ട് റൊട്ടികൾ കിട്ടിയാൽ അയാൾ അത് എന്തിന് ഉപേക്ഷിക്കണം?’ എന്തെങ്കിലും നിർബന്ധിതാവസ്ഥ ഉണ്ടായാലൊഴികെ അയാൾ അത് രണ്ടും സ്വീകരിക്കുന്നതായിരിക്കും. അതുകൊണ്ട് നബി(സ)തിരുമേനി അനുമതി നൽകിയിരിക്കുകയാണ്. ആരെങ്കിലും നിർബന്ധിതാവസ്ഥയിൽ ളുഹ്ർ നമസ്കരിക്കുകയും, ജുമുഅ നമസ്കാരം ഒഴിവാക്കുകയുമാണെങ്കിൽ മറ്റുള്ളവർ അവരെ ആക്ഷേപിച്ചുകൊണ്ട് അവർ ഒഴികഴിവിൽനിന്ന് പ്രയോജനമെടുക്കുന്നില്ലെന്ന് പറയരുത്. ചുരുക്കത്തിൽ ഒഴികഴിവ് ഉണ്ട്. എന്നാൽ, നബി(സ)തിരുമേനിയുടെ കർമം നമുക്ക് കാണാൻ കഴിയുന്നത്, നാം ജുമുഅ നമസ്കരിക്കുന്നതാണെന്ന് അവിടന്ന് പറയുന്നതാണ്.’ (ഖുത്ബാത്തെ മഹ്മൂദ്, വാല്യം 2, പേജ് 208–210, ഖുത്ബ ഈദുൽ അള്ഹിയ 1938 ഫെബ്രുവരി 11)

എന്തായാലും ഞാൻ പറഞ്ഞതുപോലെ നമ്മൾ ഇന്ന് ജുമുആയും നമസ്കരിക്കുകയാണ്. പക്ഷേ, ഖുത്ബ ഹ്രസ്വമായി നല്കുന്നതായിരിക്കും. അതിനുവേണ്ടി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ എടുത്തിട്ടുണ്ട്. അതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ആഗമനോദ്ദോശ്യം വിവരിക്കുന്നു. തന്റെ ജമാഅത്ത്, നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ ആണെന്ന് അംഗീകരിക്കുകയും, നബി(സ)തിരുമേനി ജീവൽ നബി ആണെന്നതു സംബന്ധിച്ചും വളരെ മഹത്തായ, ജ്ഞാന നിർഭരമായ പാഠങ്ങൾ നൽകിയിരിക്കുന്നു; നബി(സ)തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തെ വിവരിച്ചിരിക്കുന്നു. നമ്മുടെ എതിരാളികൾ, നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിച്ചുകൊണ്ട് (നഊദുബില്ലാഹ്) നബി(സ) തിരുമേനിയുടെ സ്ഥാനമഹാത്മ്യത്തെ ഇകഴ്ത്തുന്നുവെന്നാണ് ആക്ഷേപിക്കുന്നത്. പാക്കിസ്താനിൽ നമ്മുടെ എതിരാളികൾ അസംബ്ലികളിൽ, തങ്ങൾ നബി(സ)തിരുമേനിയുടെ നാമത്തോടൊപ്പം ഖാത്തമുന്നബിയ്യീൻ എന്നെഴുതുന്നത് നിർബന്ധമാക്കികൊണ്ട് വളരെ നല്ലരീതിയിൽ നബി(സ)തിരുമേനിയോടുള്ള സ്നേഹവും അവിടത്തെ മഹത്ത്വവും പ്രകടിപ്പിച്ച് പ്രമേയങ്ങൾ പാസാക്കി വലിയകാര്യമാണ് ചെയ്തിരിക്കുന്നതെന്ന് പറഞ്ഞ് അഭിമാനം കൊള്ളുന്നു. ഇനി അവരുടെ ഹൃദയവും യഥാർഥത്തിൽ അവരുടെ ഈ വാക്കുകൾക്ക് സാക്ഷ്യംവഹിച്ച്, അവരെ നബി(സ)തിരുമേനിയുടെ പരിശുദ്ധ മാതൃകകളെ പ്രാവർത്തികമാക്കുന്നവരാക്കുകയാണെങ്കിൽ, തീർച്ചയായും ഇത് വളരെ നല്ല കാര്യമാണ്. എന്നാൽ, അവരുടെ കർമങ്ങൾ നബി(സ)നൽകിയ അധ്യാപനത്തിൽനിന്ന് അവരെ മൈലുകളോളം ദൂരത്താക്കിയിരിക്കുകയാണ്. നബി(സ)തിരുമേനിയുടെ കാലത്തേക്ക് തിരിച്ചുപോയി, അവിടന്ന്(സ) നല്കിയ അധ്യാപനങ്ങളേയും മാതൃകകളേയും സ്വായത്തമാക്കി, അതനുസരിച്ച് പ്രവർത്തിച്ചാൽ മുസ്ലിമീങ്ങൾ, മുസ്ലിമീങ്ങളുടെ കഴുത്തറുക്കുന്നവരാകുമായിരുന്നില്ല. കാലത്തിന്റെ ഇമാമിന്, നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന് ബയ്അത്ത് ചെയ്യാൻ ഇവർ ഓടി എത്തുമായിരുന്നു.

(ശേഷം പേജ് 10ൽ)

# ഖുത്ബ ജുമുഅ

**2019-2020 വർഷത്തിന്നിടയിൽ അഹ്മദിയ്യാ ജമാഅത്തിനുമേൽ ഇറങ്ങിയ ദൈവാനുഗ്രഹങ്ങളുടെ ഹ്രസ്വമായ വിവരണം.**

ദൈവകൃപയാൽ ജമാഅത്തിന്റെ അഭിവൃദ്ധിയുടെ ചുവട് മുന്നോട്ടുതന്നെ ഉയർന്നു.

അദ്ദേഹത്തിന്റേത് വാദം മാത്രമല്ല. പ്രത്യുത അല്ലാഹുവിന്റെ പിന്തുണകളും സഹായങ്ങളും അദ്ദേഹത്തിന്റേയും അദ്ദേഹത്തിന്റെ ജമാഅത്തിന്റേയുമൊപ്പമുണ്ട്. ലോകത്തിലെ ഒരു ശക്തിക്കും ഈ അഭിവൃദ്ധി തടയാൻ സാധിക്കുകയില്ല.

*പാക്കിസ്താനുപുറമെ ലോകം മുഴുവൻ 288 ജമാഅത്തുകൾ സ്ഥാപിതമായി. * 1040 സ്ഥലങ്ങളിൽ ആദ്യമായി അഹ്മദിയ്യത്തിന്റെ പ്രവേശനം *217 പുതിയ മസ്ജിദുകളുടെ നിർമാണം. 93 നിർമിത മസ്ജിദുകൾ ജമാഅത്തിന് ലഭിച്ചു. *97 മിഷൻഹൗസുകൾ - തബ്ലീഗ് സെന്ററുകളുടെ വർധന *114 രാജ്യങ്ങളിൽ 11141 വഖാറെ അമൽ(ശ്രമദാനം) നടത്തപ്പെട്ടു. ഇതുമുഖേന 5212000 ഡോളർ ലാഭമുണ്ടായി * കേന്ദ്രപ്രതിനിധികളുടെ പര്യടനങ്ങൾ * റഖീം പ്രസ്സിനുകീഴിൽ എട്ടു രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന അച്ചടിശാലകളുടെ പ്രവർത്തനം *ലക്ഷക്കണക്കിനു ഗ്രന്ഥങ്ങളുടേയും ലഘുലേഖകളുടേയും നോട്ടീസുകളുടേയും പ്രസിദ്ധീകരണം* ഖായിദ യസ്സർനൽഖുർആനിന്റെ എഴുത്തുരീതിയിൽ തയ്യാറാക്കപ്പെട്ട മനോഹരമായ വിശുദ്ധ ഖുർആനിന്റെ പ്രസിദ്ധീകരണം *42 ഭാഷകളിൽ 407 വിവിധ ഗ്രന്ഥങ്ങൾ, ലഘുലേഖകൾ തുടങ്ങിയവ 42,56,659 എണ്ണം പ്രസിദ്ധീകരിച്ചു *29 ഭാഷകളിൽ 94 തഅ്ലീം തർബിയ്യത്ത് പത്രങ്ങളുടേയും മാസികകളുടേയും വിജയകരമായ പ്രസിദ്ധീകരണം*24 ഭാഷകളിലുള്ള രണ്ടുലക്ഷത്തിന്നടുത്ത് ഗ്രന്ഥങ്ങൾ ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ അയച്ചു * വിവിധ രാജ്യങ്ങളിൽ 709 വിവിധ ശീർഷകങ്ങളടങ്ങിയ ഗ്രന്ഥങ്ങൾ, ഫോൾഡറുകൾ,ലഘുലേഖകൾ തുടങ്ങിയവയുടെ 63,87000 കോപ്പികൾ സൗജന്യ വിതരണം ചെയ്തു* വിശുദ്ധ ഖുർആനിന്റെ ഇറ്റാലിയൻ ഭാഷയിലെ തർജമയുടെ പുനഃപരിശോധന പൂർത്തിയായി *സ്വഹീഹ് ബുഖാരിയുടെ പതിനൊന്ന് വാള്യങ്ങളടങ്ങിയ തർജമയുടേയും ശറഹിന്റേയും പ്രസിദ്ധീകരണം* ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിവിധ ഗ്രന്ഥങ്ങളുടെ ഇംഗ്ലീഷ് തർജമ *36 രാജ്യങ്ങളിൽനിന്നും 8 ഡസ്കുകളിൽനിന്നും 33 ഭാഷകളിൽ 154 ഗ്രന്ഥങ്ങളുടേയും ഫോൾഡറുകളുടേയും പ്രസിദ്ധീകരണ തയ്യാറെടുപ്പ്.

മസ്ജിദുകളുടെ നിർമാണത്തിനും ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രവൃത്തികൾക്കുംവേണ്ടി വിവിധ ജനതകളുമായി ബന്ധം വെക്കുന്ന ആത്മാർഥരായവരുടെ ഭാഗത്തുനിന്നുായിട്ടുള്ള അതുല്യതയുടേയും ആത്മാർഥതയുടേയും ത്യാഗങ്ങളുടേയും പ്രകടനം.

**ഖുത്ബ ജുമുഅ 2020 ആഗസ്റ്റ് 7/1399 ള്വുഹൂർ 07**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -
يُرِيْدُوْنَ لِيُطْفِـُٔوْا نُوْرَ اللّٰهِ بِاَفْوَاهِهِمْ وَاللّٰهُ مُتِمُّ نُوْرِهٖ وَلَوْ كَرِهَ الْكٰفِرُوْنَ ○ هُوَ الَّذِيْٓ
اَرْسَلَ رَسُوْلَهٗ بِالْهُدٰى وَدِيْنِ الْحَقِّ لِيُظْهِرَهٗ عَلَى الدِّيْنِ كُلِّهٖ ۙ وَلَوْ كَرِهَ الْمُشْرِكُوْنَ ○

ഈ ആയത്തുകളുടെ തർജമ ഇപ്രകാരമാണ്: 'തങ്ങളുടെ വായകൊണ്ട് അല്ലാഹുവിന്റെ പ്രകാശത്തെ ഊതിക്കെടുത്തിക്കളയുന്നതിന് അവരുദ്ദേശിക്കുന്നു. എന്നാൽ, സത്യനിഷേധികൾ വെറുത്താലും അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നവൻ തന്നെയാണ്. തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ എല്ലാ മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിനുവേണ്ടി. ബഹുദൈവവിശ്വാസികൾ വെറുത്താലും ശരി.' (സൂറ അസ്സഫ്ഫ് 9,10)

ഇന്ന് ആഗസ്റ്റ് 7 ആണ്. യു.കെ അഹ്മദിയ്യാ ജമാഅത്തിന്റെ കലണ്ടർ അനുസരിച്ച് യു.കെ ജൽസാ സാലാനയുടെ ആദ്യത്തെ ദിവസമാണ്. പക്ഷേ, ഇപ്പോൾ ലോകം മുഴുവൻ പരന്നിട്ടുള്ള പകർച്ചവ്യാധി കാരണം ഈ വർഷം ജൽസാ സാലാന സംഘടിപ്പിക്കാൻ കഴിഞ്ഞില്ല. അല്ലാഹു എത്രയും വേഗം അവസ്ഥകൾ സാധാരണ ഗതിയിലാക്കുമാറാകട്ടെ. പതിവുപോലെ നമ്മുടെ രീതി അനുസരിച്ച് നമുക്ക് ജൽസ നടത്തുവാൻ കഴിയുമാറാകട്ടെ. പരസ്പരം കൂടിക്കാഴ്ച്ച നടത്തി സ്നേഹവും സാഹോദര്യവും വർധിപ്പിക്കാൻ കഴിയുമാറാകട്ടെ. ജൽസ സാലാനയുടെ പ്രോഗ്രാമുകൾ കേട്ട് നേരത്തേതുപോലെ വൈജ്ഞാനികവും ആത്മീയവുമായ അവസ്ഥകൾ നന്നാക്കിത്തീർക്കാൻ സാധിക്കുമാറാകട്ടെ. ഏതായിരുന്നാലും എം.ടി.എ ഒരു പരിധിവരെ ഈ കുറവ് നികത്താൻ പരിശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം വിവിധ രാഷ്ട്രങ്ങളുടെ ജൽസാസാലാന വേളയിൽ ഞാൻ നിർവഹിച്ച എന്റെ പ്രഭാഷണങ്ങൾ കേൾപ്പിക്കാനും കുറച്ച് തൽസമയ പരിപാടികൾ കാണിക്കുന്നതിനും പ്രോഗ്രാം ചെയ്തിട്ടുണ്ട്. ഇൻശാഅല്ലാഹ്. അഹ്മദീ സഹോദരങ്ങളുടെ ആത്മീയവും ഭൗതികവുമായ ദാഹം ശമിപ്പിക്കുന്നതിന് അത് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിനാൽ വീടുകളിലിരുന്ന് ഈ മൂന്ന് ദിവസത്തെ പ്രോഗ്രാമുകൾ പ്രത്യേകമായും കാണേണ്ടതാണ്. അതിനോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടപ്പുവർഷം അല്ലാഹു ജമാഅത്തിന്റെ മേൽവർഷിച്ച അനുഗ്രഹങ്ങൾ, കഴിഞ്ഞ വർഷത്തെ റിപ്പോർട്ടിനുപകരം എം.ടി.എ യിൽ കേൾപ്പിക്കാമെന്ന മറ്റൊരു വിചാരവും എനിക്കുണ്ടായി. അത് ജമാഅത്ത് അംഗങ്ങളുടെ വിശ്വാസവർധനയ്ക്ക് നിമിത്തമാകുന്നതായിരിക്കും. കഴിഞ്ഞ ആറേഴുമാസത്തെ അവസ്ഥകൾ കാരണം, പുറത്തിറങ്ങി കൂടുതൽ നല്ലരീതിയിൽ ചെയ്യാൻ കഴിയുന്ന പലകാര്യങ്ങളും നടന്നിട്ടില്ല. എങ്കിൽപോലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ ചുവടുകൾ മുന്നോട്ട് തന്നെയാണ് ഉയർന്നത്. തർബിയ്യത്തിലും ജമാഅത്തുമായുള്ള ബന്ധത്തിലും കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിലൂടെ തങ്ങൾക്കും കുട്ടികൾക്കും ജമാഅത്തുമായുള്ള ബന്ധത്തിൽ അഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നും അധികപേരും എഴുതിയിരിക്കുന്നു. റിപ്പോർട്ട് അവതരണവുമായി ബന്ധപ്പെട്ട കാര്യമാണ് ഞാൻ പറഞ്ഞു വന്നത്. ജൽസയുടെ രണ്ടാം ദിവസമാണ് കഴിഞ്ഞ വർഷങ്ങളിൽ റിപ്പോർട്ട് അവതരിപ്പിച്ചിരുന്നത്. അതിൽ അധികഭാഗവും സമയക്കുറവു കാരണം ബാക്കിയാകുമായിരുന്നു. പൂർണമായ റിപ്പോർട്ട് സമർപിക്കാൻ കഴിഞ്ഞിരുന്നില്ല. ഇപ്രാവശ്യം കുറച്ചു സമയം കിട്ടിയിരിക്കുന്നു. അതുകൊണ്ട് ജുമുഅ ഖുത്ബയിൽ ഈ റിപ്പോർട്ടിൽ നിന്ന് കുറച്ചുഭാഗം സമർപിക്കുന്നതായിരിക്കും. പിന്നീട് കുറച്ചുഭാഗം ഞായറാഴ്ച ജൽസ ഹാളിൽ നേരിട്ട് സംഘടിപ്പിക്കുന്ന പ്രോഗ്രാമിലും കേൾപ്പിക്കുന്നതായിരിക്കും. അതായത് ഇന്നത്തെ ഖുത്ബയിലും മറ്റന്നാൾ നമ്മുടെ പ്രോഗ്രാമിലെ പ്രഭാഷണത്തിലും പൂർണമായ റിപ്പോർട്ട് സമർപിക്കാൻ കഴിയില്ലെങ്കിൽ കൂടിയും ഇൻശാഅല്ലാഹ് വിശ്വാസ വർദ്ധനയ്ക്ക് ഉതകുന്ന ചില സംഭവങ്ങൾ സമർപിക്കുന്നതായിരിക്കും.

ഈ റിപ്പോർട്ടിലെ പ്രധാന സംഭവങ്ങൾ അവതരിപ്പിക്കുന്നതിന് മുമ്പേ, ഞാൻ തുടക്കത്തിൽ ഓതിയ ആയത്തുകൾക്ക് ഒരു പരിധിവരെ വിശദീകരണമാകുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രണ്ടു നിർദേശങ്ങൾ കേൾപ്പിക്കുന്നതാണ്. അതിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വ്യക്തവും പരസ്യമായ വിളംബരവും മുന്നിൽ വരുന്നതായിരിക്കും. അതായത് ഇസ്‌ലാമിക പ്രചാരണത്തിനുവേണ്ടി ഇസ്‌ലാമിക പുനരുദ്ധാരണ കാലഘട്ടത്തിൽ-പുനരുദ്ധാരണത്തിന്റെ കാലഘട്ടം അദ്ദേഹവുമായി ബന്ധപ്പെട്ടിരിക്കുന്നു, എല്ലാത്തരം എതിർപുകളുണ്ടായിട്ടും അദ്ദേഹത്തിന്റെ ഈ പ്രസ്ഥാനം ഇൻശാഅല്ലാഹ് കായ്ക്കുകയും പുഷ്പിക്കുകയും വ്യാപിക്കുകയും ചെയ്യുന്നതായിരിക്കും. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാകുന്നു. ഞാൻ കേൾപ്പിക്കുന്ന റിപ്പോർട്ടും സംഭവങ്ങളും അദ്ദേഹത്തിന്റെ വാദങ്ങൾ, വാദങ്ങൾ മാത്രമല്ലായിരുന്നുവെന്നും മറിച്ച് അല്ലാഹുവിന്റെ സഹായവും പിന്തുണയും അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജമാഅത്തിനുമൊപ്പമുണ്ടായിരുന്നുവെന്നും ലോകത്തുള്ള ആർക്കും ഈ അഭിവൃദ്ധിയെ തടുക്കാൻ കഴിയുകയില്ലെന്നും സ്വയം പ്രഖ്യാപിക്കുന്നതായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

'എനിക്ക് വിശുദ്ധ ഖുർആനിലെ ഈ ആയത്ത് ഇൽഹാം ഉണ്ടായിട്ട് ഏകദേശം 20 വർഷം കഴിഞ്ഞു. അതിതാണ്: *ഹുവല്ലദീ അർസല റസൂലഹൂ ബിൽഹുദാ വ ദീനൽഹഖ്ഖി ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ* അതായത് തന്റെ പ്രവാചകനെ സന്മാർഗവും സത്യദീനുംകൊണ്ട് അയച്ചവൻ അവനത്രെ; സകല പ്രത്യയ ശാസ്ത്രങ്ങൾക്കുമേൽ അതിനെ വിജയിപ്പിക്കുന്നതിന് വേണ്ടി!'വീണ്ടും പറഞ്ഞു: 'എനിക്ക് ഈ ഇൽഹാമിന്റെ വിവക്ഷിതം ഇപ്രകാരമാണെന്ന് മനസിലാക്കിത്തന്നിരിക്കുന്നു;

ഞാൻ അല്ലാഹുവിനാൽ നിയോഗിക്കപ്പെട്ടത് എന്റെ കരങ്ങളാൽ അല്ലാഹു ഇസ്‌ലാമിനെ സകലമതങ്ങൾക്കുംമേൽ വിജയം നൽകുന്നതിനാകുന്നു. ഇവിടെ ഒരു കാര്യം ഓർക്കുക, വിശുദ്ധ ഖുർആനിൽ വന്നിട്ടുള്ള ഈ മഹത്തായ പ്രവചനത്തെ സംബന്ധിച്ച് പണ്ഡിതന്മാരും ഗവേഷകരും ഏകകണ്ഠമായി പറയുന്നത്, ഇത് വാഗ്ദത്ത മസീഹിന്റെ കാലത്താണ് പൂർത്തിയാകുക എന്നാണ്. ആയതിനാൽ എനിക്ക് മുമ്പേ, വന്നിട്ടുള്ള വലിയ്യുമാരും പരിശുദ്ധാത്മാക്കളും ആരുംതന്നെ തങ്ങളെ ഈ പ്രവചനത്തിന്റെ സാക്ഷാൽക്കാരമായി പറഞ്ഞിട്ടില്ല. പ്രസ്തുത ആയത്ത് തങ്ങൾക്കുവേണ്ടി ഇൽഹാമായി അവതരിച്ചുവെന്നും പറഞ്ഞിട്ടില്ല. എന്നാൽ, എന്റെ കാലഘട്ടം വന്നപ്പോൾ എനിക്ക് അത് ഇൽഹാമുണ്ടായിരിക്കുന്നു. മാത്രമല്ല, ഈ ആയത്തിന്റെ സാക്ഷാത്ക്കാരം 'നീ'യാകുന്നു എന്നും നിന്റെ കൈയാൽ, നിന്റെ കാലത്ത് ഇസ്‌ലാം ദീനിന്റെ ശ്രേഷ്ഠത മറ്റുമതങ്ങൾക്കുമേൽ സ്ഥാപിതമാകുമെന്നും എന്നോട് പറയപ്പെട്ടിരിക്കുന്നു.'(തിർയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ വാല്യം 15, പേജ് 231-232, അടിക്കുറിപ്പോടുകൂടി)

അദ്ദേഹം വീണ്ടും പറയുന്നു: 'ഇസ്‌ലാം മാത്രമാണ് ജീവൽമതം. അതിന്റെ വസന്തം എപ്പോഴും ഉണ്ടായിരിക്കും. അതായത് എപ്പോഴും അതിൽ വസന്തകാലം വരുന്നതാണ്. അപ്പോൾ അതിന്റെ വൃക്ഷങ്ങൾ പച്ചളിപ്പുള്ളതും അതിന്റെ ഫലങ്ങൾ മാധുര്യമുള്ളതും സ്വാദിഷ്ഠവുമായിരിക്കും. ഇതല്ലാതെ മറ്റൊരു മതത്തിനും ഈ സവിശേഷതയില്ല. ഇതിൽനിന്ന് ഈ പ്രത്യേകത എടുത്ത് മാറ്റിയാൽ ഇതും മൃതമായിത്തീരുന്നതാണ്. എന്നാൽ, അങ്ങനെയല്ല. അത് ജീവൽ മതമാകുന്നു. അല്ലാഹു എല്ലാകാലത്തും അതിന്റെ ജീവനുള്ള തെളിവുകൾ നൽകിയിരിക്കുന്നു. അങ്ങനെ ഈ കാലഘട്ടത്തിലും അവൻ തന്റെ അനുഗ്രഹത്താൽ ഈ ജമാഅത്ത് സ്ഥാപിച്ചത്, അത് ഇസ്‌ലാമിന്റെ ജീവൽമതമാണെന്ന കാര്യത്തിന് സാക്ഷ്യമാകുന്നതിനും ദൈവജ്ഞാനം വർധിക്കുന്നതിനും തിന്മയും അശുദ്ധിയും ഭസ്മീകരിക്കപ്പെടുന്ന തരത്തിൽ അവനിൽ വിശ്വാസം ഉണ്ടാകാനും നന്മയും പരിശുദ്ധിയും പരത്തുന്നതിനും വേണ്ടിയാകുന്നു.'(മൽഫൂദാത്ത് വാല്യം 9 പേജ് 154-155, 1984 ലണ്ടൻ പതിപ്പ്)

ഈ ഉദ്ധരണികൾക്കുശേഷം ഇനി ഞാൻ കുറച്ച് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പാക്കിസ്താനു പുറമേ, ലോകത്ത് മൊത്തം 288 പുതിയ ജമാഅത്തുകൾ സ്ഥാപിതമായിക്കുന്നു. ഈ പുതിയ ജമാഅത്തുകൾ കൂടാതെ ആയിരം പുതിയ സ്ഥലങ്ങളിൽ, മറിച്ച് 1040 പുതിയ സ്ഥലങ്ങളിൽ ഇതാദ്യമായി അഹ്മദിയ്യത്ത് പ്രവേശിച്ചിരിക്കുന്നു. പുതിയ സ്ഥലങ്ങളിൽ പ്രവേശിച്ചതിലും പുതിയ ജമാഅത്തുകൾ സ്ഥാപിച്ചതിലും ഏറ്റവും മുന്നിലുള്ളത് സിയറാ ലിയോൺ ആകുന്നു. ഇവിടെ 40 പുതിയ ജമാഅത്തുകൾ സ്ഥാപിതമായി. കോംഗോകൻസാഷായിൽ 31 ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. മൂന്നാം സ്ഥാനത്ത് ഘാനയാണ്. ഇവിടെ 23 സ്ഥലങ്ങളിൽ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. ഇതുകൂടാതെ മറ്റു നിരവധി രാജ്യങ്ങളിൽ പന്ത്രണ്ട്, ഒൻപത്, എട്ട്, മൂന്ന്, രണ്ട് വീതം ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. ഇതിൽ ഗാംബിയ, ലൈബീരിയ, ബെനിൻ, ഐവറി കോസ്റ്റ്, നൈജർ, സെനഗൽ(Senegal), ഗിനി-ബിസോ(Guinea-Bissau),ടാൻസാനിയാ(Tanzania),ഗിനികൊണാക്രി(Guinea Conakry), നൈജീരിയ, ടോഗോ(Togo), സാഒ ടോമെ(Sao Tome), കാമറൂൺ, തുർക്കി, കോംഗോ(Congo) ബ്രാസവിൽ, യുഗാണ്ട(Uganda) തുടങ്ങിയ നിരവധി രാഷ്ട്രങ്ങൾ ഉണ്ട്.

കോംഗോ കിൻഷാസ(Congo Kinshasa)ലെ നമ്മുടെ ലോക്കൽ മുഅല്ലിം ഹമീദ് അഹ്മദ് സാഹിബ് പറയുന്നു, ലോബിചാഗു(Lobi Tshaku) എന്ന ഗ്രാമത്തിലെ സുന്നി ഇമാം ഉഥ്മാൻ സാഹിബ് എഫ്. എം റേഡിയോയിൽ നമ്മുടെ തബ്‌ലീഗീ പ്രോഗ്രാം കേട്ടപ്പോൾ നമ്മുടെ മസ്ജിദിലെത്തി. വിവിധതരം ചോദ്യങ്ങൾ ഉന്നയിച്ചു. അതിൽ അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകുകയുണ്ടായി. കൂടാതെ അദ്ദേഹത്തിന് സ്വാഹിലി ഭാഷയിലുള്ള ഖുർആൻ പരിഭാഷയും മറ്റു ജമാഅത്തീ സാഹിത്യങ്ങളും നൽകി. ഈ പുസ്തകങ്ങൾ വായിച്ചതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ബയ്അത്ത് ചെയ്യുകയും തന്റെ ഗ്രാമത്തിൽ പോയി തബ്‌ലീഗ് ചെയ്യുമെന്ന് വാഗ്ദാനം നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ തബ്‌ലീഗ് മുഖേന ഈ ഗ്രാമത്തിൽ 20 പേരടങ്ങുന്ന ആത്മാർഥതയുള്ള ഒരു പുതിയ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു.

ഗാംബിയ അമീർ സാഹിബ് എഴുതുന്നു: 'റമളാൻ മാസം അവിടെ ഒരു പ്രവിശ്യയിൽ മുഅല്ലിം സാഹിബും സദ്ർ ജമാഅത്തും ഒരു തബ്‌ലീഗീ പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. അതിനുവേണ്ടി ഒരു ഗ്രാമത്തിൽ എത്തിയപ്പോൾ, തബ്‌ലീഗ് പ്രോഗ്രാമിനുശേഷം അവിടെയുള്ള ഒരു പ്രായമുള്ള ആൾ പറഞ്ഞു, 'നിങ്ങൾ വന്നതിൽ ഞാൻ വളരെ സന്തോഷവാനാണ്. കാരണം നിങ്ങൾ നടത്തുന്ന ഈ തബ്‌ലീഗു പരിപാടി, നബി(സ)തിരുമേനിയുടെ സുന്നത്ത് പ്രകാരമുള്ളതാണ്. നിങ്ങൾ ആ സുന്നത്ത് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇതിനുവേണ്ടിയാണ് നബി(സ)തിരുമേനിയും മദീനയിലേക്ക് ഹിജ്റത്ത് ചെയ്തത്.' ആഫ്രിക്കക്കാർക്ക് ഉദാഹരണങ്ങൾ പറയാനും മറ്റും അവരുടേതായ ശൈലിയുണ്ട്. അതായത് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നത് ഇസ്‌ലാം പരത്തുന്നതിനാണ്. 'അതുപോലെ നിങ്ങളും പുറത്തേക്കുവന്ന് എല്ലാ സ്ഥലത്തും ഇസ്‌ലാമിന്റെ തബ്‌ലീഗ് ചെയ്യുന്നു. ഇതാണ് സുന്നത്ത്. ഇത് തന്നെയാണ് ഇസ്‌ലാമിക തബ്‌ലീഗ് ചെയ്യുന്നതിനുള്ള ശരിയായ മാർഗം. ഞങ്ങൾ എല്ലാവരും വിശ്വസിക്കാൻ തയ്യാറാണ്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ നബി(സ)തിരുമേനി പ്രവചിച്ച അതേ ഇമാം മഹ്ദിയാണെന്നും വിശ്വസിച്ചുകൊള്ളുന്നു.' ഇവിടെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ രണ്ട് കുടുംബങ്ങളിൽ നിന്നുള്ള 19 ആളുകൾ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിക്കുകയുണ്ടായി.

ലൈബീരിയ(Liberia) അമീർ സാഹിബ് എഴുതുന്നു: നമ്മുടെ മുബല്ലിഗ്, ജുമുഅ ഖുത്ബയിൽ തഹ്‌രീക് ജദീദ് സംബന്ധമായി ധനത്യാഗത്തിന്റെ പ്രാധാന്യം വിവരിക്കുകയുണ്ടായി. അവിടെ ഏതാനും അനഹ്മദികളും നമസ്ക്കരിക്കാൻ വരാറുണ്ട്. അഹ്മദികൾ തങ്ങളുടെ പേരുകൾ എഴുതിക്കുകയായിരുന്നു. അപ്പോൾ ഒരാൾ വന്ന് 50 ലൈബീരിയൻ ഡോളർ തന്ന് സ്വന്തം പേര് പറയാതെ പോകുകയുണ്ടായി. അന്വേഷിച്ചപ്പോൾ അദ്ദേഹം അടുത്തുള്ള ഗ്രാമത്തിലെ വ്യക്തിയാണെന്ന് മനസ്സിലായി. അദ്ദേഹം ഖുത്ബയും ത്യാഗസംബന്ധമായ സംഭവങ്ങളും അതിന്റെ പ്രാധാന്യവും കേൾക്കുകയും ചെയ്തപ്പോൾ അതിൽ ആകൃഷ്ടനായി അങ്ങനെ ചന്ദ നൽകിയതാണ്. നമ്മുടെ മുഅല്ലിം സാഹിബ് വിവരം അറിഞ്ഞപ്പോൾ അവിടെ എത്തി. അദ്ദേഹത്തെ കണ്ടു. ഇതിന്നിടയിൽ ഗ്രാമത്തിലെ മറ്റു ആളുകളും ഒരുമിച്ചുകൂടി. കാര്യങ്ങൾ കേട്ടപ്പോൾ അവരും അതിൽ ആകർഷിതരായി. അവിടെയുള്ള ഇമാമിനേയും അത് കാര്യമായി സ്വാധീനിച്ചു. അദ്ദേഹം പറഞ്ഞു, 'നിങ്ങൾ കുറച്ച് ദിവസങ്ങൾക്കുശേഷം വീണ്ടും വരിക. ഞാൻ രണ്ടുമൂന്ന് ഗ്രാമങ്ങളിലുള്ളവരെ ഒരുമിച്ചുകൂട്ടാം. അവിടെ നിങ്ങൾ തബ്‌ലീഗ് ചെയ്യണം.' അങ്ങനെ നിശ്ചിത ദിവസം നമ്മുടെ തബ്‌ലീഗ് സംഘം അവിടെ എത്തി. അവിടെ മൂന്ന് ഗ്രാമങ്ങളിലെ ആളുകൾ ഒത്തുകൂടിയിരുന്നു. അവർക്ക് ജമാഅത്തിന്റെ വിശ്വാസങ്ങൾ പറഞ്ഞു കൊടുത്തു. ജമാഅത്തിന്റെ സ്ഥാപനോദ്ദേശ്യവും അതിന്റെ വിശദീകരണവും നൽകി. തുടർന്ന് ചോദ്യങ്ങളുടെ ഒരു നീണ്ട ശൃംഖല ആരംഭിച്ചു. അത് മുഴുവൻ ദിവസവും നീണ്ടുനിന്നു. അങ്ങനെ എല്ലാ നിലയ്ക്കും തൃപ്തരായപ്പോൾ മൂന്ന് ഗ്രാമത്തിലേയും ഇമാമുമാർ തങ്ങളുടെ കൂടെയുള്ളവരോടൊപ്പം അഹ്മദിയ്യത്തിൽ പ്രവേശിക്കുകയാണെന്ന് വിളംബരപ്പെടുത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മൂന്ന് ഗ്രാമത്തിലും ജമാഅത്തുകൾ സ്ഥാപിതമായിരിക്കുന്നു.

ലൈബീരിയായിലെ മുബല്ലിഗ് എഴുതുന്നു: 'കുലാങോർ(Kulangor) ഗ്രാമത്തിൽ, ജുമുഅ നമസ്കാരത്തിന് രണ്ട് മൂന്ന് മണിക്കൂർ മുമ്പേ എത്തിയിരുന്നു. പ്രാരംഭ സംഭാഷണത്തിൽ തന്നെ, അവിടെയുള്ള മസ്ജിദിൽ ജുമുഅ നമസ്ക്കാരം നടക്കുന്നില്ലെന്നും അടുത്തുള്ള ഗ്രാമത്തിലാണ് ജുമുഅ എന്നും അതിന് ഇവിടെനിന്ന് രണ്ട് മൂന്ന് ആളുകൾ പോകുകയാണെന്നും മനസ്സിലായി. ഗ്രാമത്തിലെ മറ്റാളുകളെല്ലാവരും മുസ്‌ലിമീങ്ങളായിട്ടും ജുമുഅയുടെ അനുഗ്രഹം ലഭിക്കുന്നില്ല. ഇതിനുള്ള കാരണം ചോദിച്ചപ്പോൾ അവർ പറഞ്ഞു, 'ഇവിടെയുള്ള വലിയ ഇമാം ഞങ്ങളോട് പറയുന്നു, മസ്ജിദിൽ ജുമുഅ തുടങ്ങുന്നതിനു മുമ്പേ മൂന്ന് ആടുകളെ ബലിയറുക്കേണ്ടത് നിർബന്ധമാണെന്ന്! പിന്നെ ഇമാം സാഹിബിന് അതിന്റെ മാംസം എത്തിക്കണം. തുടർന്ന് അദ്ദേഹം ജുമുഅ നമസ്ക്കരിക്കാൻ ഇമാമിനെ നിശ്ചയിക്കും.' ഇത് തെറ്റാണെന്നും ഇസ്‌ലാമിൽ ഇങ്ങനെ നിബന്ധനയൊന്നുമില്ലെന്നും അവരെ പറഞ്ഞ് മനസിലാക്കാൻ ഒരുപാട് ശ്രമിച്ചു. ജുമുഅയുടെ അനുഗ്രഹവും അവരോടു പറഞ്ഞു. ഇന്ന് ഏതായാലും ഞങ്ങൾ ആടുകളെ ബലിയറുക്കാതെ തന്നെ ജുമുഅ നമസ്കരിക്കാമെന്നും പറഞ്ഞു. ഗ്രാമത്തിലെ ആളുകൾ സംശയാലുക്കളാണ്. ദീനിപരമായ വിവരവുമില്ല. മൗലവിയെ ധിക്കരിച്ചതു കാരണം തങ്ങൾ കുറ്റക്കാരാകുമോ എന്നും അങ്ങനെ ശിക്ഷ ഇറങ്ങുമോ എന്നും മൗലവി ഭയപ്പെടുത്തിയതനുസരിച്ച് അവർക്ക് വലിയ ഭയവും ആശങ്കയുമുണ്ടായിരുന്നു. പക്ഷേ, അവരോട് കാര്യങ്ങൾ ശക്തമായി പറഞ്ഞപ്പോൾ അവർ സമ്മതിച്ചു. ജുമുഅ നമസ്കരിപ്പിച്ചു. അവിടെയുള്ള എല്ലാവരും അതിൽ ഭാഗഭാക്കായി. ജുമുഅക്ക് ശേഷം ജമാഅത്തിനെ വിശദമായി പരിചയപ്പെടുത്തി. ചോദ്യോത്തരവും നടന്നു. ജനങ്ങളുടെ മനസിൽ വലിയ ഇമാം ചോദ്യം ചെയ്യുമെന്ന ഭയമുണ്ടായിരുന്നു. അതുകൊണ്ട് മുബല്ലിഗ് അവരോട് പറഞ്ഞു, നിങ്ങൾ ഇമാം സാഹിബിനോട് ജുമുഅ തുടങ്ങണമെങ്കിൽ ആടുകളെ ബലിയറുക്കേണ്ടത് നിർബന്ധമാണെന്ന് എവിടെയാണ് എഴുതിയിട്ടുള്ളതെന്ന് മാത്രം ചോദിക്കുക. അവിടെ ജുമുഅ നടന്നു എന്നറിഞ്ഞപ്പോൾ മൗലവി ചോദ്യം ചെയ്യാൻ അവിടെ എത്തി. വല്ലാതെ ദേഷ്യപ്പെടുകയും ചെയ്തു. ജനങ്ങൾ അദ്ദേഹത്തോടു ചോദിച്ചു: 'ജുമുഅ ആരംഭിക്കണമെങ്കിൽ ആടുകളെ, അതും മൂന്ന് ആടുകളെ ബലിയറുക്കണമെന്ന് എവിടെയാണ് എഴുതിയിട്ടുള്ളത്?'

ഏതായാലും നമ്മുടെ ലോക്കൽ മുബല്ലിഗ് അവിടെയുള്ള ഒരാൾക്ക് ജുമുഅ നമസ്ക്കരിപ്പിക്കാൻ പഠിപ്പിച്ചു കൊടുത്തു. ഇപ്പോൾ സ്ഥിരമായി ജുമുഅ നടക്കുന്നുണ്ട്. ജനങ്ങൾ ആ മൗലവിയെ ഉപേക്ഷിച്ചിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് പഠിപ്പിക്കുന്നതാണ് യഥാർഥ ഇസ്‌ലാമെന്നും മൗലവി പറഞ്ഞതല്ലെന്നും അവർ തീർച്ചപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഭൂരിപക്ഷം ആളുകളും ജമാഅത്തിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു; ഇവിടെ പുതിയ ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു. കൗതുകകരമായ പുതിയ പുതിയ അനാചാരങ്ങളാണ് മതത്തിന്റെ പേരിൽ ഇവിടെ കണ്ടുവരുന്നത്. അങ്ങനെ വിവരം കുറഞ്ഞ സാധുക്കൾക്ക് ഇവർ തെറ്റായ മാർഗദർശനം നൽകുകയാണ്.

ഫിലിപ്പീൻസി(Philippines)സിലെ മുബല്ലിഗ് എഴുതുന്നു: സാലോപിംഗ്(Saluping) എന്ന പ്രദേശം, തീവ്രവാദ മുസ്‌ലിമീങ്ങളെകൊണ്ട് പ്രസിദ്ധമാണ്. ഇവിടെ തബ്‌ലീഗീ ജമാഅത്തിന്റെ സജീവ പ്രവർത്തനങ്ങളുമുണ്ട്. ഇവിടെ നമ്മുടെ മുഅല്ലിം സാഹിബിന്റെ ഭാര്യയുടെ ബന്ധുക്കൾ താമസിക്കുന്നുണ്ട്. മുഅല്ലിം സാഹിബ് അവർക്ക് തബ്‌ലീഗ് ചെയ്തപ്പോൾ അവർ അനുകൂലമായാണ് പ്രതികരിച്ചത്. അങ്ങനെ ദേശീയതലത്തിൽത്തന്നെ ഇവിടെ പരിപാടി സംഘടിപ്പിച്ചു. മൂന്ന് മുഅല്ലിംമാരും മൂന്ന് ദാഈ ഇല്ലല്ലാമാരുടെ ഒരു ടീമും ഒരാഴ്ചത്തേക്ക് ഈ പ്രദേശത്ത് പോയി. സ്വാധാരണപോലെ അവിടെ പ്രാദേശിക മുസ്‌ലിമീങ്ങളുടെ എതിർപ്പ് നേരിടേണ്ടിവന്നു. ഈ എതിർപ്പുണ്ടായിട്ടും അല്ലാഹുവിന്റെ അനുഗ്രഹത്താൽ 23 പേർ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിരിക്കുന്നു.

സെനഗൽ അമീർ സാഹിബ് എഴുതുന്നു: 'താമ്പകൗണ്ടാ(Tambacounda) എന്നൊരു പ്രദേശമുണ്ട്. നമ്മുടെ തബ്‌ലീഗ് സംഘം അവിടെ ഒരു സ്ഥലത്തുപോയി. അവിടെ എത്തിയപ്പോൾ തേജാനിയ, മുരീദിയ എന്നീ രണ്ടു കക്ഷികൾക്കിടയിൽ തർക്കമുണ്ടെന്ന് മനസിലായി. അവിടെയുള്ള ഇമാം സാഹിബ് നമ്മുടെ ടീമിലെ ഒരു അംഗത്തോടു പറഞ്ഞു,

ഇതിൽ ഒരു കക്ഷിയും സത്യത്തിലല്ല. ഞങ്ങൾ കേട്ടതനുസരിച്ച് ഞങ്ങൾ ആഗതരാകാനുള്ള ഇമാമിനെ പ്രതീക്ഷിച്ചിരിക്കുകയാണ്. ഞങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുന്നതാണ്. നമ്മുടെ സംഘം അവിടെ തബ്‌ലീഗ് ചെയ്യുകയും ചോദ്യോത്തരപരിപാടി നടത്തുകയും ചെയ്തു. നമ്മുടെ സംഘത്തിന്റെ പക്കൽ മൗലാന നദീർ മുബശ്ശിർ സാഹിബിന്റെ അൽ *ഖൗലുസ്സരീഹ് ഫീ ളുഹൂരിൽ മഹ്ദി വൽ മസീഹ്* എന്ന പുസ്തകവും *യസ്സർനൽ ഖുർആൻ* ഖായിദയും ഉണ്ടായിരുന്നു. അത് രണ്ടും ഇമാം സാഹിബ് വാങ്ങിച്ചു. നമ്മുടെ സംഘം തബ്‌ലീഗ് ചെയ്ത് തിരിച്ചു വന്നു. രണ്ട് ദിവസത്തിനുശേഷം ഇമാം സാഹിബ് അവരെ ഫോൺ ചെയ്ത് വിളിച്ചു വരുത്തിക്കൊണ്ട് പറഞ്ഞു, 'ഞങ്ങൾക്ക് 'മുണ്ടങ്കാ' ഭാഷയിലുള്ള ഖുർആൻ തർജമ വേണം. അതും അവർക്ക് എത്തിച്ചു കൊടുത്തു. അങ്ങനെ രണ്ടാമത്തെ തവണ നമ്മുടെ സംഘം അവിടെ പോയപ്പോൾ അദ്ദേഹം പറഞ്ഞു, ഞങ്ങൾ പ്രതീക്ഷിച്ചു കൊണ്ടിരിക്കുന്ന പ്രസ്ഥാനം, അഹ്മദിയ്യത്ത് തന്നെയാണ്. ഞാൻ നിങ്ങളുടെ ഖുർആൻ തർജമയും ഗ്രന്ഥങ്ങളും എന്റെ ഭാഷയിൽ വായിച്ചിരിക്കുന്നു. ചുരുക്കത്തിൽ ആ മുഴുവൻ ഗ്രാമവും അഹ്മദിയ്യത്തിൽ പ്രവേശിച്ചിരിക്കുന്നു. പുതിയ ജമാഅത്ത് സ്ഥാപിതമായി. അവിടെ കൂടുതൽ വിശുദ്ധ ഖുർആൻ ഖായിദകളും വിശുദ്ധ ഖുർആനും അവർക്ക് വിശുദ്ധ ഖുർആൻ പഠിക്കുന്നതിന് വേണ്ടി നൽകിയിട്ടുണ്ട്.

ഗ്വാട്ടിമാല (Guatemala) അമീർ സാഹിബ് എഴുതുന്നു: ഇവിടെ നിന്ന് 10 കിലോമീറ്റർ ദൂരെ കോബാൻ എന്ന പട്ടണമുണ്ട്. അവിടെ നടപ്പുവർഷത്തിൽ ഇതാദ്യമായി ജമാഅത്തിനെ പരിചയപ്പെടുത്തി. അവിടെ രണ്ടുതവണ പര്യടനം നടത്തി. ഇസ്‌ലാം അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിച്ചു. അവിടെയുള്ളവരെ ഗ്വാട്ടിമാല ജൽസസാലാനയിലേക്ക് ക്ഷണിക്കുകയുണ്ടായി. അവിടെയുള്ള ഒരു കുടുംബത്തിലെ മൂന്ന് ആളുകൾ ഗ്വാട്ടിമാല ജൽസ സാലാനയിൽ പങ്കെടുക്കുകയും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു. അങ്ങനെ അവിടെ പുതിയൊരു ജമാഅത്ത് ആരംഭിച്ചിരിക്കുന്നു. ഈ ഫാമിലി ഇപ്പോൾ മറ്റു ഫാമിലിയിലുള്ള ആളുകൾക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുകയും തബ്‌ലീഗ് ചെയ്യുകയുമാണ്.

സെനഗൽ(Senegal) അമീർ സാഹിബ് എഴുതുന്നു: അവിടെ 10 സ്ഥലങ്ങളിൽ പ്രാദേശിക മുഅല്ലിം/മുബല്ലിഗുമാരുടെ കീഴിൽ ആഴ്ചകളിൽ ഒരു മണിക്കൂർ റേഡിയോ പ്രോഗ്രാമുണ്ട്. എന്റെ ഖുത്ബയും പ്രക്ഷേപണം ചെയ്യുന്നുണ്ട്. തുടർച്ചയായി പ്രക്ഷേപണം നടന്നുവരുന്നുണ്ട്. ഇതും തബ്‌ലീഗിനുള്ള പ്രധാന മാർഗമാകുന്നു. ഈ പ്രോഗ്രാമുകളിൽ ജനങ്ങൾ ഫോൺ ചെയ്ത് ചോദ്യങ്ങൾ ചോദിക്കുന്നു. ഇങ്ങനെ ഈ വർഷം 20 ഗ്രാമങ്ങളിൽ അഹ്മദിയ്യത്തിന്റെ ചെടി നട്ടിരിക്കുന്നു. ഇതു മുഖേന ജനങ്ങൾ അഹ്മദിയ്യത്തിലേക്ക് ആകൃഷ്ടരാവുക മാത്രമല്ല, മറിച്ച് സ്വയം ഫോൺ ചെയ്ത് അവിടേക്ക് പോകാൻ ക്ഷണിക്കുകയും ചെയ്യുന്നു.

കബാബീറിലുള്ള മുബല്ലിഗ് സാഹിബ് എഴുതുന്നു: 'തെക്കൻ ഫലസ്തീനിലെ പട്ടണത്തിൽ ഏതാനും വർഷങ്ങളായി അഹ്മദികൾ ഉണ്ടെങ്കിലും സുസംഘിടിതമായ ജമാഅത്ത് സ്ഥാപിതമായിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടപ്പുവർഷം ഇവിടെ കൃത്യമായി ജമാഅത്ത് സ്ഥാപിതമായിരിക്കുന്നു.

ഹദ്റത്ത് ഇബ്‌റാഹീം(അ)ന്റെ സ്ഥലമാണ് അൽ ഖലീൽ. ഇവിടെ ഹദ്റത്ത് ഇബ്‌റാഹീം, ഹദ്റത്ത് ഇസ്ഹാഖ്, ഹദ്റത്ത് അയ്യൂബ് (അലയ്ഹിമുസ്സലാം) അവരുടെ സഹധർമിണിമാർ എന്നിവരുടെ ഖബറുകളു ണ്ട്. ഇത് പൗരാണിക ചരിത്ര നഗരമാകുന്നു. ഈ പട്ടണത്തിലും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലുമായി 27 അഹ്മദികൾ വസിക്കുന്നുണ്ട്. ജമാഅത്തും സ്ഥാപിതമായിട്ടുണ്ട്. ഒരു അഹ്മദി തന്റെ വീടിന്റെ ഒരുഭാഗം മസ്ജിദാക്കി മാറ്റിയിരിക്കുന്നു. അവിടെ നമസ്കാരങ്ങൾ നടന്നുവരുന്നു.

**പുതിയ മസ്ജിദുകളുടെ നിർമാണവും നമുക്ക് ലഭിച്ച മസ്ജിദുകളും:**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതിന്റെ മൊത്തം എണ്ണം 217 ആകുന്നു. 124 പുതിയ മസ്ജിദുകൾ നിർമിച്ചു. 93 മസ്ജിദുകൾ നമുക്ക് ലഭിച്ചതാണ്. ഇതിൽ യു.കെ, ഫ്രാൻസ്, ജർമനി, ഇന്ത്യ, ഇന്തൊനേഷ്യ, ഘാന, നൈജീരിയ, സിയറാലിയോൺ, ബെനിൻ, ബുർക്കിനാ ഫാസോ, ലൈബീരിയ, ഐവറികോസ്റ്റ്, ഗിനി–ബിസോ(Guinea-Bissau), ടാൻസാനിയ, യുഗാണ്ട, മാലി, കോംഗോ കിൻഷാസാ(Congo kinshasa), കാമറൂൺ(Cameroon), സെനഗൽ, ഗിനി കൊണാക്രി, ടോഗോ, ചാഡ്, സാംബിയ, ആസ്ട്രേലിയ മുതലായവ ഉൾപ്പെടുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് എല്ലായിടത്തും ഏറെക്കുറെ മൂന്ന് ഭൂഖണ്ഡങ്ങൾ, മറിച്ച് 4 ഭൂഖണ്ഡങ്ങളിൽ നമുക്ക് മസ്ജിദ് നിർമിക്കാൻ തൗഫീഖ് ലഭിച്ചിരിക്കുന്നു. ഗ്വാട്ടിമാലയിൽ 31 വർഷത്തിനുശേഷം രണ്ടാമത്തെ മസ്ജിദ് നിർമിച്ചിരിക്കുന്നു. ആദ്യത്തെ മസ്ജിദ് ബയ്ത്തുൽ അവ്വൽ 1989 ലാണ് പൂർത്തിയായത്. അങ്ങനെ 31 വർഷത്തിനുശേഷം ഈ രണ്ടാമത്തെ മസ്ജിദ്, 'മസ്ജിദ് നൂർ', കാബൂൺ എന്ന സ്ഥലത്ത് നിർമിച്ചിരിക്കുകയാണ്. ഇവിടെ 2015 ലാണ് അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിയത്, ഈ പ്രദേശം ഗ്വാട്ടിമാലയിലെ നമ്മുടെ ആസ്ഥാനത്തു നിന്ന് 328 കിലോമീറ്റർ ദൂരെയാണ്. 70 കിലോമീറ്റർ പർവത പ്രദേശമാണ്. ഉറപ്പില്ലാത്ത ചെറിയ, ദുർഘടമായ വഴിയാണ്. 2019 ഡിസംബറിലാണ് മസ്ജിദിന് തറക്കല്ലിട്ടത്. അതിനുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദൈവിക വിധി വെളിപ്പെട്ടത് നോക്കുക. അവിടെ റോഡുപണി ആരംഭിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ 70 കിലോമീറ്റർ വഴി നന്നാക്കിയിരിക്കുന്നു. റോഡു വീതി കൂട്ടാനുള്ള പണികളും നടന്നുവരുന്നു. ഈ മസ്ജിദിൽ 170 പേർക്ക് നമസ്ക്കരിക്കാം. ഒരു മിനാരവും ഉണ്ടാക്കയിട്ടുണ്ട്. അതിന് എട്ടര മീറ്റർ ഉയരമുണ്ട്. മസ്ജിദിനോടൊപ്പം രണ്ട് നില മിഷൻ ഹൗസും നിർമിച്ചിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോറിൽ ലൈബ്രറിയും ഓഫീസുമുണ്ട്. ഒന്നാം നിലയിൽ താമസസൗകര്യവും ഒരുക്കിയിരിക്കുന്നു. കിച്ചനും ഉണ്ടാക്കിയിട്ടുണ്ട്. നമ്മുടെ മറ്റു മസ്ജിദുകളെപോലെ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ വാഷ്റൂമുകളും എല്ലാമുണ്ട്. ഉയർന്ന പ്രദേശമായതുകൊണ്ട് ദൂരെ നിന്നുപോലും ഈ മസ്ജിദ് കാണാൻ കഴിയുന്നതാണ്.

നോർവെയിൽ ക്രിസ്ത്യൻസാന്റ് (Kristiansand) എന്ന സ്ഥലത്ത് ഈ വർഷം ഒരു ചർച്ച്, വില കൊടുത്തു വാങ്ങി മസ്ജിദാക്കിയിരിക്കുന്നു. ഈ പട്ടണത്തിൽ 2017 ജൂലായ് മാസത്തിൽ ഒരു കമ്പിനിയുടെ ഓഫീസ് കെട്ടിടം വിലക്കുവാങ്ങി, നമസ്കാരവും യോഗങ്ങളും ആരംഭിച്ചിരുന്നു. ഇതിനെ മസ്ജിദ് ആക്കാൻ പദ്ധതി ആരംഭിക്കുകയും പ്ലാനും മറ്റും ഉണ്ടാക്കി സർക്കാർ ഡിപ്പാർട്ട്മെന്റുകളിൽ സമർപ്പിക്കുകയും ചെയ്തപ്പോൾ ചുറ്റുപാടുമുള്ള താമസക്കാർ അതിനെ എതിർക്കാൻ തുടങ്ങി. പത്രങ്ങളിലും ഈ എതിർപ്പിനെ സംബന്ധിച്ച് വിപുലമായ പരാമർശമുണ്ടായി, എതിർപും തുടരുന്നുണ്ടായിരുന്നു. അയലത്തുതന്നെ ഒരു ചർച്ചുമുണ്ടായിരുന്നു. ജനങ്ങളും ചർച്ചിലെ ആളുകളും മസ്ജിദ് ഉണ്ടാക്കുന്നതിന്നെതിരിൽ ശക്തമായ എതിർപു പ്രകടിപ്പിച്ചു. എന്നാൽ, ദൈവവിധി അതിനെ അതിജയിച്ചത് നോക്കുക, നമ്മെ എതിർത്തിരുന്ന ചർച്ചിന്റെ അധികാരികൾക്ക് അവരുടെ ചർച്ച് നടത്തികൊണ്ടുപോകാൻ പ്രയാസമായി. അവർ ചർച്ച് വിൽക്കാൻ തീരുമാനിച്ചു. ചർച്ച് വിൽപന നടത്താൻ ആഗ്രഹിക്കുകയാണെന്ന് കൗൺസിലിനെ അറിയിച്ചു. അപ്പോൾ അഹ്മദികളുമായി ബന്ധപ്പെടാനും അവർ ഒരുപക്ഷേ വാങ്ങുമെന്നും കൗൺസിൽ അവരോട് പറഞ്ഞു. അങ്ങനെ അവർ നമ്മുടെ മുബല്ലിഗുമായി ബന്ധപ്പെട്ടു. എല്ലാ റിപ്പോർട്ടും നൽകി. തുടർന്ന് എന്റെ അനുവാദത്തോടുകൂടി ചർച്ചിന്റെ കെട്ടിടം മസ്ജിദിനായി വിലകൊടുത്ത് വാങ്ങി. ഈ വർഷം ഫെബ്രുവരി 25ന് ചർച്ചിന്റെ താക്കോൽ കിട്ടി. ഈ പ്രദേശത്ത് മസ്ജിദ് ഉണ്ടാക്കാൻ എതിർപ്പ് പ്രകടിപ്പിച്ച ചർച്ച്, ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിന്റെ 'മസ്ജിദ് മർയം'ആയിരിക്കുന്നു. ഇതിന് സർക്കാർ തലത്തിൽ വന്ന ചെലവ് അടക്കം ഏകദേശം 10 മില്ല്യൻ നോർവീജിയൻക്രോണറാണ് ചെലവായത്.

മലാവി(Malawi)യിൽ ആദ്യത്തെ മസ്ജിദ് നിർമിച്ചിരിക്കുന്നു. ഇവിടെയുള്ള മങ്കോച്ചി (Mangochi) ജില്ലയിലെ മുആല(Mwala) എന്ന പ്രദേശത്താണ് ജമാഅത്തിന്റെ ആദ്യത്തെ മസ്ജിദ് നിർമിച്ചിരിക്കുന്നത്. ടാൻസാനിയ അമിർ സാഹിബ് എഴുതുന്നു: 'മസ്ജിദും മിഷൻ ഹൗസും ഉണ്ടാക്കുന്നതിനുമുമ്പേ പ്രദേശവാസികളെ വിശ്വാസത്തിലെടുത്തിരുന്നു. അവരെല്ലാം ആ പ്രദേശത്ത് മസ്ജിദ് വരുന്നതിൽ അതീവ സന്തുഷ്ടരായിരുന്നു. എന്നാൽ, ചില കുൽസിത ബുദ്ധികൾ അവിടെ അക്രമണം നടത്തി. നിർമാണ സാമഗ്രികളും മറ്റും എടുത്തുകൊണ്ടുപോയി. അതുകാരണം പോലീസ് നിർദേശമനുസരിച്ച് കുറച്ച് ദിവസത്തേക്ക് നിർമാണം നിറുത്തിവെച്ചു. പണി പുനരാരംഭിച്ചപ്പോൾ ഗ്രാമവാസികളോട് സാഹചര്യങ്ങളുടെ സങ്കീർണതകളെ കുറിച്ചും എല്ലാവരും ഒന്നായി നിന്ന് ഇതിനെ സംരക്ഷിക്കണമെന്നും മേലിൽ ഒരു അത്യാഹിതം ഉണ്ടാകാതെ നോക്കണമെന്നും പറഞ്ഞു. അവർ പറഞ്ഞു, തീർച്ചയായും ഈ മസ്ജിദ് ഞങ്ങളുടെ ഗ്രാമത്തിന് അനുഗൃഹീതമാകുന്നു. ഇതിന്റെ നിർമാണത്തിൽ ഒരുവിധ അനിഷ്ടകരമായ സംഭവവും ഉണ്ടാകില്ലെന്ന് തങ്ങൾ ഉറപ്പുവരുത്തുമെന്ന് പറഞ്ഞു.

അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ജമാഅത്തിലെ അംഗങ്ങൾ അടുത്ത പ്രദേശങ്ങളിൽ തബ്‌ലീഗ് ബന്ധങ്ങളും വളർത്തുകയും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനമായ അഹ്മദിയ്യത്തിന്റെ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും പാഠങ്ങൾ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയുണ്ടായി. അങ്ങനെ മസ്ജിദ് നിർമാണം പൂർത്തിയാക്കി. അതിന്റെ ഉദ്ഘാടന പരിപാടി നടത്തിയപ്പോൾ, അതിൽ ഏകദേശം 450/500 ആളുകൾ പങ്കെടുത്തു. അതിൽ അവിടെയുള്ള വ്യത്യസ്ത സോണുകളിൽപെട്ട 13 ചീഫുമാരും വന്നിരുന്നു. മാത്രമല്ല പോലീസ് ഇൻസ്പെക്ടറും മറ്റു മസ്ജിദുകളിലെ ഇമാമുമാരും ഉണ്ടായിരുന്നു, ആ അവസരത്തിൽ ഒരു അനഹ്മദി, തങ്ങൾക്ക് അഹ്മദികളെ പറ്റി തെറ്റായ രീതിയിലാണ് പറഞ്ഞ് തന്നിരുന്നതെന്നും ഇവർ മുസ്‌ലിംകളല്ലെന്നും ഇവരുടെ ആരാധനാരീതി മുസ്‌ലിംകളിൽനിന്ന് വ്യത്യസ്തമാണെന്നും ഞങ്ങളോട് പറഞ്ഞിരുന്നതെന്നും, എന്നാൽ, ഇവിടെ വന്നപ്പോൾ നിങ്ങൾ മുസ്‌ലിമീങ്ങൾ ആണെന്ന് മാത്രമല്ല മറ്റു മുസ്‌ലിമീങ്ങളേയും സമാധാനത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നവരാണെന്ന് ബോധ്യപ്പെട്ടുവെന്നും തുറന്ന് പറയുകയുണ്ടായി. അങ്ങനെ വ്യത്യസ്ത പ്രോഗ്രാമുകളുടെ ഫലമായി ഈ പ്രദേശത്ത് 3 ഗ്രാമങ്ങളിലായി ആയിരത്തിലധികം ആളുകൾ ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചിരിക്കുന്നു. ഇതിൽ വിവിധ സോണുകളിലെ ചീഫുമാരും ഉൾപ്പെടുന്നു.

മസ്ജിദ് ബയ്ത്തുൽ ആഫിയത്ത്,മെക്സിക്കോ (Mexico): മെക്സിക്കോയുടെ തലസ്ഥാനമായ മെക്സിക്കോസിറ്റിയിൽ ഏതാനും വർഷം മുമ്പേയാണ് ഒരു കെട്ടിടം നമ്മുടെ സെന്റർ എന്ന നിലക്ക് വാങ്ങിയത്. മെക്സികോയിൽ ജമാഅത്ത് ആദ്യമായി വാങ്ങിയ വസ്തുവായിരുന്നു ഇത്; മൂന്ന് നില കെട്ടിടമാണ്. ഇതിന്റെ ഗ്രൗണ്ട് ഫ്ളോർ, മസ്ജിദ് എന്ന നിലയ്ക്ക് തയ്യാറാക്കി. ഈ ഫ്ളോറിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും നമസ്കരിക്കാനുള്ള ഹാൾ, ലൈബ്രറി, ജമാഅത്തിന്റെ ഓഫീസുകൾ, വ്യത്യസ്ത ക്ലാസുകൾക്ക് ഉപയോഗിക്കാനുള്ള റൂമുകൾ എന്നിവയുണ്ട്. രണ്ടാമത്തെ നിലയിലാണ് മുബല്ലിഗ് സാഹിബിന്റെ താമസം. മൂന്നാമത്തെ നില ആവശ്യാനുസരണം ഉപയോഗപ്പെടുത്തുന്നതാണ്.

ബെലീസ്(Belize)ലും മറ്റ് ചില സ്ഥലങ്ങളിലും മസ്ജിദുകൾ നിർമാണത്തിലാണ്. അവയും എത്രയും വേഗം പൂർത്തിയാക്കുന്നതാണ്. നിർമാണത്തിലുള്ളവ ഏറെക്കുറെ പൂർത്തിയാകുന്ന ഘട്ടത്തിലാണ്. അവയെ ഞാൻ പരാമർശിക്കുന്നില്ല.

മാലി അമീർ സാഹിബ് എഴുതുന്നു: മാലിയിലെ ഒരു ജമാഅത്തായ ഡീമ(Diema) നമ്മുടെ ആസ്ഥാനത്തുനിന്ന് മൂന്ന് കിലോമീറ്റർ ദൂരെയാണ് സ്ഥിതി ചെയ്യുന്നത്. ഇവിടെ 4 വർഷം മുമ്പേ മസ്ജിദ് നിർമാണം ആരംഭിച്ചു. അവസാനഘട്ടത്തിൽ എത്തി, മിനാരത്തിന്റെ പണിയും മിനുക്കുപണികളും ബാക്കിയായിരുന്നു. അപ്പോൾ ഗ്രാമത്തലവൻ മസ്ജിദ് നിർമാണം നിറുത്താൻ ആവശ്യപ്പെട്ടു. ശത്രുത കാരണം ജനങ്ങൾ അഹ്മദിയ്യത്തിനെ സംബന്ധിച്ച് തെ

റ്റായ കാര്യങ്ങൾ ഗ്രാമത്തലവനോടും മേയറിനോടും പറഞ്ഞിരുന്നു. ഏതായിരുന്നാലും പണികൾ നിറുത്തിവെച്ചു. മൂന്ന് വർഷം പരിശ്രമം തുടർന്നുകൊണ്ടിരുന്നു. അവസാനം, 3 വർഷങ്ങൾക്കുശേഷം ഗ്രാമത്തലവൻ വിവിധ മാർഗങ്ങൾ മുഖേന കാര്യങ്ങൾ മനസിലാക്കി. അങ്ങനെ മസ്ജിദിന് അനുമതി നൽകി. നമ്മൾ മൂന്ന് വർഷം ക്ഷമാപൂർവ്വം കഴിച്ചുകൂട്ടിയതിനെ ചീഫ് ശ്ലാഘിക്കുകയുണ്ടായി. നിങ്ങൾക്ക് നിങ്ങളുടെ മേലെയുള്ള ബന്ധങ്ങൾ ഉപയോഗിച്ച് ഇവിടെ മസ്ജിദ് ഉണ്ടാക്കാമായിരുന്നു. വഹാബികളെ അദ്ദേഹം ഉദാഹരണമായി പറഞ്ഞു. അവരെ തടഞ്ഞപ്പോൾ അവർ അവരുടെ ചില ബന്ധങ്ങൾ ഉപയോഗപ്പെടുത്തി മസ്ജിദ് ഉണ്ടാക്കിയെന്നും, നിങ്ങൾക്കും അങ്ങനെ ചെയ്യാമായിരുന്നെങ്കിലും നിങ്ങൾ ക്ഷമാപൂർവ്വം കാത്തുനിന്നെന്നും അതിൽ ഞങ്ങൾ നിങ്ങളെ വിലമതിക്കുന്നുവെന്നും പറഞ്ഞു. ചീഫും അദ്ദേഹത്തിന്റെ കീഴിലുള്ളവരും കൂടെക്കൂടെ മാപ്പ്ചോദിച്ചുകൊണ്ട് പറഞ്ഞു, ഞങ്ങൾ നിങ്ങൾക്ക് അനുമതി നൽകാൻ വളരെ വൈകിപ്പോയി. നിങ്ങൾക്ക് മസ്ജിദ് പൂർത്തിയാക്കാനും, നമസ്കരിക്കാനും അനുമതി നൽകാൻ ഞങ്ങൾ ഐകകണ്ഠ്യേന തീരുമാനം എടുത്തിരിക്കുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ മസ്ജിദിൽ കൃത്യമായി നമസ്കാരം ആരംഭിച്ചിരിക്കുകയാണ്.

ടാൻസാനിയാ(Tanzania) അമീർ സാഹിബ് എഴുതുന്നു: ഈ വർഷം അവിടെ ഒരു റീജ്യണിൽ രണ്ട് ജമാഅത്തുകൾക്ക് മസ്ജിദുകൾ നിർമിക്കാൻ സൗഭാഗ്യം ലഭിച്ചിരിക്കുന്നു. ഇവിടെ മസ്ജിദുകൾ ഉണ്ടാക്കുന്നതിന് മുമ്പേ അടുത്ത ഗ്രാമത്തിലെ സുന്നി പണ്ഡിതന്മാർ ഇവിടെ വന്ന് ജനങ്ങളെ വഴിതെറ്റിക്കാൻ ശ്രമിച്ചിരുന്നു. അഹ്മദിയ്യാ ജമാഅത്ത് ചെറിയ ജമാഅത്താണെന്നും അവർക്ക് മസ്ജിദ് ഉണ്ടാക്കാൻ കഴിവില്ലെന്നും ഇതിന് മുമ്പേ അടുത്ത ഗ്രാമത്തിൽ രണ്ട് മസ്ജിദുകൾ ഉള്ളതുതന്നെ നമുക്ക് മതിയായതാണെന്നും ഇവർ മസ്ജിദൊന്നും ഉണ്ടാക്കില്ലെന്നും പറഞ്ഞിരുന്നു. എന്നാൽ, കുറച്ചു കാലത്തിന് ശേഷം മസ്ജിദ് ഉണ്ടാക്കാൻ തുടങ്ങിയപ്പോൾ അവർ അത്ഭുതപ്പെട്ടു. അപ്പോൾ അവർ ജനങ്ങളോട് പറഞ്ഞു, ഇവരുടെ പക്കൽ എന്തോ പ്രത്യേക ശക്തിയുണ്ട്. അതുകൊണ്ടാണ് ഇവർ ചുരുങ്ങിയ കാലത്തിനുള്ളിൽ നല്ല മനോഹരമായ മസ്ജിദ് ഉണ്ടാക്കിയത്. നമുക്ക് ഇവിടെ നമസ്കരിക്കാൻ ഒരു ടെന്റ് പോലും ഉണ്ടാക്കാൻ കഴിഞ്ഞില്ല. പിന്നെ അവർ മറ്റു ഉപായങ്ങൾ മെനയാനും ജനങ്ങൾക്കിടയിൽ ഭീതി പരത്താനും തുടങ്ങി. അഹ്മദികളിൽനിന്ന് വിട്ടു നിൽക്കണമെന്നും അവർ ഈ പ്രദേശം മുഴുവൻ തങ്ങളുടെ നിയന്ത്രണത്തിലാക്കുമെന്നും പലതും ചെയ്യുമെന്നും മസ്ജിദുകളും ഉണ്ടാക്കുന്നുമെല്ലാം പറയാൻ തുടങ്ങി. ഏതായാലും ജനങ്ങൾ അതൊന്നും ഗൗനിച്ചില്ല.

ബുർക്കിനാ ഫാസോ(Burkina Faso)യിലുള്ള മുബല്ലിഗ് എഴുതുന്നു: കാരി ജമാഅത്തിൽ മസ്ജിദ് നിർമാണം ആരംഭിച്ചപ്പോൾ അവിടെയുള്ള എല്ലാവരും ഒരു പ്രത്യേക ആവേശത്തോടുകൂടി അതിൽ ഭാഗഭാക്കാകുകയായിരുന്നു. ജനങ്ങളോട് അതിനുവേണ്ടി ചന്ദ പിരിക്കാനും ആഹ്വാനം ചെയ്തിരുന്നു. എല്ലാവരും താന്താങ്ങളുടെ രീതിയനുസരിച്ച് ഈ സൽകർമത്തിൽ പങ്കാളികളാകുന്നുണ്ടായിരുന്നു. ആ ദിവസം പ്രായമുള്ള രണ്ട് അഹ്മദികൾ വന്നു. അവരുടെ കൈയിൽ രണ്ട് കോഴികളും ഏതാനും കോഴിമുട്ടകളുമുണ്ടായിരുന്നു. അവർ പറഞ്ഞു, 'ഞങ്ങളുടെ പക്കൽ രണ്ട് കോഴികളും ഈ മുട്ടകളും മാത്രമേയുള്ളൂ. ഞങ്ങൾക്കും ഈ സൽകർമത്തിൽ പങ്കാളികളാകാൻ ഞങ്ങളിൽനിന്ന് മസ്ജിദ് ഫണ്ടിലേക്ക് ഇത് സ്വീകരിക്കണം. അങ്ങനെ മുഅല്ലിം സാഹിബ് അത് സ്വീകരിക്കുകയും രസീത് നൽകുകയും ചെയ്തു.

ഇന്നേക്ക് 80, 100 വർഷം മുമ്പേ ഖാദിയാനിലെ ദരിദ്രരായ ജനങ്ങൾ സ്ഥാപിച്ച പാരമ്പര്യം ആഫ്രിക്കയിലെ ദരിദ്രരായ ജനങ്ങൾ നൂറുവർഷത്തിന് ശേഷവും ജീവസുറ്റതായി നിലനിറുത്തുന്നു. ആരെങ്കിലും കാണുകയാണെങ്കിൽ, വിവേകബുദ്ധിയോടെ നോക്കുകയാണെങ്കിൽ അയാളുടെ ഉള്ളിൽ നന്മ ഉണ്ടെങ്കിൽ എങ്ങനെയാണ് ഈ ജനങ്ങളുടെ ഹൃദയങ്ങളിൽ ത്യാഗം ചെയ്യുന്നതിനുള്ള ആഹ്വാനം അല്ലാഹു ചെയ്യുന്നതെന്ന് കാണാൻ സാധിക്കുന്നതാണ്.

ടാൻസാനിയാ(Tanzania)യിലെ ഇറിങ്കാ(Iringa) പ്രവിശ്യയിലെ മുഅല്ലിം സാഹിബ് എഴുതുന്നു: '2020 ഏപ്രിൽ മാസത്തിൽ ഏതാനും ഖാദിംകളേയുംകൂട്ടി അടുത്തുള്ള ഗ്രാമത്തിൽ പോയി. പ്രാദേശിക ഭരണകൂടത്തിന്റെ അനുമതി വാങ്ങി പൊതുസ്ഥലത്ത് ഉച്ചക്ക് 1 മണി മുതൽ വൈകുന്നേരം 6 മണി വരെ തബ്‌ലീഗീ പ്രസംഗങ്ങൾ സംഘടിപ്പിച്ചു. പ്രസംഗങ്ങൾക്കുശേഷം ചോദ്യങ്ങൾക്ക് മറുപടി നൽകി. ഈ പരിപാടിയുടെ അവസാനത്തിൽ 72 വയസുള്ള ഹലീമ സാഹിബ ഒരു ഫയലുമായി വന്നു. അവർ പറഞ്ഞു, ഞാൻ മുസ്‌ലിമാകുന്നു. നീണ്ട കാലമായി ഞാൻ ഇവിടെ ജീവിക്കുന്നു. ഇവിടെ ആരും ഇസ്‌ലാമിക തബ്‌ലീഗുമായി വന്നതായി ഞാൻ ഇതുവരേയും കണ്ടിട്ടില്ല. കൈയിൽ പിടിച്ചിട്ടുണ്ടായിരുന്ന ഫയൽ മുഅല്ലിമിന് കൊടുത്തുകൊണ്ട് പറഞ്ഞു, 'ഇത് എന്റെ താമസസ്ഥലത്തിന്റെ കടലാസുകളാണ്. ഇതിന് രജിസ്ട്രേഷനും മറ്റുമുണ്ട്. നിങ്ങളുടെ ജമാഅത്ത് ഇവിടെ മസ്ജിദ് ഉണ്ടാക്കാൻ തയ്യാറാകുമ്പോൾ എന്റെ സ്ഥലം ഉണ്ടായിരിക്കും. ഞാൻ ഇതിന്റെ ഉടമസ്ഥാവകാശവും നിങ്ങൾക്കു നൽകുന്നു.' ഇപ്പോൾ അവിടെ ജമാഅത്തംഗങ്ങളുടെ വഖാറെ അമൽ മുഖേന മസ്ജിദ് നിർമാണം ആരംഭിച്ചിരിക്കുന്നു. ഇഷ്ടികകളും മറ്റും അവർ ഉണ്ടാക്കിയിട്ടുണ്ട്. അവിടെ പണി ചെയ്യുന്നവരിൽ ഈ വൃദ്ധയായ സ്ത്രീയുടെ മകനുമുണ്ട്. ഇങ്ങനെ അല്ലാഹു സന്മനസുള്ള ജനങ്ങളുടെ ഹൃദയത്തിൽ സേവന സന്നദ്ധരായി മുന്നോട്ടു വരാൻ പ്രേരണ നൽകുന്നു.

ബുർക്കിനോ ഫാസോയിലുള്ള ഒരു ജമാഅത്താണ് കാരി. ആ ജമാഅത്തിലെ സയ്നബ സാഹിബ പറയുന്നു: ഞാൻ ബി.എ പാസായതിനുശേഷം രണ്ടുവർഷം നഴ്സ് ആകുന്നതിന് ടെസ്റ്റ് കൊടുത്തുകൊണ്ടിരുന്നു. എന്നാൽ, വിജയിച്ചിരുന്നില്ല. ഞാനും എന്റെ ഭർത്താവും ഒരു പ്രൈവറ്റ് നഴ്സിംഗ് സ്കൂളിൽ പ്രവേശനത്തിനുവേണ്ടി പൈസ അടക്കാൻ തുടങ്ങി. ഇതിന്നിടയിൽ ടെസ്റ്റുകളും കൊടുത്തിരുന്നു. പക്ഷേ പ്രവേശനം കിട്ടുമെന്ന് പ്രതീക്ഷയില്ലായിരുന്നു. ഈ സമയത്താണ് കാരി ജമാഅത്ത് മസ്ജിദിനു വേണ്ടി ചന്ദക്ക് ആഹ്വാനം നടത്തുന്നത്. ഞങ്ങൾ പഠനത്തിനുവേണ്ടി സ്വരുക്കൂട്ടിയ തുക ചന്ദയിൽ കൊടുത്തു. നഴ്സിംഗ് പ്രവേശനം എന്ന ചിന്ത കുറച്ചു കാലത്തേക്ക് ഒഴിവാക്കി.' അവർ പറയുന്നു: 'ഇക്കാര്യത്തിന് രണ്ടാഴ്ചപോലും കഴിഞ്ഞില്ല, എനിക്ക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽനിന്ന് നിങ്ങളെ നേരിട്ട് സെലക്ട് ചെയ്തിരിക്കുന്നുവെന്നും നിങ്ങളുടെ പഠന ചെലവ് മുഴുവനും സർക്കാർ വഹിക്കുമെന്നും പറഞ്ഞ് ഫോൺ വന്നു. ഇങ്ങനെ അല്ലാഹു ജനങ്ങളുടെ ഈമാൻ വർധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം 97 മിഷൻ ഹൗസുകളുടെ വർദ്ധന ഉണ്ടായിരിക്കുന്നു. മിഷൻ ഹൗസുകൾ അഥവാ തബ്‌ലീഗീ സെന്ററുകളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് ഘാനയാണ്. തുടർന്ന് ഇന്തൊനേഷ്യ, ഇന്ത്യ, സിയറാ ലിയോൺ, കോംഗോ കിൻസാഷ, കോംഗോബ്രാസ് വൽ, ബുർക്കിനാ ഫാസോ, ഐവറികോസ്റ്റ്, മാലി, തുടങ്ങി നിരവധി രാഷ്ട്രങ്ങളുണ്ട്. ഇവകൂടാതെ ആസ്ട്രേലിയ, ബംഗ്ലാദേശ്, ബെലീസ്, കനഡ, ഗാംബിയ, ഗ്വാട്ടിമല, ഗിനി-ബിസോ (Guinea-Bissau), മസിഡോണിയ (Macedonia), മലാവി, നോർവേ, സാഒ ടോമെ (SaoTome), ടോംഗാ, തുർക്കി എന്നിവിടങ്ങളിൽ ഒരോരോ മിഷൻ ഹൗസിന്റെ വർദ്ധന ഉണ്ടായിട്ടുണ്ട്.

ടാൻസാനിയായിലെ സിമിയൂ(Simiyu) പ്രവിശ്യയിലുള്ള മുഅല്ലിം എഴുതുന്നു: കഴിഞ്ഞ വർഷം സ്ഥാപിതമായ ജമാഅത്തിൽ ഈ വർഷം മസ്ജിദും മിഷൻഹൗസും നിർമാണം തുടങ്ങി. ഇതിന്നിടയിൽ ഒരു ക്രിസ്ത്യൻ പാതിരി ചോദിച്ചു, ഈ വീട് എന്തിനുവേണ്ടിയാണ് ഉണ്ടാക്കുന്നത്? അദ്ദേഹത്തോടു പറഞ്ഞു, അത് ജമാഅത്തിലെ മുഅല്ലിമിനുള്ള വീടാണ്. അതുകേട്ടപ്പോൾ അദ്ദേഹം അത്ഭുതപ്പെട്ട് കൊണ്ട് പറഞ്ഞു, ഗ്രാമത്തിൽ ക്രിസ്ത്യാനികളുടെ 6 ചർച്ചുകളുണ്ട്. എല്ലാ വിഭാഗക്കാരും നീണ്ട കാലമായി ഈ ഗ്രാമത്തിൽ വസിക്കുന്നു. അവർക്ക് ആർക്കുംതന്നെ തങ്ങളുടെ പാതിരിക്കുവേണ്ടി താമസസ്ഥലം തയ്യാറാക്കാൻ സൗഭാഗ്യം ലഭിച്ചിട്ടില്ല. തീർച്ചയായും നിങ്ങൾ നിങ്ങളുടെ മതനേതാക്കന്മാരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന നിങ്ങളുടെ മോട്ടോ അനുസരിച്ച് പ്രവർത്തിക്കുന്നു. ഈ മാതൃക മറ്റുള്ളവരും അനുകരിക്കേണ്ടതാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ ഒരു സവിശേഷത വഖാറെ അമൽ ആകുന്നു. ഈ വർഷം ആഫ്രിക്കയിലെ വിവിധ രാജ്യങ്ങളിൽ ഉണ്ടാക്കിയ മസ്ജിദുകളും മിഷൻഹൗസുകളും മറ്റു പ്രവർത്തനങ്ങളും ഉൾപ്പെടുന്നു. 148 രാഷ്ട്രങ്ങളിൽനിന്നു വന്ന റിപ്പോർട്ടുകൾ അനുസരിച്ച് 114 രാജ്യങ്ങളിലായി 41111 വഖാറെ അമലുകൾ നടത്തി. അവ മുഖേന 52 ലക്ഷത്തി 13 ആയിരം യു.എസ് ഡോളർ നമുക്ക് ലാഭിക്കാൻ കഴിഞ്ഞു. ഇനി ആഫ്രിക്കയിൽ നിർമിക്കുന്ന മസ്ജിദുകളുടെ ചെലവ് നോക്കുകയാണെങ്കിൽ വഖാറെ അമൽ മുഖേന ലാഭിച്ച തുകകൊണ്ട് പത്ത് പുതിയ മസ്ജിദുകൾ ഉണ്ടാക്കാൻ അല്ലാഹു സൗഭാഗ്യം നൽകിയിരിക്കുന്നു. അങ്ങനെ അല്ലാഹു നമ്മുടെ പൈസയിൽ അനുഗ്രഹം വർഷിച്ചിരിക്കുന്നു.

കേന്ദ്ര പ്രതിനിധികളുടെ പര്യടനങ്ങൾ ഉണ്ടായിട്ടുണ്ട്. ലോകത്തിലെ നിരവധി രാജ്യങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. കേന്ദ്ര പ്രതിനിധികൾ പോയ സ്ഥലങ്ങളിലെ വിശദാംശങ്ങൾ വളരെ നീണ്ടതാണ്. ആയതിനാൽ അത് ഞാൻ ഒഴിവാക്കുകയാണ്. ഏതായാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ പര്യടനങ്ങൾ മുഖേന നല്ല പ്രതികരണമാണ് ഉണ്ടായിട്ടുള്ളത്.

റഖീം പ്രസ് മുഖേനയും ആഫ്രിക്കയിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. യു.കെ റഖീം പ്രസിനു കീഴിൽ നിരവധി പ്രസുകൾ നടക്കുന്നുണ്ട്. ഈ വർഷം ഫാർനഹ്മിലെ നമ്മുടെ റഖീം പ്രസിൽ പുസ്തകങ്ങൾ മാത്രമേ അച്ചടിക്കുന്നുള്ളൂ. അത് 3 ലക്ഷത്തി 60 ആയിരത്തി 240 ആണ്. ഇത് കൂടാതെ 'മുവാസിനാ മദാഹിബ്' 'അന്നുസ്റത്ത്' മാസിക വഖ്ഫെനൗ മാസികകളായ 'മർയം, ഇസ്മായീൽ' എന്നിവക്ക് പുറമേ ലഘുലേഖകളും, നോട്ടീസുകളും ജമാഅത്തീ ഓഫീസുകളുടെ സ്റ്റേഷനറി മുതലായ വർക്കുകളും ഈ പ്രസിൽ നടന്നുവരുന്നു.

യസർനൽ ഖുർആനിന്റെ എഴുത്തു മാതൃകയിൽ ഈ വർഷം വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിച്ചിരി

**അല്ലാഹുവിന്റെ വചനം**

*"ആദ് (സമുദായത്തി)ലേക്ക് അവരുടെ സഹോദരൻ ഹൂദിനെ നാം നിയോഗിച്ചു. അദ്ദേഹം (അവരോടു)പറഞ്ഞു: 'എന്റെ ജനമേ! നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് മറ്റൊരു ആരാധ്യനുമില്ല. അപ്പോൾ നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നില്ലേ."*
*(7:66)*

**ത്വാലിബെ ദുആ:**
**Rahman Shakeer & Family,Ahmadiyya Jama-ath Karulai, Kerala**

**അല്ലാഹുവിന്റെ വചനം**

*"നാം നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നിയോഗിച്ചു. എന്നിട്ട് അദ്ദേഹം അവരോടു പറഞ്ഞു: 'എന്റെ ജനമേ! നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് മറ്റൊരു ആരാധ്യനുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു നാളിന്റെ ശിക്ഷ നിങ്ങൾക്ക് വന്നെത്തുന്നത് ഞാൻ ഭയപ്പെടുന്നു."(7:60)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family Ahmadiyya Jama-ath Vaniyambalam**

ക്കുന്നു. ആറേഴ് വർഷമായി ഈ ജോലി തുടർന്ന് വരികയായിരുന്നു. ഇത് ഖാദിയാൻ ജമാഅത്തിന്റെ ചുമതലയിലാണ് നൽകിയത്. നമുക്ക് നമ്മുടെ 'ഫോണ്ടെ മൻളൂർ' ( Font Manzoor) പ്രകാരം വിശുദ്ധഖുർആൻ വേണമായിരുന്നു. നളാറത്ത് ഇശാഅത്ത് ഖാദിയാൻ ഇതിൽ വലിയ സേവനമാണ് ചെയ്തത്. അൽഹംദുലില്ലാഹ് വളരെ മനോഹരവും ഹൃദയഹാരിയുമാ വിശുദ്ധ ഖുർആൻ ഈ ഫോണ്ടിൽ അച്ചടിച്ചിരിക്കുന്നു. ഭംഗിയുള്ള ബോർഡർ ആണ്. ബൈന്റിംഗും മനോഹരമാണ്. ഇവിടെ വന്ന മുഴുവൻ കോപ്പികളും യു.കെയിലാണുള്ളത്. വളരെ വേഗം പോകുന്നുണ്ട്. ഉടനെതന്നെ നമുക്ക് രണ്ടാമത്തെ എഡിഷനും പ്രസിദ്ധീകരിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. കാഴ്ചയ്ക്ക് വളരെ മനോഹരമാണ്. അതിന്റെ ബൈന്റിംഗും അകത്തുള്ള എഴുത്തും കടലാസും എല്ലാംതന്നെ പ്രത്യേകിച്ചും ഇതിന്റെ ബൈന്റിംഗ് വളരെ നല്ലതാണ്. ഞാൻ പറഞ്ഞതുപോലെ ഈ വിശുദ്ധ ഖുർആന്റെ ഫോണ്ട് യസ്സർനൽ ഖുർആന്റെ ഫോണ്ടാകുന്നു. ആ ഫോണ്ടിന് മൻളൂർ ഫോണ്ട് (Manzoor Font)എന്നാണ് പേരു വെച്ചിരിക്കുന്നത്. ഇത് ജമാഅത്തിന്റെ പ്രത്യേക ഫോണ്ടാകുന്നു. മറ്റെവിടേയും ഇതില്ല. ഇത് പാരായണം ചെയ്യാനും വളരെ എളുപ്പമാണ്. ഞാൻ പറഞ്ഞുവന്നതുപോലെ ഇന്ത്യയിലെ ഖാദിയാൻ നളാറത്ത് ഇശാഅത്ത് ഇതിൽ നല്ലപോലെ പ്രയത്നിച്ചിട്ടുണ്ട്. അതുപോലെ ഇവിടെ റഖീം പ്രസിൽ സഹായത്തിനുവേണ്ടി, തുർക്കിയിലെ അഹ്മദി സഹോദരൻ മുഹമ്മദ് സാഹിബ് അതു സംബന്ധമായി വലിയ സഹായമാണ് ചെയ്തിട്ടുള്ളത്. മേലിൽ വിശുദ്ധ ഖുർആനിന്റെ തർജമയും ഈ ഫോണ്ടിൽ അച്ചടിക്കുന്നതായിരിക്കും. അതോടൊപ്പം ഇതേ ഫോണ്ടിൽ ഹദ്റത്ത് മൗലവി ശേർ അലി സാഹിബിന്റെ തർജുമയും തയ്യാറാക്കുന്നുണ്ട്. ഇൻശാ അല്ലാഹ്. എത്രയും വേഗം അച്ചടിക്കാൻ നൽകുന്നതായിരിക്കും. അതുപോലെ ഹദ്റത്ത് മീർ ഇസ്ഹാഖ് സാഹിബിന്റെ വാക്കർഥത്തിലും ഇതേ ഫോണ്ട് ഉപയോഗിക്കുന്നതായിരിക്കും. അതിന്റെ തയ്യാറെടുപ്പും നടന്നുവരുന്നുണ്ട്. പാക്കിസ്താനിൽ വിശുദ്ധ ഖുർആൻ പ്രചരിപ്പിക്കാനും പാരായണം ചെയ്യാനും സൂക്ഷിക്കാനും നമ്മുടെ മാർഗത്തിൽ തടസങ്ങൾ ഉണ്ടാക്കുകയായിരുന്നു. എന്നാൽ, അല്ലാഹു അതിനെക്കാളുപരി ഏറ്റവും നല്ല മാർഗങ്ങൾ നമുക്കുവേണ്ടി തുറന്ന് തന്നുകൊണ്ടിരിക്കുന്നു.

ഇപ്പോൾ യു.കെ യിലെ റഖീം പ്രസിനു കീഴിൽ ആഫ്രിക്കയിൽ എട്ടു രാഷ്ട്രങ്ങളിൽ, അതായത് ഘാന, നൈജീരിയ, ടാൻസാനിയ, സിയറാ ലിയോൺ, ഐവറികോസ്റ്റ്, ഗാംബിയ, ബുർക്കിനാ ഫാസോ, ബെനിൻ എന്നിവിടങ്ങളിൽ പ്രസ് പ്രവർത്തിക്കുന്നുണ്ട്. അതിനുള്ള മിഷനുകളും അവർക്ക് നൽകിയിട്ടുണ്ട്. അവർ അവിടെ നിന്ന് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ എണ്ണം 6 ലക്ഷത്തി 12 ആയിരത്തിൽ അധികമാകുന്നു. അതുകൂടാതെ പത്രമാസികകളും, തബ്ലീഗി പ്രസിദ്ധീകരണങ്ങളും ലഘുലേഖകളും മറ്റുമുണ്ട്. ഇവയുടെ എണ്ണം 94 ലക്ഷത്തി 50 ആയിരം ആകുന്നു. ഈ കാലത്ത് ഗാംബിയയിൽ നമ്മുടെ സ്വന്തം ജോലികൾക്ക് പുറമേ, ഗാംബിയ ആരോഗ്യ വകുപ്പ് കോവിഡ് ബോധവൽക്കരണത്തിന് മുൻകരുതൽ സംബന്ധിച്ച് ലഘുലേഖയും പോസ്റ്ററും മറ്റും അച്ചടിച്ചിരുന്നു. അത് സർക്കാർ ഓർഡർ തന്നതാണ്. കാരണം മറ്റു പ്രസുകളൊക്കെ അടഞ്ഞു കിടക്കുകയായിരുന്നു. അതുകൊണ്ടാണ് നമ്മളോടു അച്ചടിക്കാൻ പറയഞ്ഞത്. നമ്മൾ അവരെ സഹായിക്കുകയും ചെയ്തു.

വക്കാലത്ത് ഇശാഅത്ത് പ്രസിദ്ധീകരണ വിഭാഗം 93 രാഷ്ട്രങ്ങളിൽനിന്ന് ലഭിച്ച റിപ്പോർട്ട് പ്രകാരം 407 വിവിധ ഗ്രന്ഥങ്ങളും ലഘുലേഖകളും ഫോൾഡറുകളും മറ്റും 42 ഭാഷകളിൽ 4256659 എണ്ണം പ്രസിദ്ധീകരിച്ചു. ഇതിൽ വിവിധ രാഷ്ട്രങ്ങളുടെ നീണ്ട ലിസ്റ്റുണ്ട്.

**വിവിധ രാജ്യങ്ങളിൽ പ്രാദേശിക ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങൾ:**

ഈ നേരത്ത് ലോകം മുഴുവനും 25 ഭാഷകളിൽ 94 വൈജ്ഞാനികവും ശിക്ഷണപരവുമായ ലേഖനങ്ങൾ പത്രമാസികകളിൽ പ്രസിദ്ധീകരിച്ചു വരുന്നു. 29 ഭാഷകളിൽ പത്രമാസികകൾ പ്രസിദ്ധീകരിക്കുന്നുണ്ട്.

**റിപ്പോർട്ട് വക്കാലത്ത് ഇശാഅത്ത്:**

വക്കാലത്ത് ഇശാഅത്തിൽ പ്രസിദ്ധീകരണങ്ങൾ അയച്ചു കൊടുക്കുന്നതിന് പ്രത്യേക വകുപ്പുണ്ട്. ഇവിടെ 24 ഭാഷകളിൽ 190000 ൽ അധികം ഗ്രന്ഥങ്ങൾ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ഇവിടെ നിന്ന് അയക്കുകയുണ്ടായി. ഇതുകൂടാതെ വിവിധ രാജ്യങ്ങളിൽ 709 വിവിധ ശീർഷകങ്ങളിൽ പുസ്തകങ്ങളും ഫോൾഡറുകളും ലഘുലേഖകളും 63 ലക്ഷത്തി 87ആയിരം പ്രതികൾ സൗജന്യമായി വിതരണം ചെയ്തു. ഇവ മുഖേന ലോകത്ത് ലക്ഷക്കണക്കിന് ആളുകൾക്ക് സന്ദേശം എത്തിക്കാൻ കഴിഞ്ഞു.

**വക്കാലത്ത് തസ്നീഫ്:**

യു.കെ ഈ വർഷം വിശുദ്ധ ഖുർആൻ ഇറ്റാലിയൻ ഭാഷയിലെ തർജമയുടെ പുനപരിശോധന പൂർത്തിയാക്കിയിരിക്കുന്നു. ഇതിന്റെ ഫയൽ പ്രസിദ്ധീകരിക്കാൻ അയച്ചിരിക്കുന്നു. ഈ വർഷം സ്വഹീഹ് ബുഖാരിയുടെ തർജമയും വിശദീകരണവും 11 ഭാഗങ്ങളിൽ യു.കെയിൽ നിന്ന് തയ്യാറാക്കിയിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥമായ '*ഇഅ്ജാസുൽ മസീഹ്*'ന്റെ ഇംഗ്ലീഷ് പരിഭാഷ ഈ വർഷം അച്ചടിച്ചിരിക്കുന്നു. *ഇത്മാമുൽ ഹുജ്ജ, ജംഗേ മുഖദ്ദസ്* എന്നിവയുടെ ഇംഗ്ലീഷ് പരിഭാഷയുടെ പണികൾ പൂർത്തിയായിട്ടുണ്ട്. ഇൻശാ അല്ലാഹ് എത്രയും വേഗം പ്രസിദ്ധീകരിക്കാൻ അയക്കുന്നതാണ്. റൂഹാനി ഖസാഇന്റെ പത്താമത്തെ വാള്യം, കൂടാതെ മറ്റു 22 വാള്യങ്ങളും ഇംഗ്ലണ്ടിൽ നിന്ന് പ്രസിദ്ധീകരിക്കുകയാണ്. ഈ പത്താമത്തെ വാള്യവും എത്രയും വേഗം തുടങ്ങുന്നതായിരിക്കും. ഇരുപത്തി മൂന്ന് വാള്യങ്ങളും എത്രയും വേഗം വരുമെന്ന് പ്രതീക്ഷിക്കുന്നു. 2019–2020 നടപ്പു വർഷത്തിൽ 36 രാജ്യങ്ങളും 8 ഡസ്കുകളും മുഖേന കിട്ടിയ റിപ്പോർട്ട് അനുസരിച്ച് 33 ഭാഷകളിൽ 154 ഗ്രന്ഥങ്ങളും ഫോൾഡറുകളും തയ്യാറാക്കിയിരിക്കുന്നു. അതിൽ ഇംഗ്ലീഷ്, സ്പാനിഷ്, ലാത്തീനിയൻ, ലുഗാണ്ട(Luganda), ഫാർസി, ജർമനി, ബർമീസ്, ഫ്രഞ്ച്, ഹൗസ(hausa) അറബി, സ്വാഹിലി, ഇന്തൊനേഷ്യൻ, ഉർദു, ചൈനീസ്, ബുറുണ്ടി(burundi), മണ്ടികാ(Mandinka), മെസിഡോണിയൻ, ടോംഗാ, പോർച്ചുഗീസ്, ഇബ്റാനി, ഡച്ച്, ക്രൊയേഷ്യൻ, ഫുലാ(Fula), ബേമ്പാ(bemba), ലോസി (Lozi), അൽബാനിയൻ, റഷ്യൻ, ബംഗ്ലാ, യോറുബ(yoruba) വോൽഫ്(wolf), നയാൻജാ(nyanja), തായി(thai), നോർവീജിയൻ ഭാഷകൾ ഉൾപ്പെടുന്നു.

ഉക്രൈനിൽനിന്ന് ഒരു സുഹൃത്ത് സർഗയീദ മിത്രോ സാഹിബ് കഴിഞ്ഞ വർഷം ജൽസയിൽ വന്നിരുന്നു. അഹ്മദി അല്ല. എന്നാൽ, ജൽസയിൽ വന്നപ്പോൾ ആശോള ബയ്അത്തിൽ പങ്കെടുത്ത് ബയ്അത്ത് ചെയ്തു. നല്ല നിലയിൽ നിരൂപണവും അവലോകനവും ചെയ്യുന്ന ആളും മതപരിജ്ഞാനത്തിൽ നിപുണനുമായിരുന്നു. അദ്ദേഹം പറയുന്നു: 'ഇവിടെ വന്നപ്പോൾ ഞാനുമായി കൂടിക്കാഴ്ച നടന്നു. അദ്ദേഹത്തോട് ഞാൻ പറഞ്ഞു, ഇസ്ലാംമത തത്ത്വജ്ഞാനം വായിക്കുക. നിങ്ങൾ വിദ്യാസമ്പന്നനായ വ്യക്തിയാണ്. അത് സംബന്ധിച്ച് നിങ്ങൾ ഒരു വിശകലനം എഴുതുക. അങ്ങനെ തിരിച്ചു വന്നശേഷം പറയുന്നു, ഞാൻ പുസ്തകം വായിച്ച് തുടങ്ങിയപ്പോൾ, ഒരൊറ്റ ഇരുപ്പിൽത്തന്നെ അത് വായിച്ചുതീർത്തു.' അദ്ദേഹം പറയുന്നു: 'പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) കേവലം മതനേതാവ് മാത്രമല്ലെന്നും മറിച്ച് മതജ്ഞാനങ്ങളുടെ ഒരു വലിയ ഗവേഷകനാണെന്നും എനിക്ക് ബോധ്യമായി.' അദ്ദേഹം പറയുന്നു: 'ഞാൻ എന്റെ ജീവിതത്തിൽ ഒരുപാട് ഗ്രന്ഥങ്ങളെ സംബന്ധിച്ച് അവലോകനം എഴുതിയിട്ടുണ്ട്. എന്നാൽ, അവയിലൊന്നും പുതിയൊരു കാര്യം ഉള്ളതായി എനിക്ക് തോന്നിയിട്ടില്ല. എന്നാൽ, *ഇസ്ലാം മതതത്ത്വജ്ഞാനം* വായിച്ചപ്പോൾ എന്റെ അറിവിൽ വളരെയധികം വർധനയുണ്ടായി. ഈ ഗ്രന്ഥത്തെ കുറിച്ചുള്ള അവലോകനം കേവല ബുദ്ധിയുടെ തുലാസു കൊണ്ടല്ല, മറിച്ച് ഹൃദയത്തിന്റെയും ആത്മാവിന്റെയും ദർപ്പണത്തിലൂടെ കടത്തിവിട്ടു കൊണ്ടാണ് എഴുതുന്നത്.'

വീണ്ടും പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്ലാമിന്റെ പുനരുദ്ധാരണത്തിനും മുസ്ലിംഉമ്മത്തിന്റെ പരിഷ്കരണത്തിനും പ്രത്യേകം ഊന്നൽ നൽകിയിരിക്കുന്നു. ഏതെങ്കിലും മതത്തിന്റെ നവോഥാനം വളരെ പ്രധാന സംഗതിയാണെന്ന കാര്യത്തിൽ തർക്കമൊന്നുമില്ല. ഇതു സംബന്ധമായി നാമ്മൾ മധ്യനൂറ്റാണ്ടിലേക്ക് ദൃഷ്ടി പായിച്ചാൽ, നമുക്ക് യൂറോപ്പ്യൻ നവോഥാനം ആരംഭിക്കുന്നതിനു മുമ്പേ ക്രിസ്ത്രീയരിൽ വിശ്വാസത്തിന്റേയും ദൃഢജ്ഞാനത്തിന്റേയും വലിയ പ്രതിസന്ധി ഉണ്ടായതായി കാണാം. മസീഹ് മൗഊദ് വരുന്നവരേയും ഇസ്ലാമിന്റെ അവസ്ഥയും ഇതു തന്നെയായിരുന്നു.'

അദ്ദേഹം പറയുന്നു: 'എനിക്ക് പ്രത്യേകമായും രണ്ട് വശങ്ങൾ ഇഷ്ടമായി; നൈസർഗിക അവസ്ഥയേയും നൈതികതയുടെ വിവക്ഷിതവും മനസിലാക്കിത്തന്നത്. നമ്മൾ നമ്മുടെ സൃഷ്ടിപ്പിന്റെ യാഥാർഥ്യവും അല്ലാഹു സൃഷ്ടിച്ചതിന്റെ പ്രാധാന്യവും മനസിലാക്കേണ്ടിയിരിക്കുന്നു. അതിനെ വിലമതിക്കണം. അതുപോലെ നൈതികഭാവങ്ങളേയും അതിന്റെ അടിസ്ഥാനവും മനസിലാക്കാൻ ശ്രമിക്കണം. നമ്മൾ അധികപേരും ഇക്കാലഘട്ടത്തിൽ മനുഷ്യനെ സത്യത്തിൽനിന്ന് അകറ്റുന്ന മാർഗങ്ങളെ വിസ്മരിക്കുന്നു. അത് വളരെയധികമുണ്ട്. അതുകൊണ്ട് ദൈവിക സൃഷ്ടികളെ വിലമതിക്കേണ്ടിയിരിക്കുന്നു.'

വീണ്ടും അദ്ദേഹം പറയുന്നു: 'ഈ ഗ്രന്ഥം വായിച്ചപ്പോൾ താങ്കൾ പ്രഭാഷണത്തിൽ പറഞ്ഞ കാര്യങ്ങൾ എനിക്ക് ഓർമ വന്നു.' ഞാൻ അദ്ദേഹത്തോട് പറഞ്ഞതല്ല. പ്രഭാഷണത്തിന്റെ അവസാനത്തിൽ പറഞ്ഞതായിരുന്നു. ഞാൻ അതിൽ പറഞ്ഞത്, ഹദ്റത്ത് മസീഹ് മൗഊദ്(അ) മുസ്ലിം ലോകത്ത് ഇസ്ലാമിനെ കുറിച്ച് ഉണ്ടായിട്ടുള്ള തെറ്റായ ചിത്രത്തെ ഇല്ലാതാക്കുകയും പിന്നെ തന്റെ ജമാഅത്തിനെ പരിഷ്കരിക്കുകയും ചെയ്തു എന്നാണ്. അദ്ദേഹം എന്നെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു, 'മുസ്ലിം ലോകത്ത് നിലനിന്നിരുന്ന തെറ്റായ ധാരണകൾ നീക്കുകയും പിന്നെ ജമാഅത്തിന്റെ പരിഷ്കരണത്തിൽ ശ്രദ്ധ ചെലുത്തുകയും ചെയ്തു. ആ വാക്കുകൾ എന്റെ മനസിൽ വന്നുകൊണ്ടിരുന്നു.' അദ്ദേഹം പറയുന്നു, 'നമ്മളിൽ ഓരോരുത്തരും തങ്ങളുടെ കുടുംബത്തിന്റേയും ചുറ്റുപാടിന്റേയും, രാജ്യത്തിന്റേയും പരിഷ്കരണം നടത്തിയാൽ അതുമുഖേന ലോകത്തിന്റെ വിശ്വാസ കാര്യങ്ങളെ പരിഷ്കരിക്കാൻ യോഗ്യരായിത്തീരുന്നതാണ്.'

വീണ്ടും അദ്ദേഹം പറയുന്നു: 'മിർസാ ഗുലാം അഹ്മദ് ഖാദിയാനി, നൈസർഗിക അവസ്ഥകളേയും നൈതികതയേയും വിശദീകരിച്ചുകൊണ്ട് മതവിജ്ഞാനങ്ങളുടെ പുതിയൊരു അധ്യായമാണ് തുറന്നത്. എന്റെ വീക്ഷണത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ് ആദ്യമായി ഇതു സംബന്ധിച്ച സാങ്കേതിക പദങ്ങൾ ഉപയോഗിച്ചത്. അവയെ വളരെ ഉന്നതമായ പരിശുദ്ധാവസ്ഥയിൽ മനസിലാക്കിത്തരികയും ചെയ്തു.'

വീണ്ടും അദ്ദേഹം പറയുന്നു: 'ഒരു മതവിജ്ഞാന ഗവേഷകൻ എന്ന നിലക്കും തത്ത്വചിന്തകൻ എന്ന നിലക്കും എനിക്ക് ഈ ഗ്രന്ഥപാരായണത്തിൽ നല്ല സന്തോഷം തോന്നി. അതുകൊണ്ട് ഈ ഗ്രന്ഥം അഹ്മദിയ്യാ ജമാഅത്ത് വളരെ വിപുലമായ തോതിൽ പ്രസിദ്ധീകരിക്കണമെന്നും, വിവിധ ഭാഷകളിൽ തർജമ ചെയ്യണമെന്നും ഞാൻ പറയുകയാണ്. അങ്ങനെ ഈ ഗ്രന്ഥ പാരായണംകൊണ്ട് മതവിശ്വാസത്തേയും യഥാർഥ സത്യത്തേയും കുറിച്ച് കൂടുതൽ കൂടുതൽ മനസിലാക്കാൻ കഴിയുന്നതാണ്.'

നേപ്പാളിലെ ഒരു പ്രൊഫസർ സാഹിബിന് എന്റെ വിവിധ പ്രഭാഷണങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള World Crisis and Pathway to Peace എന്ന ഗ്രന്ഥം ഉപഹാരമായി നൽകി. അദ്ദേഹം പറയുന്നു: 'ഈ ഗ്രന്ഥം ഇക്കാലത്തിന്റെ അവസ്ഥകൾക്ക് അനുസൃതമായി വളരെ അനുഗുണമാകുന്നു.' ഈ പുസ്തകത്തിലെ നിരവധി ഖണ്ഡികകളിലും വാചകങ്ങളിലും അദ്ദേഹം അടയാളപ്പെടുത്തിയിരുന്നു. അദ്ദേഹം പറയുന്നു: 'ഞാൻ ഈ ഉദ്ധരണികൾ ഹൈലേറ്റ് ചെയ്യാൻ ആഗ്രഹിക്കുന്നു. കാരണം ഇവ ലോകത്ത് പരത്തേണ്ടത് അത്യാവശ്യമാകുന്നു. ലോകത്തിനു മുഴുവനുമുള്ള സുവർണോപദേശങ്ങൾ ഇതിൽ പറഞ്ഞിരിക്കുന്നു.' അദ്ദേഹം പറയുന്നു: 'ഈ പുസ്തകം വളരെ ഇഷ്ടപ്പെട്ടു. ഞാൻ എന്റെ സുഹൃത്തുക്കൾക്കും ഈ പുസ്തകം വായിക്കാൻ നൽകുന്നതാണ്.'

മറ്റൊരു പ്രൊഫസർ നേപ്പാളിലെ ഡോക്ടർ ഗോവിന്ദയാണ്. അദ്ദേഹവും നിരൂപണം ചെയ്ത്കൊണ്ടു പറയുന്നു: 'ഞാൻ ഈ പുസ്തകം വായിച്ചു. ഇന്ന് ലോകത്ത് മുഴുവനും മാധ്യമങ്ങൾ മുസ്‌ലിമീങ്ങളെ തെറ്റായി അവതരിപ്പിച്ചു കൊണ്ടിരിക്കുന്നു. അത്തരം സന്ദർഭത്തിൽ ഒരു മുസ്‌ലിം നേതാവ്, ലോകത്ത് മുഴുവൻ സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്നത് അമുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം ആശ്ചര്യാവഹമാകുന്നു. മുസ്‌ലിമീങ്ങളിൽ 73 കക്ഷികളുണ്ട്. ഇസ്റായേലുമായി അവർക്ക് മതപരവും രാഷ്ട്രീയവുമായ എതിർപ്പുമുണ്ട്. ഇത്തരം അവസ്ഥയിൽ ഒരു മുസ്‌ലിം നേതാവ് സമാധാനം പുനഃസ്ഥാപിക്കാൻ അവിടെയുള്ള പ്രധാനമന്ത്രിക്ക് കത്തയച്ചുകൊണ്ട് വളരെ പ്രധാന സംഗതിയാണ് ചെയ്തത്. അതുപോലെ അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ, ഇറാൻ പ്രധാനമന്ത്രിക്കും ഇത് സംബന്ധിച്ച് കത്തയച്ചിരിക്കുന്നു. അത് എന്നെ ഏറെ ആകർഷിച്ച കാര്യമാണ്. *ആഗോള പ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും* എന്ന പുസ്തകം വായിച്ചാൽ അമുസ്‌ലിമീങ്ങൾക്ക് ഇസ്‌ലാമിന്റെ സമാധാനസന്ദേശം അറിയാനും മനസിലാക്കാനും വളരെ ഉപകാരപ്രദമായിരിക്കും. അഹ്മദിയ്യാ ജമാഅത്ത് മറ്റു മുസ്‌ലിമീങ്ങളെ അപേക്ഷിച്ച് ലോകത്ത് സമാധാന സംബന്ധമായി തങ്ങളുടെ കാര്യം അവതരിപ്പിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ വീക്ഷണമനുസരിച്ച് വിശുദ്ധ ഖുർആനിന്റെ പാഠങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ മാത്രമേ ലോകത്ത് സമാധാനം ഉണ്ടാകുകയുള്ളൂ. തീർച്ചയായും ഇത് നിഷേധിക്കാൻ സാധ്യമല്ല.'

വേറൊരു സുഹൃത്ത് നേപ്പാളിൽ ഒരു ബുക്ക് സ്റ്റാളിൽ വന്നിരുന്നു. ഈ പുസ്തകം കണ്ടപ്പോൾ പറഞ്ഞു, 'ഈ പുസ്തകത്തിൽ ഇസ്‌ലാം എന്തുകൊണ്ട്, എപ്പോൾ യുദ്ധത്തിന് അനുമതി നൽകുന്നു എന്ന പ്രശ്നം പരാമർശിച്ചിരിക്കുന്നു. ഇത് വളരെ സുപ്രധാന ചോദ്യമാണ്. ഒരു നീണ്ടകാലമായി ഞാൻ ഇതിന്റെ മറുപടി അന്വേഷിക്കുകയായിരുന്നു. ഇന്ന് എനിക്ക് അതിന്റെ മുപടി ലഭിച്ചിരിക്കുന്നു.'

ജാർഖണ്ഡിൽ (ഇന്ത്യ) ഒരു ബുക്ക് ഫെയറിൽ ഒരാൾ വരികയുണ്ടായി. അദ്ദേഹത്തിന് ഇസ്‌ലാമിനെ സംബന്ധിച്ച് പക്ഷപാതപരമായ വീക്ഷണമാണ് ഉണ്ടായിരുന്നത്. വന്നപ്പോൾത്തന്നെ ഇസ്‌ലാമിനേയും ഹദ്റത്ത് മുഹമ്മദ് റസൂലുല്ലാഹ്(സ)നേയും സംബന്ധിച്ച് വിവിധതരം ആക്ഷേപങ്ങൾ ഉന്നയിക്കാൻ തുടങ്ങി. അദ്ദേഹം ഇസ്‌ലാം വിരുദ്ധ പുസ്തകങ്ങളൊക്കെ വായിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് ആക്ഷേപങ്ങൾ ഉന്നയിച്ചത്. അദ്ദേഹത്തിന് ഇസ്‌ലാമിന്റെ യഥാർഥ പാഠങ്ങൾ പറഞ്ഞുകൊടുത്തപ്പോൾ ഏറെ ആകൃഷ്ടനായി. അദ്ദേഹം പറഞ്ഞു, 'ഇന്നേവരെ എനിക്ക് ശരിയായ ഇസ്‌ലാമിനെ സംബന്ധിച്ച് അറിയില്ലായിരുന്നു. ഇനി ഞാൻ നിങ്ങളുടെ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതാണ്.' അങ്ങനെ അദ്ദേഹത്തിന് പുസ്തകങ്ങൾ നല്കി. പ്രത്യേകിച്ചും ആഗോളപ്രതിസന്ധിയെ സംബന്ധിച്ചുള്ള പുസ്തകം. അദ്ദേഹം അടുത്ത ദിവസം വന്നിട്ട് പറഞ്ഞു, 'ഞാൻ Path way to Peace എന്നതിന്റെ കുറച്ച് ഭാഗങ്ങൾ വായിച്ചു. വളരെയധികം ഇഷ്ടപ്പെട്ടു. ഇതുമുഖേന എന്റെ മനസിലുണ്ടായിരുന്ന നിരവധി സംശയങ്ങൾ ദൂരീകരിക്കപ്പെട്ടിരിക്കുന്നു.' ഇപ്പോൾ അദ്ദേഹം നമ്മളുമായി നിരന്തരം ബന്ധപ്പെടാറുണ്ട്.

കിരിബാറ്റി(Kiribati)യിലെ മുബല്ലിഗ് സാഹിബ് എഴുതുന്നു: ഇവിടെയുള്ളവർ മനസിലാക്കുന്നത് മുസ്‌ലിമീങ്ങൾ മറ്റുള്ളവരെ കൊന്നൊടുക്കാൻ തയ്യാറാകുന്നു എന്നാണ്. എന്നാൽ, ഇത് തെറ്റാണെന്ന് ഇപ്പോൾ പലർക്കും അറിയാം. എത്രത്തോളമെന്നാൽ രാജ്യത്തിന്റെ പ്രസിഡന്റിനെ കണ്ട് മുസ്‌ലിമീങ്ങൾക്ക് എന്തിനാണ് രാജ്യത്തിനുള്ളിൽ പ്രവേശിക്കാൻ അനുമതി നൽകിയതെന്നും അവരെ എത്രയും വേഗം രാജ്യത്തുനിന്ന് പുറത്താക്കണമെന്നും ആവശ്യമുന്നയിക്കുകയും ആക്ഷേപങ്ങൾ പറയുകയും ചെയ്തു. പ്രസിഡന്റ് അവരോട് പറഞ്ഞു, 'ഞാൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്തിട്ടുണ്ട്. ഇസ്‌ലാം ഒരു സമാധാന മതമാകുന്നു. ഞാൻ അവരെ ഒരിക്കലും ഇവിടെ നിന്ന് പുറത്താക്കുന്നതല്ല. അൽഹംദുലില്ലാഹ്.' ഏതാനും കൂടിക്കാഴ്ച കൊണ്ട് അദ്ദേഹത്തിന് ഇസ്‌ലാമിന്റെ യഥാർഥ പാഠങ്ങളെ സംബന്ധിച്ച് ബോധ്യപ്പെടുത്തുകയുണ്ടായി. ഈ സമയത്ത് ഈ രാജ്യത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇസ്‌ലാമിക അധ്യാപനങ്ങൾ പ്രചരിപ്പിക്കുന്നത്.

ശയാങ്ക റീജ്യണിലെ(ടാൻസാനിയ)പര്യടനത്തെ സംബന്ധിച്ച് റീജ്യണൽ മുബല്ലിഗ് എഴുതുന്നു, 'അവിടെയുള്ള ചെയർമാനുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം കാര്യങ്ങൾ ഗ്രഹിക്കുന്ന ആളും ബുദ്ധിമാനും ആയിരുന്നു. പക്ഷേ, നിർമതവാദിയാണ്. ഞാൻ അദ്ദേഹത്തോട് ദൈവത്തിൽ വിശ്വസിക്കേണ്ടതിന്റെയും മതത്തിന്റെയും ആവശ്യകതയെ സംബന്ധിച്ച് പറഞ്ഞുകൊടുത്തു. അദ്ദേഹം പറഞ്ഞു, ഞാൻ സമൂഹത്തിൽ ആദരണീയമായ സ്ഥാനത്ത് കഴിയുകയാണ്. വീട്ടിൽ രണ്ടുഭാര്യമാരും മക്കളുമൊത്ത് ദൈവത്തെ അംഗീകരിക്കാതെതന്നെ നല്ല രീതിയിൽ ജീവിക്കുന്നു. ഞാൻ എന്തിന് ദൈവത്തേയും മതത്തേയും അംഗീകരിക്കണം? അപ്പോൾ മുബല്ലിഗ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ദൈവാസ്തികൃത്തെ സംബന്ധിച്ച് നൽകിയ തെളിവുകൾ ഉദാഹരണസഹിതം സമർപിച്ചു.' ഇവ രണ്ടും വളരെ നല്ല പുസ്തകങ്ങളാണ്–എല്ലാ അഹ്മദികളും അത് വായിച്ചിരിക്കേണ്ടതാണ്.

അദ്ദേഹം പറഞ്ഞു: 'ഞാൻ ഇസ്‌ലാം അഹ്മദിയ്യത്ത് സ്വീകരിക്കാൻ ആഗ്രഹിക്കുന്നു. മുബല്ലിഗ് പറഞ്ഞു, നിങ്ങൾ മതത്തിന്റെ ആവശ്യംതന്നെ ഇല്ലെന്ന് പറഞ്ഞതല്ലേ, ഇസ്‌ലാം അഹ്മദിയ്യത്ത് സ്വീകരിക്കാൻ തയ്യാറാകുകയാണോ?' അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഇക്കാര്യങ്ങൾ കേട്ടപ്പോൾ എന്റെ ഹൃദയത്തിന് തൃപ്തി കൈവന്നിരിക്കുന്നു.' അങ്ങനെ അദ്ദേഹം തന്റെ എട്ട് മക്കളോടൊപ്പം അഹ്മദിയ്യത്തിൽ പ്രവേശിച്ചു. അൽഹംദുലില്ലാഹ്. അദ്ദേഹം കൃത്യമായി ജുമുഅ നമസ്കരിക്കുകയും ജമാഅത്ത് സംവിധാനവുമായി പൂർണമായും ബന്ധപ്പെടുകയും ചെയ്യുന്നുണ്ട്.

ലീഫ്ലെറ്റ്സുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ഉണ്ടായിരുന്നു. ഈ വർഷം 111 രാഷ്ട്രങ്ങളിൽ മൊത്തത്തിൽ 93 ലക്ഷത്തി 57 ആയിരത്തിൽ അധികം ലീഫ്ലെറ്റ്സ് വിതരണം ചെയ്തു. ഇതുമുഖേന 2 കോടി 27 ലക്ഷം ജനങ്ങൾക്ക് സന്ദേശമെത്തിച്ചു. ഇതിൽ ജർമനിയാണ് ഏറ്റവുമധികം ചെയ്തിട്ടുള്ളത്, 25 ലക്ഷം. തുടർന്ന് യു.കെ 13 ലക്ഷം, ആസ്ട്രേലിയ 8 ലക്ഷം, ഹോളണ്ട് 4 ലക്ഷം, കനഡ 3 ലക്ഷം ഇതുപോലെ മറ്റ് രാഷ്ട്രങ്ങളിലും ലക്ഷക്കണക്കിന് വിതരണം ചെയ്തിട്ടുണ്ട്.

ആഫ്രിക്കയിൽ വിതരണം ചെയ്തതിൽ ടാൻസാനിയയാണ് ഒന്നാം സ്ഥാനത്ത്. ഏകദേശം രണ്ടു ലക്ഷം. പിന്നെ ബെനിൻ. അവരുടേയും ഏറെക്കുറെ ഇതിന് സമമാണ്. പിന്നെ ബുർക്കിനാ ഫാസോ, നൈജർ, നൈജീരിയ, കോംഗോ കിൻസാഷാ മുതലായ രാഷ്ട്രങ്ങൾ, ഇതുകൂടാതെ ഇന്ത്യയിൽ 4 ലക്ഷത്തി 46 ആയിരത്തിൽ അധികം ലീഫ്ലെറ്റ്സ് വിതരണം ചെയ്തു.

ടാൻസാനിയയിലെ മാറാ(Mara)റീജ്യണിലെ മുഅല്ലിം എഴുതുന്നു: 'ഒരു ഗ്രാമത്തിലെ 4 യുവാക്കൾ ജമാഅത്തിന്റെ പാംഫലറ്റ്സ് വായിച്ച ശേഷം ഫോണിൽ ബന്ധപ്പെട്ടു. ജമാഅത്തിനെ സംബന്ധിച്ച് അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചു. കുറച്ചുകാലം അനുകൂലികളായി തുടർന്ന ശേഷം കുടുംബത്തോടൊപ്പം ബയ്അത്ത് ചെയ്തു. തുടർന്ന് തങ്ങളുടെ ഗ്രാമത്തിൽ തബ്‌ലീഗ് ആരംഭിച്ചു. ഇതിൽ ഒരു യുവാവ് തന്റെ ഗ്രാമത്തിലെ ചെയർമാനുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ അഹ്മദിയ്യത്തിന്റെ സന്ദേശം വീടുവീടാന്തരം എത്തുന്നുണ്ട്. ഇതുവരെയായി ഈ ഗ്രാമത്തിൽ 82 ആളുകൾ ബയ്അത്ത് ചെയ്തിരിക്കുന്നു. തബ്‌ലീഗിന്നിടയിൽ എതിർപ്പും നേരിടേണ്ടി വരുന്നുണ്ട്. ഒരു ദിവസം 'അൻസ്വാറുസ്സുന്ന' എന്ന ജമാഅത്തിലെ മൗലവി വന്ന് ഉയർന്ന ശബ്ദത്തിൽ ജമാഅത്തിനെതിരിൽ മോശമായ ഭാഷ ഉപയോഗിക്കാൻ തുടങ്ങി. ജനങ്ങൾതന്നെ അയാളെ നിശബ്ദനാക്കിക്കൊണ്ട് പറഞ്ഞു, 'ഇങ്ങനെ ബഹളം കൂട്ടുന്നത് മതഗുരുക്കന്മാരുടെ ജോലിയല്ല. തുടർന്ന് ശരിയായ രീതിയിൽ വൈജ്ഞാനിക സംവാദത്തിനും അഹ്മദിയ്യാ ജമാഅത്തിന്റെ പാഠങ്ങൾ മനസിലാക്കാനും അയാളെ ക്ഷണിക്കുകയുണ്ടായി. തെളിവുകളുടെ രംഗത്ത് മറുപടി ഇല്ലാതായപ്പോൾ വീണ്ടും മോശമായ സംസാരം അയാൾ ആരംഭിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ സമാധാന സന്ദേശത്തിലും ഈ സംഭവത്തിലും ആകൃഷ്ടനായ ഒരു മാന്യവ്യക്തി തന്റെ സ്ഥലം ജമാഅത്തിന് ജുമുഅ നമസ്കരിക്കാനും ജമാഅത്തായി നമസ്കരിക്കാനും നൽകുകയുണ്ടായി. അങ്ങനെ നിരവധി അനഹ്മദി കുട്ടികളും നമ്മുടെ തർബിയ്യത്തീ ക്ലാസുകളിൽ പങ്കെടുക്കുന്നു. അവരുടെ എതിർപ്പുകൾ തന്നെ നമുക്ക് തബ്‌ലീഗിന് നിമിത്തമായി മാറുന്നു.

ഫ്രാൻസ് ജമാഅത്ത് സദ്ർ എഴുതുന്നു: 'തോലൂസ്(Toulouse) പട്ടണത്തിലെ സെന്ററിൽ നടക്കുന്ന ചന്തയിൽ നമ്മുടെ ലീഫ്ലെറ്റ്സ് വിതരണം ചെയ്യുകയായിരുന്നു. ഒരു മധ്യവയസ്ക ചിരിച്ചുകൊണ്ട് വന്നു പറഞ്ഞു, 'നിങ്ങൾ രാജ്യസ്നേഹത്തേയും പർദയേയും സംബന്ധിച്ച് തന്ന ലീഫ്ലെറ്റ്സുകൾ ഞാൻ വായിച്ചു. എനിക്ക് അത് നന്നായി തോന്നി. ഇന്ന് ഇത്തരം അധ്യാപനങ്ങൾ ആവശ്യമാണ്.' അവർ ചോദിച്ചു, 'നിങ്ങൾക്ക് ഇതിന് എത്ര പൈസ കിട്ടുന്നുണ്ട്? ഇത് അല്ലാഹുവിനെ മുൻനിറുത്തിയാണ് ചെയ്യുന്നതെന്ന് പറഞ്ഞപ്പോൾ അവർ കൂടുതൽ പ്രഭാവിതയായി.'

**എക്സിബിഷൻ, ബുക്സ്റ്റാൾ, ബുക്ഫെയർ:**

വിശുദ്ധ ഖുർആനിന്റേയും ജമാഅത്തിന്റെ സാഹിത്യങ്ങളുടേയും എക്സിബിഷൻ സംഘടിപ്പിച്ചു. ലഭിച്ച റിപ്പോർട്ടുകളനുസരിച്ച് 7540 എക്സിബിഷനുകൾ മുഖേന 3 ലക്ഷത്തി 43 ആയിരത്തിലധികം ആളുകൾക്ക് സന്ദേശം എത്തിക്കാൻ കഴിഞ്ഞു. ഈ വർഷം ലോകത്ത് മുഴുവൻ 1580 എണ്ണം വിശുദ്ധ ഖുർആൻ തർജമകൾ അതിഥികൾക്ക് ഉപഹാരമായി നൽകി. അതുകൂടാതെ അയ്യായിരത്തിലധികം ബുക്ക് സ്റ്റാളുകളും ബുക്ക് ഫെയറുകളും മുഖേന 7 ലക്ഷത്തി 65 ആയിരത്തിലധികം ആളുകൾക്ക് സന്ദേശം എത്തിക്കാൻ തൗഫീഖ് ലഭിച്ചു.

ലാറ്റ്‌വിയ(Latvia) എന്ന സ്ഥലത്തുള്ള മുബല്ലിഗ് എഴുതുന്നു: 'നമ്മുടെ ബുക്ക് സ്റ്റാളിൽ പ്രായമുള്ള ഒരാൾ വന്നു. അവിടെ എന്റെ ചിത്രങ്ങളോടൊപ്പം റോൾ(Roll) നടക്കുകയായിരുന്നു. അതിൽ വിവിധതരം ഇസ്‌ലാമിക കാര്യങ്ങൾ എഴുതിയിരുന്നു. ചിലതിൽ ഞാൻ പറഞ്ഞ കാര്യങ്ങളും ഉണ്ടായിരുന്നു. അദ്ദേഹം അത് വായിച്ചുകൊണ്ടിരുന്നു. സ്ക്രോൾ റീൽ ചലിച്ചു കൊണ്ടിരുന്നു. അദ്ദേഹം അത് വായിച്ചുകൊണ്ടിരുന്നു. ഓരോ കാര്യത്തിലും വിരൽ വച്ച് റഷ്യൻ ഭാഷയിൽ, വളരെ നല്ലത്, വളരെ ശരിയാണ് എന്ന് പറഞ്ഞുകൊണ്ടിരുന്നു.' അതേപോലെ രണ്ട് സ്ത്രീകൾ വന്നിരുന്നു. അവർ വിശുദ്ധ ഖുർആൻ പഠനത്തിന് ആമുഖം എന്ന പുസ്തകങ്ങളും മറ്റുചില പുസ്തകങ്ങളും വാങ്ങി. നിങ്ങൾ വലിയ കാര്യമാണ് ചെയ്യുന്നതെന്ന് പറഞ്ഞ് ശ്ലാഘിക്കുകയും ചെയ്തു.

2019 ഡിസംബറിൽ ഇന്ത്യയിലെ നൂറുൽ ഇസ്‌ലാം വകുപ്പ് ഒരു ബുക്ഫെയറിൽ പങ്കെടുത്തു. അവിടെ ഒരു വലിയ ഹിന്ദുസ്കോളർ ആചാരിയ സാഹിബ് വന്നു. അദ്ദേഹം മതങ്ങളെ സംബന്ധിച്ച് വളരെ വിശാലമായ അറിവുള്ള വ്യക്തിയാണ്. സ്കൂൾ നടത്തുന്നുമുണ്ട്. അദ്ദേഹം വന്ന് ഏതാനും നിമിഷങ്ങൾകൊണ്ട് വിശുദ്ധ ഖുർആൻ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു, 'വിശുദ്ധ ഖുർആനും ഇസ്‌ലാമും മുസ്‌ലിമീങ്ങളല്ലാത്ത എല്ലാവരേയും വധിക്കാൻ കൽപിക്കുന്നു.' അദ്ദേഹത്തോട് പറഞ്ഞു, 'നിങ്ങളുടെ മുന്നിൽ വിശുദ്ധ ഖുർആനുണ്ട്. അതിൽ എവിടെയാണ് ഇത്തരം കൽപന എന്ന് പറഞ്ഞു തരിക.' അദ്ദേഹം പറഞ്ഞു, 'ഞാൻ ഖുർആൻ മുഴുവൻ വായിച്ചിട്ടുണ്ട്. ഏതോ ഒരു സ്ഥലത്ത് ഈ കൽപന ഉണ്ട്. ഇപ്പോൾ എനിക്ക് ഓർമ ഇല്ല.'

തുടർന്ന് അദ്ദേഹത്തിന്റെ മുന്നിൽ വിശുദ്ധ ഖുർആൻ പാഠങ്ങളും അന്യരോട് നല്ലരീതിയിൽ പെരുമാറാനുള്ള ഇസ്‌ലാമിക അധ്യാപനങ്ങളും നബി(സ) തിരുമേനിയുടെ സ്വഭാവവും സമർപിച്ചു. ഏതാനും നിമിഷം ഇസ്‌ലാമിക അധ്യാപനം കേട്ടശേഷം അദ്ദേഹം പറഞ്ഞു, 'ഞാൻ സ്റ്റാളിന്റെ ഉള്ളിൽ ഇരുന്ന് ഇസ്‌ലാമതത്തേയും ഖുർആനേയും സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ അറിയാൻ ആഗ്രഹിക്കുന്നു. അങ്ങനെ അദ്ദേഹത്തിന് ഏകദേശം 2 മണിക്കൂറോളം അദ്ദേഹത്തിന്റെ എല്ലാ ചോദ്യങ്ങൾക്കും ആക്ഷേ

പങ്ങൾക്കും സംതൃപ്തമായ മറുപടികൾ നൽകി. അപ്പോൾ, ഇത്തരം തൃപ്തികരമായ മറുപടികൾ താൻ ഇതുവരെ കേട്ടിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ ഇസ്‌ലാമിനെ സംബന്ധിച്ച് മനസിലാക്കാൻ നിരവധി പണ്ഡിതന്മാരുടെ അടുക്കൽ പോയിട്ടുണ്ട്. പല സ്ഥലത്തും സഞ്ചരിച്ചിട്ടുണ്ട്. എന്നാൽ, ഉലമാ നൽകിയ മറുപടി കാരണം എന്റെ ഉള്ളിൽ ഇസ്‌ലാമിനോടും ഖുർആനോടും സഹാനുഭൂതി ഉണ്ടാകുന്നതിനു പകരം വെറുപ്പും വിഷവും വർധിക്കുകയാണുണ്ടായത്. എന്റെ ഉള്ളിൽ എത്രമാത്രം വെറുപ്പും വിഷവും നിറഞ്ഞുവെന്നാൽ, ഞങ്ങൾ എല്ലാവരും ചേർന്ന് അതായത് അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ ഇസ്‌ലാമിനെതിരിൽ ഒരു ടിവി ചാനൽ തുടങ്ങാൻ തീരുമാനിച്ചിരുന്നു. ചില റിക്കാർഡിംഗും ചെയ്തിട്ടുണ്ട്. എന്നാൽ, ഇന്ന് നിങ്ങൾ എന്റെ ലോകം തന്നെ മാറ്റി മറിച്ചിരിക്കുന്നു.' അദ്ദേഹം വളരെയധികം ആകൃഷ്ടനായി. പോകുന്ന സമയത്ത്, ഇനി ഞാൻ ഇസ്‌ലാമിനേയും വിശുദ്ധ ഖുർആനേയും എതിർത്ത് ഒന്നും പറയുക ഇല്ലെന്നും ഇസ്‌ലാമിനും ഖുർആനിനുമെതിരിൽ റിക്കാർഡ് ചെയ്തതൊന്നും സംപ്രേഷണം ചെയ്യുകയില്ലെന്നും മറിച്ച് ഇസ്‌ലാമിനേയും ഇസ്‌ലാമിക പാഠങ്ങളെയും അവതരിപ്പിക്കുമെന്നും വാഗ്ദാനം ചെയ്യുകയുമുണ്ടായി.'

ഈ യഥാർഥ മുഖം കാണിച്ചുകൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ശത്രുക്കളേയും ഇസ്‌ലാമിന്റെ മനോഹര സന്ദേശത്തിന്റെ ആളുകളാക്കുന്നു; നബി(സ) തിരുമേനിയുടെ സ്ഥാനത്തിന്റേയും മാതൃകയുടേയും ശരിയായ ബോധം നൽകിക്കൊണ്ടിരിക്കുന്നു. നാമമാത്രപണ്ഡിതന്മാർ, ഇസ്‌ലാമിന്റെ ആളുകൾ എന്ന് പറയപ്പെടുന്നവർ മറ്റുള്ളവരെ ഇസ്‌ലാമിനെപറ്റിയും വിശുദ്ധ ഖുർആനെ പറ്റിയും വെറുപ്പുണ്ടാക്കുന്നു; പിന്നെ നമുക്കെതിരിലുള്ള വർത്തമാനങ്ങളും.

ആഗ്ര ബുക് ഫെയർ നടന്നപ്പോൾ ലോക്കൽ പത്രപ്രതിനിധി നമ്മുടെ സ്റ്റാളിൽ വന്നിരുന്നു. അദ്ദേഹവുമായി സംസാരിച്ചു. അദ്ദേഹം അനിയന്ത്രിതമായി സമുദായത്തിന്റെ മോശമായ അവസ്ഥകൾ പറഞ്ഞപ്പോൾ, അദ്ദേഹത്തിന് അഹ്മദിയ്യാ ജമാഅത്ത് മുഖേന ചെയ്യുന്ന ഇസ്‌ലാമിക സേവനങ്ങളെ സംബന്ധിച്ച് പറഞ്ഞു കൊടുത്തു. അതിൽ അദ്ദേഹം ഏറെ ആകൃഷ്ടനായി. ഇക്കാര്യത്തിൽ നമുക്ക് എല്ലാ സഹായവും വാഗ്ദാനം ചെയ്തു. അദ്ദേഹം തന്റെ ബന്ധംവച്ച് നമ്മുടെ സന്ദേശം മറ്റു മൂന്ന് ന്യൂസ് ചാനലുകളിൽ സംപ്രേഷണം ചെയ്യിച്ചു. അതുമുഖേന ലക്ഷക്കണക്കിന് ആളുകൾക്ക് അഹ്മദിയ്യാ സന്ദേശം എത്തിക്കാൻ സാധിച്ചു.

ആസാമിൽ ബുക്ക് ഫെയർ നടന്ന അവസരത്തിൽ ആഫ്താബ് അഹ്മദ് ചൗദരി ജവറ, അദ്ദേഹം ഖുർആൻ ഹാഫിളുമാണ്. ജമാഅത്തിനെ സംബന്ധിച്ച് പരിചയപ്പെടുത്തി. വിശദമായി സംസാരിച്ചു. സംസാരത്തിനിടയിൽ ഈസാ നബിയുടെ മരണത്തെ സംബന്ധിച്ച് അഹ്മദിയ്യാ വിശ്വാസങ്ങൾ പരിചയപ്പെടുത്തി. വിശുദ്ധ ഖുർആനിൽനിന്ന് ഈസാ നബിയുടെ മരണം സംബന്ധിച്ച ആയത്തുകൾ സമർപ്പിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു, 'ഞാൻ ഖുർആൻ ഹാഫിളാണെങ്കിൽപോലും ഒരിക്കലും ഇത്തരത്തിൽ ഞാൻ ചിന്തിച്ചിട്ടില്ല. നിങ്ങൾ എന്റെ കണ്ണ് തുറന്നിരിക്കുന്നു. ഞാൻ പത്രങ്ങളിൽ ലേഖനങ്ങൾ എഴുതുന്നുണ്ട്. ഇൻശാഅല്ലാഹ് ഈ എല്ലാ ആയത്തുകളും ഉദ്ധരണികൾ സഹിതം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും; ആസാമിലുള്ള എ ല്ലാ മുസ്‌ലിമീങ്ങളും എന്റെ ശത്രുക്കളായാലും വേണ്ടില്ല.'

സ്വിറ്റ്സർലാന്റ് പീസ് സിംപോസിയത്തിൽ ഒരു പാതിരി 'മിഷൽ ഫിഷർ' സാഹിബ്–അദ്ദേഹം ഒരു സാമൂഹിക സംഘടനയുടെ നേതാവും കൂടിയാണ്– പറഞ്ഞു: 'അഹ്മദിയ്യാ ജമാഅത്ത് എനിക്ക് ഒരു അവർഡ് തന്നിരിക്കുന്നു. ഞാൻ അതിന് ഹൃദയംഗമമായി നന്ദി പ്രകടിപ്പിക്കുന്നു. ഒരു മുസ്‌ലിം വിഭാഗം ഒരു ക്രിസ്ത്യൻ വിഭാഗത്തിന് സാമൂഹിക നന്മയുടെ പ്രവർത്തനത്തിൽ അവാർഡ് നൽകുന്നതിൽ എനിക്ക് അത്ഭുതമുണ്ട്. അഹ്മദിയ്യാ പ്രസ്ഥാനം, സമാധാനത്തിന്റെ കാര്യങ്ങൾ പറയുക മാത്രമല്ല, ചെയ്തു കാണിക്കുന്നു എന്നതിന്റെ തെളിവാണിത്. ഒരു വൃക്ഷം അതിന്റെ ഫലങ്ങൾകൊണ്ട് തിരിച്ചറിയപ്പെടുന്നു. അതിന്റെ ഫലമാണ് നിങ്ങളുടെ ഈ സമാധാന സിംപോസിയം.'

സാംബിയ(Zambia) മുബല്ലിഗ് ഇൻചാർജ് എഴുതുന്നു: പീസ് സിംപോസിയത്തിൽ വിവിധ ജീവിത ദർശനങ്ങളുമായി ബന്ധപ്പെട്ട ആളുകൾ പങ്കെടുത്തിരുന്നു. അതിൽ പോലീസ് ഓഫീസർ, തദ്ദേശ കോടതി ജഡ്ജ്, വിവിധ ചർച്ചുകളിലെ പാതിരിമാർ, മറ്റു പ്രതിനിധികൾ എന്നിവർ ഉണ്ടായിരുന്നു. സ്കൂൾ അധ്യാപകരും മാധ്യമ പ്രതിനിധികളും എം.പിമാരും അവരുടെ പ്രതിനിധികളും അടുത്തുള്ള അനഹ്മദി മസ്ജിദിലെ മുഅല്ലിം എന്നിവരും എത്തിയിരുന്നു. ഒരു ചർച്ചിലെ പാസ്റ്റർ സാഹിബ്, തന്റെ വിചാരങ്ങൾ പങ്കുവെച്ചുകൊണ്ട് പറഞ്ഞു, 'ഞങ്ങൾ നീണ്ടകാലമായി ഇത്തരം പരിപാടി നടത്താൻ ആലോചിക്കുകയായിരുന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് ഇക്കാര്യത്തിൽ ഞങ്ങളെ മുൻകടന്നിരിക്കുന്നു.'

ചണ്ഡീഗഡിൽ നടത്തിയ പീസ് സിംപോസിയത്തിൽ ഒരു അഫ്ഗാൻകാരനായ ഉബയ്ദുല്ലാഹ്ക്ക് ജമാഅത്തിനെ പരിചയപ്പെടുത്തി. അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് പറഞ്ഞുകൊടുത്തു. അദ്ദേഹം മസീഹ് ആണെന്ന് വാദിച്ചുവെന്നും അതേക്കുറിച്ച് നബി(സ)തിരുമേനി സുവാർത്ത നൽകിയതാണെന്നും അഫ്ഗാൻ സുഹൃത്തിനോട് പറയുകയും ചിന്തിക്കാനും ഇക്കാലഘട്ടം മഹ്ദി മസീഹിന്റെ അല്ലേ എന്നും ചോദിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ മുഖം ചെമന്നുതുടുക്കാനും വിറകൊള്ളാനും തുടങ്ങി. മസീഹ് മൗഊദ് വന്നു എന്നത് സത്യമാണോ? എന്ന് കൂടെക്കൂടെ ചോദിച്ചുകൊണ്ടിരുന്നു. തുടർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ നബി(സ)തിരുമേനിയുടെ സ്ഥാനമാഹാത്മ്യം പറഞ്ഞു കൊടുത്തപ്പോൾ, അദ്ദേഹം വികാരഭരിതനായി അഹ്മദിയുടെ നെറ്റിയിൽ ചുംബിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങൾ ലോകത്ത് സമർപ്പിക്കുന്നതുതന്നെയാണ് ശരിയായ ഇസ്‌ലാം.'

ഫിൻലാന്റിലെ നാഷണൽ സദർ സാഹിബ് എഴുതുന്നു: അവിടെ പീസ് സിംപോസിയത്തിൽ ഫോറിൻ മിനിസ്ട്രിയുടെ അംബാസിഡറും ഡിപ്ലോമേറ്റുമായ വ്യക്തി വന്നിരുന്നു. അദ്ദേഹം പാകിസ്താനിൽ ഫിൽലാന്റിന്റെ അംബാസിഡർ ആയിരുന്നു. അദ്ദേഹം പറയുന്നു: 'എനിക്ക് നിങ്ങളുടെ ഈ ഗംഭീരമായ പരിപാടിയിൽ പങ്കെടുക്കുന്നതിൽ അതീവ സന്തോഷമുണ്ട്. ഞാൻ പാകിസ്താൻ ഇസ്‌ലാമാബാദിൽ 1995 മുതൽ 1998 വരെ ഉണ്ടായിരുന്നു. ഞാൻ അവിടെ ഫിൻലാന്റ് എംബസിയുടെ തലവനായിരുന്നു. അക്കാലഘട്ടത്തിലെ നല്ല ഓർമകൾ എന്നിലുണ്ട്. എന്റേയും എന്റെ കുടുംബത്തിന്റേയും ഏറ്റവും അടുത്ത സുഹൃത്തുക്കളിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിലെ നിരവധി പ്രമുഖർ ഉൾപ്പെടുന്നു. അഹ്മദികൾ ആ രാജ്യത്തിനു അതിന്റെ അതിരുകൾക്കും അപ്പുറം വൈജ്ഞാനിക, സാമൂഹിക വിജയങ്ങളിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ബ്രിട്ടീഷുകാർ, ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ഭരണം നടത്തിയപ്പോൾ ഭരണത്തിൽ നിരവധി അറിയപ്പെട്ടഅംബാസിഡർ ആയിരുന്നു. ഞാൻ ഇറ്റലിയിലെ ട്രെസ്റ്റിയിൽ ഉള്ള സയൻസ് അക്കാഡമിയെ സംബന്ധിച്ച് അറിയാൻ ഇടയായി. അത് ആരംഭിച്ചത് പാക്കിസ്താന്റെ രത്നമായ ശാസ്ത്രജ്ഞൻ അബ്ദുസ്സലാമാണ്. അദ്ദേഹം നോബൽ സമ്മാനം നേടുന്ന ആദ്യത്തെ മുസ്‌ലിം ശാസ്ത്രജ്ഞനാകുന്നു. നോബൽ സമ്മാനം കിട്ടിയ വാർത്ത പരന്നപ്പോൾ പാക്കിസ്താനിലെ ദേശീയ പത്രങ്ങളും റേഡിയോയും വളരെ ശ്ലാഘിക്കുകയും ആദരിക്കുകയും ചെയ്തു. എന്നാൽ, അദ്ദേഹം ഒരു അഹ്മദി ആണെന്ന് അറിഞ്ഞപ്പോൾ എല്ലാ സ്തുതികളും പ്രഘോഷണങ്ങളും നിറുത്തിവച്ചു. പിന്നെ 1996 ൽ അദ്ദേഹം വഫാത്തായപ്പോൾ പാക്കിസ്താൻ പഞ്ചാബിലെ റബ്വ പട്ടണത്തിലാണ് അദ്ദേഹത്തെ ഖബ്റടക്കിയത്. വളരെ ലജ്ജയോടെ പറയട്ടെ, അദ്ദേഹത്തിന്റെ സ്മാരകശിലയിലുള്ള മുസ്‌ലിം എന്ന പദം മായ്ച്ചു കളഞ്ഞു! ചുരുക്കത്തിൽ അദ്ദേഹം എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും പറയുകയുണ്ടായി. ഏതായിരുന്നാലും ഇന്ന് ചരിത്രത്തിന്റെ പുസ്തകങ്ങൾ മാറ്റി മറിക്കുന്നു. കുട്ടികളുടെ ബുദ്ധിയിൽനിന്ന് യഥാർഥ ചരിത്രം മായ്ക്കുന്നു. നാം പറഞ്ഞാലും ഇല്ലെങ്കിലും ലോകത്തിലെ വിദ്യാസമ്പന്നരായ ആളുകൾ നമ്മൾ പാക്കിസ്താനുവേണ്ടി എന്ത് സേവനങ്ങൾ ചെയ്തുവെന്ന് അറിയുന്നവരാണ്. ഇപ്പോൾ അവർ അഹ്മദികളോട് എന്താണ് ചെയ്യുന്നത്? പാക്കിസ്താൻ ഉണ്ടാക്കുമ്പോൾ എതിർത്തവർ ഇന്ന് പാക്കിസ്താന്റെ പിതൃത്വത്തിനുവേണ്ടി ശ്രമിക്കുന്നു. ഇൻശാ അല്ലാഹ്. ഒരു ദിവസം ഈ എതിർപ്പുകളെല്ലാം കാറ്റിൽ ധൂളിയാക്കപ്പെടുമെന്ന് പ്രത്യാശിക്കാം. അല്ലാഹുവിന്റെ പിന്തുണ നമ്മോടൊപ്പം ഉണ്ടാകും. ഇൻശാ അല്ലാഹ്; ഇപ്പോഴുമുണ്ട്. അവരുടെ പരിശ്രമങ്ങൾ, അവർ എതിർത്തുകൊണ്ട് ചെയ്ത കാര്യങ്ങൾ കാരണം അവരുടെ വീക്ഷണത്തിൽ ജമാഅത്ത് ഇല്ലാതാകണമായിരുന്നു. എന്നാൽ, അല്ലാഹു ജമാഅത്തിനെ സംരക്ഷിച്ചു പോരുന്നു.

ചുരുക്കത്തിൽ ഞാൻ ഈ കേൾപ്പിച്ച സംഭവങ്ങളുടെ റിപ്പോർട്ട് ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. ഞാൻ പറഞ്ഞു വന്നതുപോലെ, ജൽസയുടെ രണ്ടാം ദിവസമാണ് ഇത് കേൾപ്പിച്ചിരുന്നത്. ഈ വർഷം നേരത്തെ പറഞ്ഞതുപോലെ ജൽസ ഇല്ല. അതുകൊണ്ട് രണ്ട് ഘട്ടങ്ങളിൽ ഞാനിത് കേൾപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ചെറിയൊരു പരിപാടിയിൽ ശ്രോതാക്കൾക്ക് മുന്നിൽ ജൽസയുടെ രീതിയിൽ ഇവിടെ ഹാളിൽവച്ച് ബാക്കിഭാഗം ഞാൻ കേൾപ്പിക്കുന്നതായിരിക്കും. ഇൻശാ അല്ലാഹ്. ഇവിടെനിന്ന് എം.ടി.എ മുഖേന ലോകം മുഴുവൻ കേൾക്കുന്നതായിരിക്കും. അങ്ങനെ ഈ വർഷം ജമാഅത്തിനു മേൽ വർഷിച്ച അനുഗ്രഹങ്ങളെ കുറിച്ച് പരാമർശിക്കപ്പെടുന്നതാണ്.

ഈ റിപ്പോർട്ടിൽ ഒരുപാട് സംഭവങ്ങളും കാര്യങ്ങളും എനിക്ക് ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്. ഏതായാലും ബാക്കി ഞാൻ ഞായറാഴ്ച അവതരിപ്പിക്കുന്നതാണ്. ഇൻശാ അല്ലാഹ്. (വിവർത്തനം: എച്ച്. ശംസുദ്ദീൻ കാവശ്ശേരി. ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ് ശാഹിദ്, ആലപ്പുഴ)

★★★★




(പേജ് 1ൽനിന്ന്)

ത്ത് നജ്റാനിൽനിന്നുള്ള ക്രൈസ്തവ സംഘം വന്നു. അവർ അസ്വ്റിനു ശേഷം മസ്ജിദ് നബവിയിൽ വരികയും സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. സംസാരിച്ച് സംസാരിച്ച് അവരുടെ ആരാധനാസമയം വന്നു. (അത് ഞായറാഴ്ചയാണെന്നാണ് തോന്നുന്നത്). അങ്ങനെ അവർ അവിടെ മസ്ജിദിൽ തങ്ങളുടെ രീതിയനുസരിച്ച് ആരാധന നടത്താൻ എഴുന്നേറ്റുനിന്നു. ആളുകൾ അവരെ തടയാൻ ആഗ്രഹിച്ചു. എന്നാൽ, നബി(സ)തിരുമേനി പറഞ്ഞു, അങ്ങനെ ചെയ്യരുത്. അങ്ങനെ അവർ അതേസ്ഥലത്ത് കിഴക്കോട്ടു മുഖം തിരിച്ച് തങ്ങളുടേതായ രീതിയിൽ ആരാധന നടത്തി.

അതിനാൽ മസ്ജിദിൽ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്ന് തടയാൻ ആർക്കും അവകാശമില്ല. എല്ലാ ജനതകളും ഇതനുസരിച്ച് കർമം ചെയ്യാൻ തുടങ്ങിയാൽ പരസ്പരമുള്ള എല്ലാ കലഹങ്ങളും അവസാനിക്കുന്നതായിരിക്കും. ഓരോ ജനതയും അവരുടെ ആരാധനാലയത്തിൽ മറ്റുള്ളവർക്ക് വരാനും അവിടെ ആരാധിക്കാനും ദൈവസ്മരണ നടത്താനും അനുവാദം കൊടുത്താൽ ഒരിക്കലും പരസ്പരം തർക്കങ്ങളോ കലഹങ്ങളോ ഉണ്ടാകുകയില്ല. ലോകത്ത് നാലുഭാഗത്തും സമാധാനം സ്ഥാപിതമാകുന്നതായിരിക്കും. വിശുദ്ധ ഖുർആൻ നല്കുന്ന ഈ അധ്യാപനം പൂർണമായും നിറവേറ്റുന്നുണ്ടോ അതല്ല സ്വനിർമിത നിയമമനുസരിച്ചാണോ പ്രവർത്തിക്കുന്നതെന്ന് ചിന്തിക്കുകയും ആലോചിക്കുകയും ചെയ്യേണ്ടത് മുസ്‌ലിമീങ്ങളുടെ നിർബന്ധകടമയാണ്. അനഹ്മദികൾക്കും നമുക്കുമിടയിൽ വധിനിർണായകമായൊരു ആയത്താണിതെന്ന് ഞാൻ മനസ്സിലാക്കുന്നു. (തഫ്സീറെ കബീർ, വാള്യം 2, പേജ് 130 - 132, ഖാദിയാൻ 2010)

(പേജ് 2ൽനിന്ന്)

ഇവർ മനസിലാക്കുന്നത് ഖാത്തമുന്നബിയ്യീൻ എന്ന പദം എഴുതുന്നത് നിർബന്ധമാക്കിക്കൊണ്ട് ഇവരെന്തോ മഹത്തായ കർമം ചെയ്തെന്നും അഹ്മദികളുടെ മാർഗത്തിൽ തടസമുണ്ടാക്കിയെന്നുമാണ്. എന്നാൽ, അഹ്മദി ഖാത്തമുന്നബിയ്യീൻ എന്ന സ്ഥാനത്തിന്റെ ഗ്രാഹ്യം ഏറ്റവുമധികം ഉൾക്കൊള്ളുന്നവരാണെന്ന് ബുദ്ധിശൂന്യരായ ഇവർക്ക് അറിയുകയില്ല. ഈ ഗ്രാഹ്യം നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) നൽകിയതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കരുത്തുറ്റ വാക്കുകളുടെ അയലത്തുപോലും എത്താൻ ഇക്കൂട്ടർക്ക് സാധ്യമല്ല. അദ്ദേഹത്തിന്റെ ഓരോരോ നിമിഷത്തിലും കർമത്തിലും ഖാത്തമുൽഅമ്പിയായോടുള്ള(സ) അനുരക്തിയും സ്നേഹവും പ്രകടമാകുന്നു. ഇവരുടെ ചിന്തകൾക്കും അവിടെ എത്താൻ സാധ്യമല്ല. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിരവധി പാഠങ്ങളും ലിഖിതങ്ങളും മൊഴിമുത്തുകളുമുണ്ട്. ഈ സമയത്ത് ഞാൻ രണ്ട് മൂന്നെണ്ണം ഉദാഹരണമെന്നോണം സമർപ്പിക്കുന്നതായിരിക്കും. തന്റെ ആഗമനോദ്ദേശ്യവും ജമാഅത്തിന്റെ അഭിവൃദ്ധിയും വിവരിച്ചുകൊണ്ട്, എതിരാളികളെ സംബോധന ചെയ്ത് ആ ദിവ്യാത്മാവ് പറയുന്നു:'

'എന്റെ ആഗമനത്തിന് രണ്ട് ലക്ഷ്യങ്ങളുണ്ട്. മുസ്‌ലിമീങ്ങളെ സംബന്ധിച്ചിടത്തോളം, അവർ യഥാർഥ ഈശ്വരഭക്തിയിലും പരിശുദ്ധിയിലും നിലനിൽക്കണമെന്നതാണ്. മുസ്‌ലിം എന്ന അർഥത്തിൽ അല്ലാഹു ഇച്ഛിക്കുന്നവിധം സത്യസന്ധനായ മുസ്‌ലിമാകുക. സമ്പൂർണ അനുധാവനത്തോടെ അല്ലാഹുവിന്റെ കൽപനകളെ പിൻപറ്റുക. അവിടന്ന് പറഞ്ഞു: രണ്ടാമത്തെ ലക്ഷ്യം എന്താണ്? ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം കുരിശിനെ ഉടയ്ക്കുക. അവരുടെ വ്യാജനിർമിത ദൈവം അപ്രത്യക്ഷമാകണം. ലോകം അതിനെ പൂർണമായും മറക്കുകയും ഏകദൈവ ആരാധകരായി മാറുകയും വേണം. അവിടന്ന് പറഞ്ഞു, എന്റെ ഈ ഉദ്ദേശ്യലക്ഷ്യങ്ങൾ കണ്ട്, ഈ ജനങ്ങൾ എന്തിനാണ് എന്നെ എതിർക്കുന്നത്? സ്വാഭാവികമായ കാപട്യം ലോകത്തിലെ വൃത്തികെട്ട ജീവിതത്തോടുകൂടിയുള്ള ജോലിയാകുമ്പോൾ അവ സ്വയമേവ ആ വിഷത്താൽ നശിക്കുന്നതായിരിക്കുമെന്ന് അവർ ഓർത്തുകൊള്ളട്ടെ. എന്റെ ഉള്ളിൽ വല്ലകാപട്യമോ മാലിന്യമോ ഉണ്ടെങ്കിൽ എന്റെ കർമങ്ങളിൽ അനുഗ്രഹം പതിയുന്നതല്ല. മറിച്ച് അതിന്റെ ഫലങ്ങൾ ഉടനെ വെളിപ്പെടുന്നതായിരിക്കും. അത് (പിന്നീട്) നശിക്കുന്നതായിരിക്കും. അവസാനിച്ചുപോകുന്നതായിരിക്കും' അവിടന്ന് പറഞ്ഞു: വ്യാജവാദി എപ്പോഴെങ്കിലും വിജയിക്കുമോ? *ഇന്നല്ലാഹ ലാ യഹ്ദീ മൻ ഹുവ മുസ്‌രിഫുൻ കദ്ദാബ്* (40:29) അതായത് തീർച്ചയായും അല്ലാഹു അതിരുകടന്ന് പ്രവർത്തിക്കുന്നവനേയും വളരെയേറെ കള്ളം പറയുന്നവനേയും വിജയമാർഗത്തിൽ നയിക്കുകയില്ല.*ഇന്നല്ലാഹ ലാ യഹ്ദീ മൻ ഹുവ മുസ്‌രിഫുൻ കദ്ദാബ്*(40:29) അവിടന്ന് പറഞ്ഞു: കള്ളവാദിയുടെ നാശത്തിന് അവന്റെ കളവുതന്നെ മതിയായതാണ്. വ്യാജനാണെങ്കിൽ അവന്റെ വ്യാജം അവനെ നശിപ്പിക്കാൻ പോരുന്നതാണ്. പക്ഷേ, ഏതൊരു ജോലിയാണോ അല്ലാഹുവിന്റെ പ്രതാപത്തിനും അവന്റെ റസൂലിന്റെ അനുഗ്രഹങ്ങളുടെ പ്രകടനത്തിനും തെളിവിനും വേണ്ടിയുള്ളത്, അല്ലാഹു താൻതന്നെ തന്റെ കൈയാൽ നട്ട ചെടിയാകുമ്പോൾ പ്രത്യേകിച്ചും അതിന്റെ സംരക്ഷണം മലക്കുകൾ സ്വയമേവ ചെയ്യുന്നതായിരിക്കും; അത് മനുഷ്യരുടെ ജോലിയല്ല. അല്ലാഹു ഒരു പ്രവൃത്തി ചെയ്യാൻ തുടങ്ങിയാൽ അവന്റെ മലക്കുകളാണ് അതിന് സംരക്ഷണം നൽകുന്നത്. ആർക്കാണ് അതിനെ ഇല്ലാതാക്കാൻ കഴിയുക? ഇതൊരു ചലഞ്ചാകുന്നു. എതിർപ്പ് എത്രയുണ്ടാകുന്നുവോ അത്രയും അല്ലാഹുവിന്റെ കൃപയാൽ അഹ്മദിയ്യാ ജമാഅത്തിന് അഭിവൃദ്ധിയുണ്ടാകുന്നു.' അവിടന്ന് പറഞ്ഞു: 'എന്റെ പ്രസ്ഥാനം കേവലം കച്ചവടമാണെങ്കിൽ അതിന്റെ പേരും പ്രശസ്തിയും ഇല്ലാതാക്കുന്നതായിരിക്കുമെന്ന് ഓർത്തുകൊള്ളുക. എന്നാൽ, ഇത് അല്ലാഹുവിൽ നിന്നാണെങ്കിൽ– അതേ! തീർച്ചയായും അത് അല്ലാഹുവിൽ നിന്നാകുന്നു– മുഴുവൻ ലോകവും ഇതിനെ എതിർത്താലും ഇത് വലുതാവുകയും വ്യാപിക്കുകയും മലക്കുകൾ ഇതിനെ സംരക്ഷിക്കുകയും ചെയ്യുന്നതായിരിക്കും.' അവിടന്ന് പറയുന്നു, 'ഇനി ഒരാളും എന്നോടൊപ്പമില്ലെങ്കിലും ആരും എനിക്ക് സഹായം നൽകിയില്ലെങ്കിലും ഈ പ്രസ്ഥാനം വിജയിക്കുകതന്നെ ചെയ്യുമെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു.'

അവിടന്ന്(അ) പറയുന്നു: എതിർപ്പുകളെ ഞാൻഗൗനിക്കുന്നില്ല.അത്ഉണ്ടാകുന്നതായിരിക്കും. അത് എന്റെ പ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്ക് അനിവാര്യമാണെന്ന് ഞാൻ മനസിലാക്കുന്നു. ദൈവ നിയോഗിതനോ ഖലീഫയോ ലോകത്ത് വരുകയും ആളുകൾ രഹസ്യമായി അദ്ദേഹത്തെ സ്വീകരിക്കുകയും ചെയ്തത് ഒരിക്കലുമുണ്ടായിട്ടില്ല. ലോകത്തിന്റെ അവസ്ഥ ആശ്ചര്യാവഹമാണ്. മനുഷ്യൻ എത്രതന്നെ സത്യസന്ധനാണെങ്കിലും ആളുകൾ അയാളെ വെറുതെ വിടുകയില്ല. അവർ ആക്ഷേപിച്ചു കൊണ്ടേയിരിക്കുന്നതാണ്.' അവിടന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ പ്രസ്ഥാനം അമാനുഷികമായ നിലയിൽ അഭിവൃദ്ധിപ്പെട്ടു കൊണ്ടിരിക്കുന്നു.'

ഇന്ന് ഇരുന്നൂറിലധികം രാജ്യങ്ങളിൽ ആത്മാർഥരായ ഈ ആളുകളുള്ളത് നമ്മൾ കാണുന്നു. ആ മഹാത്മാവിന്റെ ബയ്അത്തിൽ വന്നിട്ടുള്ളവരുണ്ട്. അദ്ദേഹം ഇത് പറയുന്ന കാലത്ത് നൂറുകണക്കിനു മാത്രമെ ഉണ്ടായിരുന്നുള്ളു. ഇന്ന് ദൈവകൃപയാൽ വർഷന്തോറും ലക്ഷക്കണക്കിന് ബയ്അത്തുകളാണ് ഉണ്ടാകുന്നത്. അവിടന്ന് പറഞ്ഞു: 'ഈ പ്രസ്ഥാനം രൂപീകരിച്ചതിന്റെ യഥാർഥ ലക്ഷ്യം, ജനങ്ങൾ ഭൗതികതയുടെ മാലിന്യത്തിൽ നിന്ന് പുറത്തുവരികയും യഥാർഥ പരിശുദ്ധി ആർജിക്കുകയും മലക്കുകൾക്ക് സമാനമായ ജീവിതം നയിക്കുന്നവരാകുകയും ചെയ്യുക എന്നതു മാത്രമാകുന്നു.'

(മൽഫൂദാത്ത് വാള്യം 8 പേജ് 148–149)

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദേശമനുസരിച്ച് നമ്മുടെ അവസ്ഥകളെ ശരിയായ ഇസ്‌ലാമിക അധ്യാപനമനുസരിച്ച് വാർത്തെടുക്കേണ്ടതും നമ്മുടെ ഉത്തരവാദിത്വമാകുന്നു. ഇതു തന്നെയാണ് യഥാർഥത്തിൽ ശത്രുക്കളുടെ വായടക്കുന്നതിനും അവർക്ക് മേൽവിജയം വരിക്കുന്നതിനുമുള്ള മാർഗം.

തുടർന്ന് തന്റേയും തന്റെ ജമാഅത്തിന്റേയും സമ്പൂർണവിശ്വാസവും നബി(സ)തിരുമേനിയെ സത്യസന്ധമായ അനുധാവനം ചെയ്യേണ്ടതും പ്രഖ്യാപിച്ചുകൊണ്ടണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

ഞാൻ സത്യമായും പറയുന്നു, അല്ലാഹുവിനെ ആണയിട്ടുകൊണ്ട് പറയുന്നു, ഞാനും എന്റെ ജമാഅത്തും മുസ്‌ലിമീങ്ങളാകുന്നു. ഒരു സത്യസന്ധനായ മുസ്‌ലിം വിശ്വസിക്കേണ്ടതുപോലെ നബി(സ)തിരുമേനിയിലും വിശുദ്ധ ഖുർആനിലും വിശ്വസിക്കുന്നു. ഇസ്‌ലാമിൽനിന്ന് കടുകളവെങ്കിലും പുറത്ത് ചുവടു വെക്കുന്നത് നാശഹേതുവാണെന്ന് ഞാൻ ഉറപ്പായും വിശ്വസിക്കുന്നു. ഒരു മനുഷ്യന് എത്രത്തോളം കൃപാവരങ്ങളും അനുഗ്രഹങ്ങളും കരസ്ഥമാക്കുവാൻ കഴിയുമോ, എത്രത്തോളം ദൈവസാമീപ്യം കരസ്ഥമാക്കാൻ കഴിയുമോ അത് നബി(സ)തിരുമേനിയെ സത്യസന്ധമായി അനുസരിക്കുകയും പരിപൂർണമായി സ്നേഹിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ കരസ്ഥമാകുകയുള്ളൂ എന്നതാണ് എന്റെ മതം. ഇല്ലെങ്കിൽ കരസ്ഥമാകുകയില്ല. നബി(സ)തിരുമേനിയുടേതല്ലാത്ത ഒരു വഴിയും നന്മയുടേതായിട്ടില്ല. അതേ, ഈസാനബി(അ) തന്റെ സ്ഥൂല ശരീരത്തോടുകൂടി ആകാശത്തേക്ക് പോയെന്നും ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നും ഒരിക്കലും എനിക്ക് വിശ്വസിക്കാൻ സാധിക്കുകയില്ല. ഇങ്ങനെ വിശ്വസിക്കുന്നതുകൊണ്ട്, നബി(സ)തിരുമേനിയെ നിന്ദ്യമായി അവഹേളിക്കുകയും അവമതിക്കുകയുമാണ് ചെയ്യുന്നത്. എനിക്ക് ഒരു നിമിഷനേരത്തേക്കുപോലും ഈ നിന്ദ സഹിക്കാൻ സാധ്യമല്ല. നബി(സ)തിരുമേനി 63–ാമത്തെ വയസ്സിൽ വഫാത്തായി എന്നത് എല്ലാവർക്കുമാറിയാം. പരിശുദ്ധ മദീനയിൽ നബി(സ)തിരുമേനിയുടെ മഖ്ബറയും ഉണ്ട്. ഓരോ വർഷവും അവിടെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ഹാജിമാർ പോകുന്നു. ഇനി ഈസാ നബിയെ സംബന്ധിച്ച് അദ്ദേഹം മരണപ്പെട്ടുവെന്ന് വിശ്വസിക്കുന്നതും അദ്ദേഹത്തിന് മരണം ഉണ്ടായെന്ന് പറയുന്നതും അപമര്യാദയാണെങ്കിൽ, ഞാൻ പറയുന്നു, നബി(സ)തിരുമേനിയെ സംബന്ധിച്ച് ഈ അവഹേളനവും അപമര്യാദയും എങ്ങനെയാണ് അംഗീകരിക്കുക? നബി(സ)വഫാത്തായെന്നും മറയടക്കപ്പെട്ടുവെന്നും എന്തിനാണ് പറയുന്നത്? എന്നാൽ, നബി(സ)തിരുമേനി വഫാത്തായെന്ന് നിങ്ങൾ സന്തോഷത്തോടെ പറയുന്നു. മൗലൂദ് പാരായണം ചെയ്യുന്നവർ വളരെ മനോഹരമായി നബി(സ)തിരുമേനിയുടെ മരണവൃത്താന്തങ്ങൾ അനുസ്മരിക്കുന്നു. നിഷേധികൾക്ക് മുന്നിൽ നിങ്ങൾ വിടർന്ന നെറ്റിത്തട

## അല്ലാഹുവിന്റെ വചനം

**"മദ്‌യൻ ജനതയിലേക്ക് അവരുടെ സഹോദരൻ ശുഅയ്ബിനെ (നാം പ്രവാചകനായി) അയച്ചു.' അദ്ദേഹം പറഞ്ഞു, എന്റെ ജനമേ! നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക;അവനല്ലാതെ നിങ്ങൾക്ക് മറ്റൊരു ആരാധ്യനുമില്ല. നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽനിന്ന് വ്യക്തമായ തെളിവു വന്നുകഴിഞ്ഞിട്ടുണ്ട്. ' (7:86)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family Ahmadiyya Jama-ath Payangadi, Kerala**

## അല്ലാഹുവിന്റെ വചനം

**"മനുഷ്യർക്ക് അഹോ കഷ്ടം! അവരുടെ പരിഹാസത്തിന് പാത്രമായിട്ടല്ലാതെ ഒരു ദൈവദൂതനും അവരുടെ അടുക്കൽ വരുന്നില്ല. ഇവർ കണ്ടിട്ടില്ലേ? ഇവർക്കുമുമ്പേ എത്ര തലമുറകളെയാണ് നാം നശിപ്പിച്ചത്. അവർ ഇവരിലേക്ക് മടങ്ങിവരുന്നില്ല." (36:31–32)**

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family Ahmadiyya Jama-ath Kakkanad**

വുമായി നബി(സ)തിരുമേനി മരണപ്പെട്ടുവെന്ന് സമ്മതിക്കുന്നു.' അവിടന്ന് പറയുന്നു: 'പിന്നെ ഈസാ നബി(അ) മരിച്ചുവെന്ന് പറയുമ്പോൾ കണ്ണുരുട്ടിക്കാണിക്കാൻ എന്ത് അസ്വസ്ഥതയാണ് നിങ്ങൾക്ക് ഉണ്ടാകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല.' ഇപ്പോഴും ചിലയാളുകളും ചില കക്ഷികളും ചില ഉലമായും, നോക്കൂ! ഇയാളെന്താണ് ചെയ്തിരിക്കുന്നതെന്ന് പറഞ്ഞ് ബഹളം വെക്കുന്നു. കുറെയാളുകൾ ഇനി വരികയില്ലെന്ന് പറഞ്ഞ് ഈസായെ നിഷേധിക്കുന്നവരായിത്തീർന്നു. കുറച്ചാളുകൾ പറയുന്നു, വരുമെന്ന്! പക്ഷേ, ഇപ്പോൾ ജീവിച്ചിരിക്കുന്ന ആളല്ലത്രെ!

എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നിങ്ങൾ നബി(സ)തിരുമേനിയെ സംബന്ധിച്ചും വഫാത്ത് എന്ന പദം കേട്ട് അങ്ങനെ കണ്ണീർ ഒഴുക്കിയിരുന്നെങ്കിൽ നമുക്കും ദുഃഖമുണ്ടാകുമായിരുന്നില്ല! എന്നാൽ, അഹോ കഷ്ടം! ഖാത്തമുന്നബിയ്യീനും ഇരുലോകങ്ങളുടെയും നേതാവുമായ നബി(സ)തിരുമേനിയെ പറ്റി നിങ്ങൾ സന്തോഷത്തോടെ മരണം അംഗീകരിക്കുകയും അതേസമയം, നബി(സ)തിരുമേനിയുടെ ചെരുപ്പിന്റെ വാറഴിക്കുന്നതിനു പോലും താൻ യോഗ്യനല്ലെന്ന് പറഞ്ഞ ഒരാളെ സംബന്ധിച്ച് അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്ന് വിശ്വസിക്കുകയും അദ്ദേഹത്തെ സംബന്ധിച്ച് മരണം എന്ന പദം പറയുമ്പോൾ കോപാകുലരാകുകയും ചെയ്യുന്നു. നബി(സ)തിരുമേനി ഇക്കാലംവരേയും ജീവിച്ചിരുന്നുവെങ്കിൽ അതിൽ ഒരു അപാകതയും ഉണ്ടാകുമായിരുന്നില്ല. കാരണം നബി(സ)തിരുമേനി അതിമഹത്തായ സന്മാർഗവുമായിട്ടാണ് ആഗതരായത്. അതിന് സമാനമായത് ലോകത്ത് കാണാൻ കഴിയില്ല. നബി(സ)തിരുമേനി കാണിച്ചു തന്ന കർമ ജീവിതത്തിന് സമാനാമായ മാതൃക ആദം മുതൽ ഇന്നേവരെ ആർക്കുംതന്നെ സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല.' അവിടന്ന് പറയുന്നു: ഞാൻ സത്യമായും സത്യമായും പറയുന്നു: നബി(സ)തിരുമേനിയെ എത്രമാത്രം ലോകത്തിനും മുസ്‌ലമീങ്ങൾക്കും ആവശ്യമുണ്ടായിരുന്നുവോ അത്രമാത്രം ഈസാ നബിയെ ആവശ്യമുണ്ടായിരുന്നില്ല. നബി(സ)തിരുമേനിയുടെ വ്യക്തിത്വം പരിശുദ്ധ വ്യക്തിത്വമായിരുന്നു. നബി(സ)തിരുമേനി വഫാത്തായപ്പോൾ സ്വഹാബാക്കൾ ഭ്രാന്തു പിടിച്ചവരെപോലെയായി. ഹദ്റത്ത് ഉമർ(റ)വാൾ ഉറയിൽനിന്ന് പുറത്തെടുത്തുകൊണ്ട്, ആരെങ്കിലും നബി(സ)തിരുമേനി മരിച്ചുവെന്ന് പറഞ്ഞാൽ ഞാൻ അവന്റെ തലകൊയ്യുമെന്നാണ് പറഞ്ഞത്. ഈ വികാരാവേശത്തള്ളിച്ചയുടെ നേരത്ത് അല്ലാഹു ഹദ്റത്ത് അബൂബക്കർ(റ)ന് ഒരു പ്രത്യേക പ്രകാശവും ഉൾക്കാഴ്ചയും നൽകി, അദ്ദേഹം എല്ലാവരേയും വിളിച്ചുകൂട്ടി പ്രഭാഷണം നടത്തി. (അവിടെ ഈ ആയത്തും ഓതി)വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ് ഖലത്ത് മിൻ ഖബ്ലിഹിർറുസുൽ(3:145) അതായത്, നബി(സ)തിരുമേനി ഒരു പ്രവാചകനാകുന്നു. നബി(സ)തിരുമേനിക്ക് മുമ്പേ വന്ന പ്രവാകന്മാരെല്ലാം വഫാത്തായി കഴിഞ്ഞിരിക്കുന്നു. അവിടന്ന് പറയുന്നു: 'നിങ്ങൾ ചിന്തിക്കുക. ആലോചിച്ച് പറയുക. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ), നബി(സ)തിരുമേനിയുടെ വഫാത്ത് വേളയിൽ എന്തിനാണ് ഈ ആയത്ത് പാരായണം ചെയ്തത്? ഇതുകൊണ്ട് അദ്ദേഹം എന്താണ് ഉദ്ദേശിച്ചത്? എന്തായിരുന്നു ആഗ്രഹിച്ചത്? മാത്രമല്ല അവിടെ എല്ലാ സ്വഹാബാക്കളും സന്നിഹിതരായിരുന്നുതാനും. ഞാൻ ഉറപ്പിച്ചു പറയുന്നു, നിങ്ങൾക്ക് ഇത് നിഷേധിക്കാൻ സാധ്യമല്ല. അതായത് നബി(സ)തിരുമേനിയുടെ വഫാത്തിൽ സ്വഹാബാക്കളുടെ ഹൃദയത്തിൽ കഠിനമായ വേദനയുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ മരണവാർത്ത കേൾക്കുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല. അത്തരം സന്ദർഭത്തിൽ ഹദ്റത്ത് ഉമർ(റ)നെപ്പോലുള്ള ഉന്നത സ്വഹാബിവര്യൻ വികാരാധീനനായിത്തിരുന്നു. ആ ഘട്ടത്തിൽ ഈ ആയത്ത് അദ്ദേഹത്തിന്റെ സമാധാനത്തിന് നിമിത്തമായില്ലെങ്കിൽ അദ്ദേഹത്തിന്റെ കോപം തണുക്കുമായിരുന്നില്ല. ഈസാ(അ) ജീവനോടെ ഉണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അദ്ദേഹം അവിടെ മൃതനാകുയിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയിൽ അനുരക്തനായിരുന്നു. നബി(സ)തിരുമേനിയുടെ ജീവിതമല്ലാതെ മറ്റാരുടേയും ജീവിതം അദ്ദേഹം അംഗീകരിക്കുമായിരുന്നില്ല. എന്നിരിക്കെ, തന്റെ കൺമുന്നിൽ നബി(സ)തിരുമേനിയെ മരിച്ചതായി കണ്ട അദ്ദേഹത്തിന്, ഈസാ നബി ജീവിച്ചിരിക്കുന്നതായി വിശ്വാസമുണ്ടായിരുന്നുവെന്നത് എങ്ങനെ അംഗീകരിക്കാനാണ്? അതായത്, ഹദ്റത്ത് അബൂബക്കർ(റ) പ്രഭാഷണം നടത്തിയപ്പോൾ അദ്ദേഹത്തിന്റെ വികാരാവേശം തണുക്കുകയുണ്ടായി. ആ സമയത്ത് സ്വഹാബാക്കൾ ഈ ആയത്ത് ഉരുവിട്ടുകൊണ്ട് നടന്നിരുന്നു. അന്ന് ആ ആയത്ത് ഇറങ്ങിയത് പോലെയാണ് അവർക്ക് അനുഭവപ്പെട്ടത്.

ഹസ്സാൻ ബിൻ ഥാബിത്ത്(റ) ആ അവസരത്തിൽ ഒരു വിലാപഗീതമെഴുതി. അതിൽ അദ്ദേഹം പറഞ്ഞു,

കുൻത സ്സവാദ ലിനാളിരീ ഫഅമീ അലയ്ക്കന്നാളിറൂ
മൻ ശാഅ ബഅദക്ക ഫൽയമുത്ത് ഫഅലയ്ക്ക
കുൻതു ഉഹാദിറു

*(കൺമണിയായിരുന്നല്ലൊ ഭവാനെന്റെ*
*കൺകളിന്നന്ധമായ് പോയല്ലോ;*
*ആരോ മരിച്ചോട്ടെയാരാകിലെന്തിനി*
*എൻപേടിയങ്ങയെതൊട്ടായിരുന്നു!)*

മേൽ ആയത്ത് എല്ലാവരും മരണപ്പെട്ടുവെന്ന് പ്രഖ്യാപിക്കുന്നു. അതുകൊണ്ട് ഹസ്സാൻ ബിൻ ഥാബിത്തും പറയുന്നു, ഇനി ആരുടെ മരണത്തേയും ഗൗനിക്കുന്നില്ല. തീർച്ചയായും അറിയുക, നബി(സ)തിരുമേനിക്കു മുമ്പിൽ മറ്റാരു ജീവിച്ചിരിക്കുന്നതും സ്വഹാബത്തിന് വളരെ അസ്വസ്ഥതയുണ്ടാക്കിയിരുന്നു. അത് അവർക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെ നബി(സ)തിരുമേനിയുടെ മരണത്തിൽ ലോകത്തുണ്ടായ ആദ്യത്തെ ഇജ്മാഅ്(അഭിപ്രായ ഐക്യം)ആയിരുന്നു ഇത്. ഇതിൽ ഹദ്റത്ത് മസീഹിന്റെ വഫാത്തിനെ പറ്റിയും പൂർണമായ നിലയിൽ തീരുമാനമായികഴിഞ്ഞിരുന്നു.

വീണ്ടും നബി(സ)തിരുമേനിയുടെ ഉന്നത സ്ഥാനമാഹാത്മ്യത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'സ്വന്തം വ്യക്തിത്വത്തിന്റേയും ഗുണങ്ങളുടേയും കർമങ്ങളുടേയും ജോലികളുടേയും തന്റെ ആത്മീയവും പരിശുദ്ധവുമായ ശക്തികളുടേയും ശക്തമായ നീരുറവയിൽനിന്ന് പരിപക്വമായ സമ്പൂർണതയുടേയും മാതൃക, വൈജ്ഞാനികവും കർമപരവും സത്യസന്ധതയും സാക്ഷ്യവും മുഖേന കാണിച്ച ഈ മനുഷ്യനാണ്, *'ഇൻസാനെ കാമിൽ'* അഥവാ സമ്പൂർണ മനുഷ്യൻ എന്ന് പറയപ്പെടുമാറായത്. ഒരു കാര്യവും വിട്ടുപോയിട്ടില്ല. വൈജ്ഞാനികവും കർമപരവും സത്യസന്ധതയുടെ നിലവാരങ്ങളിലും ഉറച്ച ചുവടുകളിലും ജ്ഞാനവിജ്ഞാനങ്ങളിലും മാതൃകയായപ്പോഴാണ് *'ഇൻസാനെ കാമിൽ'* (സമ്പൂർണ മനുഷ്യൻ) എന്ന് പറയപ്പെട്ടത്.'

വീണ്ടും പറയുന്നു:'ഏറ്റവുമധികം സമ്പൂർണനും സമ്പൂർണ പ്രവാചകനും സമ്പൂർണ അനുഗ്രഹവുമായ ആ മനുഷ്യൻ ആഗതനായപ്പോൾ ആത്മീയ ഉയർത്തേഴുന്നേൽപ്പും മഹ്ശറയും കാരണമായി ലോകത്ത് ആദ്യത്തെ ഖിയാമത്ത് വെളിപ്പെട്ടു. പൂർണമായും മൃതമായിരുന്ന ഒരു ലോകം ആ മഹാത്മാവ് ആഗതരായപ്പോൾ ജീവനുള്ളതായി മാറി. ആ പരിശുദ്ധ പ്രവാചകൻ, ഖാത്തമുൽ അമ്പിയായും ഖാത്തമുൽ അസ്ഫിയായും ഖാത്തമുൽമുർസലീനുമായ ജനാബ് മുഹമ്മദ് മുസ്തഫാ(സ) ആകുന്നു.

അല്ലയോ പ്രിയപ്പെട്ട നാഥാ! ലോകാരംഭം മുതൽ ഇന്നേവരെ വർഷിക്കാത്തത്രയും അനുഗ്രഹങ്ങളും ആശംസകളും നീ ഈ പ്രവാചകനുമേൽ വർഷിക്കേണമേ! ഈ മഹാനായ പ്രവാചകൻ വന്നില്ലായിരുന്നുവെങ്കിൽ യൂനുസ്, അയ്യൂബ്, ഈസബ്നുമർയം, മാലാക്കി, യഹ്‌യ, സക്കരിയ്യാ തുടങ്ങി ലോകത്ത് വന്ന ചെറിയ ചെറിയ പ്രവാചകന്മാർ, അവരെല്ലാവരും ദൈവസാമിപ്യമുള്ളവരും ശോഭയാർന്നവരും അല്ലാഹുവിന്റെ പ്രിയപ്പെട്ടവരുമാണെങ്കിൽപോലും അവരുടെ സത്യസാക്ഷ്യത്തിന് നമ്മുടെ പക്കൽ ഒരുവിധ തെളിവും ഉണ്ടാകുമായിരുന്നില്ല. ഇവരെല്ലാം ലോകത്ത് സത്യസന്ധരായി ഗണിക്കപ്പെടുന്നത് ഈ നബി(സ)തിരുമേനിയുടെ ഔദാര്യമാകുന്നു.

*അല്ലാഹുമ്മ സ്വല്ലി വസല്ലിം വ ബാരിക് അലയ്ഹി വ ആലിഹീ വ അസ്ഹാബിഹീ അജ്മയീൻ*

*വ ആഖിറു ദഅ്‌വാനാ അനിൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ*

(ഇത്മാമുൽ ഹുജ്ജ, റൂഹാനീ ഖസാഇൻ, വാള്യം 8, പേജ് 308)

അല്ലാഹു നമുക്ക് എപ്പോഴും നബി(സ)തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തിന്റെ യാഥാർഥ്യം മനസ്സിലാക്കിത്തന്നുകൊണ്ട് അങ്ങയുടെമേൽ സ്വലാത്ത് ചെല്ലാൻ തൗഫീഖ് നൽകുമാറാകട്ടെ. നമുക്ക് അല്ലാഹുവിന്റെ സവിധത്തിൽ നേരത്തേതിലും അധികം കുനിയുവാൻ കഴിയുമാറാകട്ടെ. ഈ മാർഗത്തിലൂടെ, നാം നമ്മുടെ കർമങ്ങൾ മുഖേന നബി(സ)തിരുമേനിയോടുള്ള സ്നേഹം സ്ഥാപിക്കുന്നവരാകുമാറാകട്ടെ. നമ്മുടെ ഹൃദയങ്ങളിൽ ഇക്കാര്യങ്ങൾ കുടിയിരുത്തുകയാണെങ്കിൽ എതിരാളികൾക്ക് മറുപടി നൽകാൻ നമുക്ക് കഴിയുന്നതായിരിക്കും. അതായത് നമ്മുടെ കർമങ്ങളുടെ അവസ്ഥ ഈ എതിരാളികൾക്ക് മറുപടി നൽകുന്നതായിരിക്കും. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

(വിവർത്തനം: എച്ച്.ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ

★★★★

## അല്ലാഹുവിന്റെ വചനം

***"ഥമൂദ്(സമുദായത്തി)ലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെ നാം നിയോഗിച്ചു. അദ്ദേഹം പറഞ്ഞു: 'എന്റെ ജനമേ! നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് മറ്റൊരു ആരാധ്യനുമില്ല. നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽനിന്ന് സ്പഷ്ടമായ തെളിവു വന്നു കഴിഞ്ഞിരിക്കുന്നു." (7:74)***

**ത്വാലിബെ ദുആ**
**P.Abdul Ameer Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 10 September 2020 Issue-37

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

*(2015-ലെ യൂറോപ്പ് പര്യടന റിപ്പോർട്ടിന്റെ തുർച്ചയ്ക്കായി 2018 സെപ്റ്റംബർ 27-ലെ ബദ്ർ ഉർദു പതിപ്പ് നോക്കുക. ഹുദൂറിന്റെ പുതിയ റിപ്പോർട്ട് ലഭ്യമായാൽ കഴിഞ്ഞ റിപ്പോർട്ട് മാറ്റിവച്ച് പുതിയ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതായിരിക്കും-പത്രാധിപർ)*

## ഒക്ടോബർ 12, 2015 തിങ്കളാഴ്ച

ബഹ്റി ഹമീദ സാഹിബ നല്കിയ ധാരാളം സ്ഥലങ്ങൾ പരിശോധിച്ചതിനുശേഷം രണ്ടു സ്ഥലത്തോടു കമ്മിറ്റി യോജിച്ചു. ഒരു സ്ഥലം ബ്രാബന്റ് (Brabant) പ്രദേശത്തായിരുന്നു. ഇതൊരു പുരാതന വൃദ്ധസദനമായിരുന്നു. മറ്റൊരു സ്ഥലം നൺസ്പീറ്റും. അംഗവൈകല്യം സംഭവിച്ച കുട്ടികളെ പഠിപ്പിക്കുന്ന ഒരു സ്കൂൾ എന്ന നിലയിൽ ഈ സ്ഥലം ഉപയോഗിച്ചു വന്നിരുന്നു. കമ്മിറ്റിയിലെ അധികപേരും വൃദ്ധസദനത്തിന്റെ സ്ഥലമാണ് ഇഷ്ടപ്പെട്ടത്. കാരണം അത് ഹോളണ്ടിന്റെ മധ്യമ പ്രദേശമായിരുന്നു. എന്നാൽ, എനിക്ക് നൺസ്പീറ്റ് പ്രദേശമാണ് കൂടുതൽ ഉചിതമായി തോന്നിയത്. അങ്ങനെ രണ്ടു സ്ഥലത്തേയും കുറിച്ചുള്ള സ്വതന്ത്രാഭിപ്രായം ഖലീഫത്തുൽ മസീഹിനെ അറിയിച്ചു. നൺസ്പീറ്റ് ഉയർന്ന പ്രദേശമായിരുന്നു. ഇതിലെ കെട്ടിടത്തിന്റെ ഒരു ഭാഗം ഒരു രാഷ്ട്രീയ പാർട്ടി ഉപയോഗിച്ചു വരികയായിരുന്നു. അതിന്റെ വാടക ഇനത്തിൽ ഒരു സമയംവരെ ജമാഅത്തിന് ഒരു നല്ല തുക ലഭിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, വൃദ്ധസദനം ഹോളണ്ടിന്റെ ഏകദേശം മധ്യസ്ഥലത്ത് കിടക്കുന്ന പ്രദേശമായിരുന്നു. പക്ഷേ, അവിടെ വെള്ളപ്പൊക്കത്തിന്റെ സാധ്യതയുണ്ടായിരുന്നു. ട്രാഫിക്കും കൂടുതലായിരുന്നു. അതു കാരണത്താൽ യാത്രയിൽ ധാരാളം സമയവും നഷ്ടപ്പെടുമായിരുന്നു.

ഇരു അഭിപ്രായങ്ങളിൽ ഹുദൂർ ഇഷ്ടപ്പെട്ടത് നൺസ്പീറ്റാണ്. 1985-ൽ ഹുദൂറിന്റെ ഹോളണ്ട് സന്ദർശന വേളയിൽ നൺസ്പീറ്റിലെ ബയ്ത്തുന്നൂറിന്റെ ഉദ്ഘാടന കർമം നിർവഹിക്കപ്പെട്ടു.

ഹോളണ്ട് മുബല്ലിഗ് ഹാമിദ് കരീം മഹ്മൂദ് സാഹിബ് പറഞ്ഞു: 1985-ൽ ഹുദൂർ അയ്യദഹുല്ലാഹ മിഷൻ ഹൗസിന്റെ ഉദ്ഘാടന കർമം നിർവഹിക്കാൻ എത്തിയിരുന്നു. ഈ കെട്ടിടങ്ങളെയെല്ലാം ഹുദൂറിന് പരിചയപ്പെടുത്താൻ എനിക്ക് ഭാഗ്യം ലഭിച്ചു. ആ ദിവസം ഹുദൂർ വളരെ സന്തോഷവാനായിരുന്നു. അല്ലാഹു ജമാഅത്തിനെ വളരെ വലുതും സുന്ദരവുമായ പ്രദേശത്ത് കേന്ദ്രം പണിയാൻ സഹായിച്ചു. ഈ മിഷൻ ഹൗസും ഈ പ്രദേശവും ഹുദൂർ വളരെ ഇഷ്ടപ്പെട്ടിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസും വിവിധ അവസരങ്ങളിൽ ഈ പ്രദേശത്തിന്റെ സൗന്ദര്യത്തെ കുറിച്ച് ഇഷ്ടം പ്രകടിപ്പിച്ചിട്ടുണ്ട്. ഹുദൂറിന്റെ ഇപ്പോഴത്തെ ഹോളണ്ട് സന്ദർശനവേളയിലെ 5 വ്യത്യസ്ത അവസരങ്ങളിൽ പത്രങ്ങളുടേയും റേഡിയോ ടീ വി ചാനലുകളുടേയും ജേർണലിസ്റ്റുമാർ ഹുദൂറുമായി ഇന്റർവ്യൂ നടത്തുകയും ഹുദൂറിന്റെ ഇവിടുത്തെ താമസത്തെ കുറിച്ച് ചോദിക്കുകയും ചെയ്തിരുന്നു. ഹുദൂർ ഈ വാക്കുകളിലാണ് അതിന് മറുപടി നല്കിയത്:

'ഇവിടെ നൺസ്പീറ്റിൽ ഞാൻ സുഖകരമായി താമസിച്ചുവരുന്നു. മുമ്പേയും പല പ്രാവശ്യം ഞാനിവിടെ വന്നിട്ടുണ്ട്. ഇവിടെ താമസിക്കാൻ ഞാനിഷ്ടപ്പെടുന്നു. വളരെ തുറന്നതും സമാധാനപൂർണവും സുന്ദരവുമായ പ്രദേശമാണിത്. എനിക്ക് മുമ്പേയുള്ള ഖലീഫയും ഈ സ്ഥലം ഇഷ്ടപ്പെട്ടിരുന്നു. ഇവിടുത്തെ തദ്ദേശവാസികളും വളരെ സ്നേഹിക്കുന്നവരാണ്. അതുകൊണ്ടും ഞാൻ ഈ സ്ഥലം ഇഷ്ടപ്പെടുന്നു.'

നൺസ്പീറ്റിൽ ഈ സ്ഥലം വാങ്ങുമ്പോൾ ഇവിടെ കേവലം ഒരു അഹ്മദി കുടുംബം മാത്രമേ താമസിച്ചിരുന്നുള്ളൂ. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തംഗങ്ങളുടെ എണ്ണം 150 കഴിഞ്ഞിട്ടുണ്ട്. ദിനേന ഈ എണ്ണത്തിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു. അൽഹംദുലില്ലാഹി അലാ ദാലിക്. (അവലംബം: ബദ്ർ ഉർദു പത്രം,2015 നവംബർ 26)

## 2015 ഒക്ടോബർ 13 ചൊവ്വാഴ്ച:

രാവിലെ 6.45-ന് ഹുദൂർ അൻവർ ബയ്ത്തുന്നൂറിൽ സുബ്ഹി നമസ്കരിപ്പിച്ചു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 7.45-ന് പുറത്തുവരികയും സൈക്കിൾ സവാരിക്ക് പുറപ്പെടുകയും ചെയ്തു. ഇന്നും 25നും 30നും ഇടയിൽ ഖുദ്ദാം ഹുദൂറിനെ സൈക്കിളിൽ അനുഗമിച്ചു. വനത്തിലെ വിവിധ വഴികളിലൂടെയും ട്രാക്കുകളിലൂടെയും സഞ്ചരിച്ച് തടാകത്തിലെത്തി. ഇവിടെ കുറച്ചു സമയം ഉലാത്തുകയും ചെയ്തു. ഹുദൂർ ഖുദ്ദാമുമായി സംസാരിച്ചു. കുറച്ചു സമയം ഇവിടെ തങ്ങിയതിനു ശേഷം 8.45-ന് സെന്ററിലേക്ക് മടങ്ങി.

12.30-ന് ഓഫീസിലെത്തിയ ഹുദൂർ തപാലുകൾ പരിശോധിച്ചു. ഇവയിൽ ഓഫീസ് സംബന്ധമായവയും റിപ്പോർട്ടുകളും ദുആക്കപേക്ഷകളും ഉണ്ടായിരുന്നു. ആവശ്യമായ നിർദ്ദേശങ്ങളും ഒപ്പം നല്കിക്കൊണ്ടിരുന്നു. 2 മണിക്ക് ബയ്ത്തുന്നൂറിൽ ളുഹ്ർ-അസ്ർ ജംആക്കി നമസ്കരിപ്പിച്ചു.

7.00 മണിക്ക് ഓഫീസിലെത്തിയ ഹുദൂർ അൻവറുമായി അഡീഷണൽ വക്കീലുൽ മാൽ ലണ്ടൻ, മുബാറക് അഹ്മദ് സഫ്ർ സാഹിബ് ഔദ്യോഗിക കൂടിക്കാഴ്ച നടത്തി. ഓഫീസ് സംബന്ധമായ ചില നിർദ്ദേശങ്ങൾ ഹുദൂർ നല്കി. ശേഷം ഹോളണ്ട് ജമാഅത്ത് അമീർ ഹിബത്തുന്നൂർ ഫർഖാൻ സാഹിബും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. വിവിധ കാര്യങ്ങളെ കുറിച്ച് അന്വേഷിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

ശേഷം നൺസ്പീറ്റ്-ഹോളണ്ട് മുബല്ലിഗ് സഫീർ അഹ്മദ് സിദ്ദീഖി സാഹിബിന്റെ താമസസ്ഥലം ഹുദൂർ സന്ദർശിച്ചു. ഇത് ബ്ലോക്ക്-എ യിലെ രണ്ടാം നിലയിലാണ്. 35 മിനിറ്റ് അവിടെ ചെലവഴിച്ചതിനു ശേഷം ഹുദൂർ ഓഫീസിലേക്ക് മടങ്ങി വന്നു. ഇവിടെ വീട്ടിൽവച്ച് ഹുദൂർ, മുബല്ലിഗിന് തബ്ലീഗ്-തർബിയ്യത്തുപരമായ കാര്യങ്ങളും പൊതുജനങ്ങളുമായും പ്രസ്, മീഡിയായുമായുമുള്ള ബന്ധങ്ങളേയും കുറിച്ച് സംസാരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

7.45-ന് വീണ്ടും ഓഫീസിലെത്തിയ ഹുദൂർ അഡീഷണൽ വക്കീലുത്തബ്ശീര് ലണ്ടൻ അബ്ദുൽ മജീദ് ത്വാഹിർ സാഹിബിനേയും അഡീഷണൽ വക്കീലുൽമാൽ ലണ്ടൻ മുബാറക് അഹ്മദ് സിദ്ദീഖി സാഹിബിനേയും വിളിപ്പിക്കുകയും വിവിധ കാര്യങ്ങളെ കുറിച്ച് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

8.00 മണിക്ക് ബയ്ത്തുന്നൂറിൽ മഗ്‌രിബ്- ഇശാഅ് ജംആക്കി നമസ്കരിപ്പിച്ച ശേഷം താമസസ്ഥലത്തേക്ക് മടങ്ങി.

## ബയ്ത്തുൽ മഹ്മൂദ് ആംസ്റ്റർഡാം.

ഹോളണ്ടിലെ 2 കേന്ദ്രങ്ങളായ മസ്ജിദ് മുബാറക് ഡെൻഹാഗ്(DEN HAAG), ബയ്ത്തുന്നൂർ നൺസ്പീറ്റ് (NUNSPEET)എന്നിവയെ കുറിച്ച് കഴിഞ്ഞ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. ഇവിടെ മൂന്നാമത്തെ കേന്ദ്രത്തെ കുറിച്ച് വിവരിക്കാം.

ജമാഅത്തിന്റെ ഈ മൂന്നാമത്തെ കേന്ദ്രം ആംസ്റ്റർഡാമിൽ സ്ഥിതി ചെയ്യുന്ന ബൈത്തുൽ മഹ്മൂദാണ്. ഇതിന്റെ ആകെ വിസ്തീർണം 10000 സ്ക്വയർ മീറ്ററാണ്. 2008-ൽ 9 ലക്ഷത്തി 80000 യൂറോയ്ക്കാണ് ഈ സ്ഥലം വാങ്ങിയത്. ഈ ഭൂഭാഗം ആംസ്റ്റർഡാം(Amsterdam) പട്ടണത്തിന്റെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. ഈ ഭൂഭാഗം ആംസ്റ്റർഡാമിൽനിന്ന് വൊളന്റം(Volendam) പട്ടണത്തിലേക്ക് പോകുന്ന റിംഗ്(Ring)-10 എന്ന മെയിൻ റോഡിൽ സ്ഥിതി ചെയ്യുന്നു. ഈ സ്ഥലത്ത് 3 ബെഡ് റൂമും ഒരു വിശാലമായ ഡ്രോയിംഗ് റൂമും കിച്ചനും ബാത്ത്റൂമും അടങ്ങിയ വിശാലമായ കെട്ടിടമാണ് പണി കഴിപ്പിച്ചിട്ടുള്ളത്. ഇതിന് പ്രത്യേകം പുല്ത്തകിടിയുമുണ്ട്. ഈ താമസസ്ഥലത്തിനോട് ചേർന്ന് ഒരു വിശാലമായ കെട്ടിടമുണ്ട്. ഇവിടെ പുരുഷന്മാർക്ക് നമസ്കരിക്കാനുള്ള സൗകര്യം ഒരുക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ ഒരു ഭാഗം ജമാഅത്തീ കിച്ചൺ എന്ന നിലയിലും ഉപയോഗിച്ചു വരുന്നുണ്ട്. കുറച്ച് അകലെയായി സ്ത്രീകൾക്കുള്ള നമസ്കാരസ്ഥലവും സജ്ജീകരിച്ചിരിക്കുന്നു. പ്രധാന ഗെയ്റ്റിലൂടെ അകത്തേക്ക് വരുമ്പോൾ ഇടതു ഭാഗത്ത് ഒരു ചെറിയ ഹാളുണ്ട്. ഇവിടെയാണ് ഓഫീസുകളുള്ളത്. ഈ ഭൂഭാഗത്തിന്റെ നാലു ഭാഗത്തും ഉയർന്നുയർന്ന് നില്ക്കുന്ന മരങ്ങളുണ്ട്. ഇങ്ങനെ പ്രകൃതിസിദ്ധമായിത്തന്നെ നാലു ഭിത്തികൾ ഉണ്ടായിരിക്കുകയാണ്. ഈ മരങ്ങൾക്ക് പുറത്ത് മൂന്ന് ഭാഗങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഒരു നദിയുടെ ഇടയിലായി ഈ ഭൂഭാഗം ചുറ്റപ്പെട്ടിരിക്കുന്നു. ഒരു ഭാഗത്ത് റോഡുണ്ട്. ഇവിടെ ആപ്പിൾ, പേരയ്ക്ക, അക്രോട്ടു തുടങ്ങിയ ധാരാളം മരങ്ങളുണ്ട്.

2008 ഒക്ടോബർ 13-ന് ഹുദൂർ ഹോളണ്ട് പര്യടനത്തിന്നിടയിൽ ഈ സെന്റർ കാണുന്നതിനു വേണ്ടി പോയിരുന്നു. ഇവിടെ ളുഹ്റും-അസ്റും ജംആക്കി നമസ്കരിപ്പിച്ചിരുന്നു. അതിനുശേഷം ഒരു മൾബറി ചെടിയും നട്ടിരുന്നു. ഇവിടെ ഗ്രീൻഹൗസ് ഉണ്ടാക്കാനും ഹുദൂർ നിർദേശിച്ചിരുന്നു.

ഇനി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹോളണ്ട് ജമാഅത്തിന്റെ നാലാമത്തെ കേന്ദ്രം അൽമേറാ പട്ടണത്തിൽ നിർമിക്കുന്നതാണ്. ഇൻശാ അല്ലാഹ് ഹുദൂർ അൻവർ തന്റെ പര്യടന വേളയിൽ 2015 ഒക്ടോബർ 07-ന് മസ്ജിദ് ബയ്ത്തുല് ആഫിയത്ത് മസ്ജിദിന് തറക്കല്ലിട്ടിരുന്നു. മസ്ജിദിനോടൊപ്പം ജമാഅത്ത് ഓഫീസുകളും താമസസൗകര്യങ്ങളും നിർമിക്കുന്നതാണ്. ഇൻശാഅല്ലാഹ്. (അടുത്ത ലക്കം ഹോളണ്ട് പത്രങ്ങളിൽ ജമാഅത്ത് വാർത്തകൾ)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

The Weekly BADR Qadian (Malayalam)
https://www.akhbarbadrqadian.in/

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin